www.malankaralibrary.com

# മലങ്കര നാദം

RHYTHM OF FAITH

2021 നവംബർ – ഡിസംബർ വാല്യം 5 ലക്കം 2



www.malankaralibrary.com

# ബത്തേരി രൂപതയുടെ പ്രാർത്ഥനാശംസകൾ



മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ

**അഭിവന്ദ്യ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ**

# Contents




6 സംഭാഷണവും സമ്പർക്കവും ഇനിയും വളരണം നമ്മുടെ കേരളത്തിൽ
അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവയുമായുള്ള അഭിമുഖം

4 വിശ്വാസം സ്നേഹം പ്രത്യാശ
ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ

16 മത സൗഹൃദത്തിന്റെ പത്തരമാറ്റ്
ഡോ. സിറിയക് തോമസ്

18 മതവിദ്വേഷമെന്ന രോഗബാധയെ പ്രതിരോധിക്കാം
കെ. ജയകുമാർ IAS

21 നീയും ഞാനും ഒന്നായ നമ്മളും എന്ന സമവാക്യം
മാർ അലക്സ് വടക്കുംതല

25 സാഹോദര്യവും സമാധാനവും ഇസ്ലാമിക വീക്ഷണത്തിൽ
പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ

27 യേശുവിന്റെ മതം
ഡോ. ജോർജ് ഓണക്കൂർ

29 മഗ്ദലനയുടെ സങ്കീർത്തനം
ജോയ് തമലം

30 മതസൗഹാർദത്തിന്റെ കാലിക പ്രസക്തി
സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

33 മതസമന്വയത്തിന്റെ സംസ്കാരം
ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ

36 മതവും വികസനവും
ഡോ. സി.വി. ആനന്ദ ബോസ് ഐ.എ.എസ്

39 മതം : ഇന്നലെ– ഇന്ന്–നാളെ
പി.എം. ബിനുകുമാർ

41 നമ്മളെന്നാൽ നമ്മളാകണം
രമേഷ് എഴുത്തച്ഛൻ

43 ക്രിസ്തു എല്ലാവർക്കും വേണ്ടി
ഫാ. ജി. കടൂപ്പാറയിൽ MCBS

46 ബെനഡിക്ക് മാർ ഗ്രീഗോറിയോസ് തിരുമേനി മതേതരത്വത്തിന്റെ മഹനീയ മാതൃക
ഡോ .കെ.വി. തോമസ്കുട്ടി

51 കരുണയുടെ മുഖം : ജേക്കബ് മാർ ബർണാബാസ് മെത്രാപ്പോലീത്ത
ഫാ. സാം പതാക്കൽ

56 ഉള്ളിലേക്കൊരു നിക്ഷേപം
ഡോ. ജോജു ജോൺ

58 പാചകവേദി
അന്നമ്മ അമ്മച്ചി

60 ഇന്ധന വിലവർദ്ധനവിനെതിരെ എങ്ങനെ പ്രതികരിക്കണം?
വിനോദ് നെല്ലയ്ക്കൽ

62 പ്രണയത്തിന് പകയുണ്ടോ, പ്രതികാരമുണ്ടോ?
പ്രിൻസ് എബ്രഹാം

65 "ഇടിക്കൂട്ടിലെ വിസ്മയം" ധ്യാൻചന്ദ് കെ.സി. ലേഖ
റവ. ഫാ. ഷീൻ പാലക്കുഴി



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത

**സഹരക്ഷാധികാരികൾ**
വന്ദ്യ മാത്യു അറമ്പൻകുടി കോർ എപ്പിസ്കോപ്പ
വെരി റവ. ഫാ. സെബാസ്റ്റ്യൻ കീപ്പള്ളിൽ

**ചീഫ് എഡിറ്റർ**
അഡ്വ. ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്
+91 9446293293
frphilipbty@gmail.com

**പത്രാധിപർ**
റവ. ഫാ. ജെയിംസ് മലേപ്പറമ്പിൽ

**സർക്കുലേഷൻ മാനേജർ**
റവ. ഫാ. ജോൺ വെളിയിൽ
+91 8129660071

**ഉപദേശകസമിതി**
ഡോ. ജോർജി കെ.ഇ.
ശ്രീ. സി.പി. തോമസ്
സി. ശുഭാ തെരേസ് ഡി.എം.
സി. പരിമള എസ്.ഐ.സി.
പ്രൊഫ. താരാ ജോൺസ്
ശ്രീ. ജോൺ മത്തായി കോലമല
ശ്രീ. ജോർജ് മാത്യു



**ഡിസൈനിംഗ് & പ്രിന്റിംഗ്**
സെന്റ് ജോസഫ്സ് പ്രസ്സ്
തിരുവനന്തപുരം 14

**വിലാസം**
മലങ്കരനാദം, ധർമ്മപീഠം
മലങ്കര കാത്തലിക്ക് ബിഷപ്സ് ഹൗസ്
സുൽത്താൻ ബത്തേരി പി.ഒ., വയനാട്
കേരള - 673 592
ഫോൺ - 9446293293

www.malankaralibrary.com



# എഡിറ്റോറിയൽ



# “ഞങ്ങൾ തമ്മിൽ അങ്ങനൊരു വേർതിരിവില്ല മാഷേ!”

**മലങ്കരനാദം വായനക്കാർക്ക് സ്നേഹാശംസകൾ**

**ലോ**കത്തിന് മതമൈത്രിയുടെ വലിയ മാതൃക കാട്ടിയ ഒരു കൊച്ചുനാടാണ് നമ്മുടെ കേരളം. എല്ലാ മതങ്ങളിലും വിശ്വാസങ്ങളിലും ഉള്ള ആളുകൾ ദീർഘകാലമായി സമാധാനത്തോടെ സന്തോഷത്തോടെ വസിക്കുന്ന നാട്; അതിശയത്തോടെ ഈ നാടിനെ വീക്ഷിച്ചവർ “ദൈവത്തിന്റെ നാട്” എന്ന് ഇതിനെ വിശേഷിപ്പിച്ചു. ഹൈന്ദവനെന്നും, ക്രിസ്ത്യനെന്നും ഇസ്ലാമെന്നും വ്യത്യാസമില്ലാതെ പരസ്പര സ്നേഹവും കരുതലും ബഹുമാനവും പങ്കുവച്ച് ദൈവസ്നേഹത്തിന്റെ വലിയ മാതൃക കാട്ടിയ ഈ നാട്ടിൽ ജനിക്കുവാൻ സാധിച്ചു എന്നുള്ളത് നമ്മുടെ ഭാഗ്യമാണ് എന്നു പറയാതെ വയ്യ.

നിർഭാഗ്യവശാൽ പാരമ്പര്യമായി സമാധാനപ്രിയനായ ഈ നാട് ചിലപ്പോഴൊക്കെ വർഗ്ഗീയ പ്രശ്നങ്ങളാൽ പീഡിപ്പിക്കപ്പെടുന്നു എന്നുള്ളത് വേദനാജനകമാണ്. മതമൗലികവാദത്തിന്റെ ഭയാനകമായ വളർച്ച നമ്മുടെ നാടിന്റെ ഐക്യത്തേയും സമഗ്രതയേയും സമാധാന അന്തരീക്ഷത്തേയും കളങ്കപ്പെടുത്തുമെന്നും നാടിന്റെ വികസനത്തിന് അത് വിഘാതം സൃഷ്ടിക്കുമെന്നും സംശയമില്ലാത്ത വസ്തുതയാണ്.

ആദ്യമായി ക്ലാസിൽ വന്ന അദ്ധ്യാപകനെ കുട്ടികൾ ആദരവോടെ സ്വീകരിച്ചു. ക്ലാസ് ആരംഭിക്കുന്നതിന് മുൻപ് അദ്ധ്യാപകൻ കുട്ടികളോടായി ചോദിച്ചു. ‘ഈ ക്ലാസിലെ മുസ്ലീം കുട്ടികൾ ആരൊക്കെയാണ്, എഴുന്നേറ്റ് നിൽക്കുകയെന്ന്’. ചോദ്യത്തിന്റെ ധ്വനി മനസ്സിലാവാതെ കുട്ടികൾ പരസ്പരം നോക്കി. സംശയത്തോടെയാണെങ്കിലും അവിടെയുണ്ടായിരുന്ന ഖാദറും, നൗഫലും, റഷീദും, ഹയറുന്നിസയും ഒക്കെ എഴുന്നേറ്റുനിന്നു, കൂടെ അവരുടെ ഉറ്റ ചങ്ങാതിയായ ബാലനും.

അദ്ധ്യാപകൻ ബാലനോട് പറഞ്ഞു, "നീ ഹിന്ദുവല്ലേ, നീ എന്തിനാണ് മുസ്ലീങ്ങളുടെ കൂടെ എഴുന്നേറ്റ് നിൽക്കുന്നത്, നീ അവിടെയിരിക്ക്". ബാലൻ ശബ്ദം താഴ്ത്തിപ്പറഞ്ഞു; "ഞങ്ങൾ തമ്മിൽ അങ്ങനൊരു വേർതിരിവില്ല മാഷേ". അദ്ധ്യാപകൻ വീണ്ടും ചോദിച്ചു, "ഈ ക്ലാസിലെ ക്രിസ്ത്യൻ കുട്ടികളൊക്കെ ആരൊക്കെയാണ്, എഴുന്നേറ്റ് നിൽക്കുക". അവിടെയുണ്ടായിരുന്ന ജിമ്മിയും, വർഗീസും, മത്തായിയും, അന്നമ്മയും, ത്രേസ്യാമ്മയും ഒക്കെ എഴുന്നേറ്റു നിന്നു; കൂടെ അവരുടെ ഉറ്റ ചങ്ങാതിയായ ബാലനും. രണ്ടാം വട്ടവും അനുസരണക്കേട് കാട്ടിയ ബാലനോട് അദ്ധ്യാപകൻ അരിശപ്പെട്ട് പറഞ്ഞു, "നീ ഹിന്ദുവല്ലേ, നീ എന്തിനാണ് ക്രിസ്ത്യാനികളുടെ കൂടെ എഴുന്നേറ്റ് നിൽക്കുന്നത്, നീ അവിടെയിരിക്ക്". ബാലൻ ബാലൻ അല്പം ഭയത്തോടെ പറഞ്ഞു, "മാഷേ, ഞങ്ങൾ തമ്മിൽ അങ്ങനൊരു വേർതിരിവില്ല". മൂന്നാമതായി അദ്ധ്യാപകൻ ചോദിച്ചു, "ഈ ക്ലാസിലെ ഹിന്ദു കുട്ടികൾ ആരൊക്കെയാണ് എഴുന്നേറ്റ് നിൽക്കുക?" അവിടെയുണ്ടായിരുന്ന ലക്ഷ്മണനും, ശശിയും, ഗോപനും, രാധയും, കവിതയും ഒക്കെ എഴുന്നേറ്റു നിന്നു. കഴിഞ്ഞ രണ്ട് വട്ടവും അദ്ധ്യാപകന്റെ ശകാരം കേട്ട ബാലൻ ഈ വട്ടം എഴുന്നേറ്റ് നിന്നില്ല. കലിപൂണ്ട്, അദ്ധ്യാപകൻ ഉച്ചത്തിൽ ബാലനോട് അലറി "എടാ കഴുതേ, നീ ഹിന്ദുവല്ലേ... എഴുന്നേറ്റ് നിൽക്കെടാ". സങ്കടം സഹിക്കവയ്യാതെ ബാലൻ വിതുമ്പി കരഞ്ഞുകൊണ്ട് എഴുന്നേറ്റു നിന്നു. ബാലൻ കരഞ്ഞുകൊണ്ട് പറയുന്നുണ്ടായിരുന്നു, "ഞങ്ങൾ തമ്മിൽ അങ്ങനൊരു വേർതിരിവില്ല മാഷേ". ഉള്ളിൽ സ്നേഹം മാത്രം നിറച്ച് വിഭാഗിയതയുടെ വാക്കുകളെ പൊളിച്ചെഴുതുന്ന ബാലനെപ്പോലുള്ള കുരുന്നുകൾ ഈ നാടിന് അനുഗ്രഹമാണ്. കഴുതകളാക്കുന്നവർ ആരായാലും അവർ നമ്മുടെ സമൂഹത്തിന് ആപത്താണെന്ന കാര്യത്തിൽ സംശയമില്ല.

മരം മുറിക്കുവാനായി എന്റെ ദേവാലയത്തിൽ വന്ന ബത്തേരി കൊളഗപ്പാറക്കാരനായ ശിവൻ ചേട്ടനോട് അൽപ്പം സൗഹൃദം പങ്കിടാൻ അവസരം കിട്ടിയപ്പോൾ സന്തോഷത്തോടെ ആ മനുഷ്യൻ എന്നോടായി പറഞ്ഞു, "അച്ചോ എനിക്ക് എല്ലാ മതങ്ങളും ഒന്നാണ്. അതിനാൽ അച്ചന്റെ പള്ളിയുടെ മുൻപിലും, അപ്പുറത്തെ മോസ്കിന്റെ മുൻപിലും, അമ്പലത്തിന്റെ മുൻപിലും ഞാൻ ഒരുപോലെ വണങ്ങും. എന്നെ ഓരോ ദിവസവും വീഴാതെ നടത്തുന്നത് ഇവിടങ്ങളിൽ വസിക്കുന്ന ദൈവമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു". വ്യത്യസ്ത മേഖലകളിൽ ഉന്നതവിദ്യാഭ്യാസവും, എടുത്താൽ പൊങ്ങാത്ത ഡിഗ്രികളും സമ്പാദിക്കുവാൻ നെട്ടോട്ടമോടുന്ന നമുക്ക് മാനുഷികതയിലും, ദൈവികതയിലും സൗഹാർദ്ദത്തിലും ബാലനെപ്പോലെയും ശിവൻചേട്ടനെപ്പോലെയും വിദ്യ അഭ്യസിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ വിഘടിത ചിന്തകളോ, സ്വാർത്ഥതാല്പര്യങ്ങളോ നമ്മിൽ ഉടലെടുക്കുകയില്ലായിരുന്നു.

നമ്മുടെ മനസിൽ നിന്നും ചീറ്റേണ്ടത് വിഷമല്ല. സ്നേഹത്തിന്റെ ഇളം തെന്നലാണ്. വ്യത്യസ്ത മതത്തിൽപ്പെട്ട രണ്ടു പേർക്കിടയിൽ വിഭാഗീയതയുടെ മതിലുയരുമ്പോൾ അവിടെ സ്നേഹദൂതുമായി ചെല്ലുന്നവനാണ് യഥാർത്ഥ മനുഷ്യസ്നേഹി. മനുഷ്യ സ്നേഹത്തിന്റെ ഉദാത്ത ഭാവങ്ങൾക്ക് നേരെ മഴുവോങ്ങാൻ വരുന്നവർ തീർച്ചയായും സമൂഹത്തിന് ഭാരം തന്നെയാണ്. ദൈവസ്നേഹത്താൽ നയിക്കപ്പെടുന്നവർ ബാലന്മാരാവണം. ഒരിക്കലും അദ്ധ്യാപകനായി മാറരുത്. ചില ആനുകാലിക സംഭവങ്ങൾ ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

അഡ്വ. ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്
ചീഫ് എഡിറ്റർ, 9446 293 293

www.malankaralibrary.com





# വിശ്വാസം സ്നേഹം പ്രത്യാശ

സാർവ്വത്രിക സ്നേഹത്തിന്റെ സന്ദേശമാണ് യേശു ലോകത്തിന് നല്കിയത്. ആ സന്ദേശം സ്വീകരിച്ചവരുണ്ട്; തിരസ്ക്കരിച്ചവരുണ്ട്. സ്വീകരിച്ചവരെ ക്രിസ്ത്യാനികൾ എന്ന് വിളിച്ചു. അവർ സ്നേഹദർശനം ജീവിതത്തിൽ പകർത്തി ജീവിച്ചു; നല്ല സാക്ഷ്യം നല്കി. ആദ്യകാലത്ത് ക്രൈസ്തവരെ തിരിച്ചറിഞ്ഞിരുന്നത് അവരുടെ സ്നേഹം, കൂട്ടായ്മ, പ്രത്യാശ എന്നിവകൊണ്ടാണ്. ഈ സാക്ഷ്യം അനേകർ ക്രിസ്തുമതം സ്വീകരിക്കാൻ ഇടയാക്കി. ഈ സ്നേഹത്തിന്റെ രണ്ട് പ്രത്യേകതകൾ ഒരാൾ, പാലിക്കണമെന്ന് യേശു പഠിപ്പിച്ചു. അത് പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക. തന്നെപ്പോലെ തന്നെ അയൽക്കാരനെ സ്നേഹിക്കുക എന്നുള്ളതാണ്.

ക്രിസ്തുദർശനത്തിന്റ അടിസ്ഥാനശിലയായ സ്നേഹത്തിന്റെ പ്രത്യേകതകൾ അപ്പസ്തോലനായ പൗലോസ് കൊരിന്ത്യൻ സഭയ്ക്ക് വിവരിച്ചുകൊടുക്കുന്നുണ്ട്. "ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷയിൽ സംസാരിച്ചാലും എന്നിൽ സ്നേഹം ഇല്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ, ചിലമ്പുന്ന കൈത്താളമോ ആണ്. എനിക്ക് പ്രവചനവരം ഉണ്ടായിരിക്കുകയും, സകലരഹസ്യങ്ങളുടെ സകല വിജ്ഞാനവും, മലകളെ മാറ്റാൻ തക്ക വിശ്വാസവും എനിക്കുണ്ടായാലും, സ്നേഹം ഇല്ലെങ്കിൽ ഞാൻ ഒന്നുമല്ല. സ്നേഹം ദീർഘക്ഷമയുള്ളതും ദയ ഉള്ളതുമാണ്. അത് അസൂയപ്പെടുന്നില്ല; അഹങ്കരിക്കുന്നില്ല; അനുചിതമായി പെരുമാറുന്നില്ല; സ്വാർത്ഥം അന്വേഷിക്കുന്നില്ല; കോപിക്കുന്നില്ല; വിദ്വേഷം പുലർത്തുന്നില്ല; സ്നേഹം അനീതിയിൽ സന്തോഷിക്കുന്നില്ല; സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു; വിശ്വസിക്കുന്നു; പ്രത്യാശിക്കുന്നു; സകലത്തേയും അതിജീവിക്കുന്നു. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു; എന്നാൽ സ്നേഹമാണ് സൽവോത്ക്യഷ്ടം" (1 കൊറി 13). ഈ സ്നേഹസന്ദേശം ജീവിച്ചവരാണ് വിശുദ്ധരും

www.malankaralibrary.com

രക്തസാക്ഷികളും. ആദ്യത്തെ മൂന്ന് നൂറ്റാണ്ടുകൾ ക്രൈസ്തവർ അതികഠിനമായി പീഡിപ്പിക്കപ്പെട്ട സമയമായിരുന്നു. ഡയോക്ലീഷ്യസ്, നീറോ, ഡൊമിഷ്യൻ എന്നീ റോമൻ ചക്രവർത്തിമാർ, ക്രിസ്താനികളെ ഞങ്ങളുടെ രാജ്യത്ത് കാണാൻ പാടില്ല എന്ന് നീട്ടൂരമെഴുതി കഠിനമായ പീഡനമുറകൾ ഒരുക്കിയവരാണ്. ക്രിസ്ത്യാനിയെ കണ്ടാൽ തെരുവ് നായ്ക്കളെപ്പോലെ അടിച്ചുകൊല്ലുന്ന സമ്പ്രദായം; അവരെ തിളയ്ക്കുന്ന എണ്ണയിൽ ജീവനോടെ പൊരിച്ചെടുക്കുന്ന പീഡനങ്ങൾ; തീപ്പന്തമായി ജീവനോടെ തെരുവിൽ കത്തിച്ചുനിർത്തുന്ന ക്രൂരതകൾ; വിശക്കുന്ന മൃഗങ്ങൾക്കുമുമ്പിൽ വലിച്ചെറിയപ്പെട്ട് മരിക്കുന്ന സാഹചര്യം; എല്ലാവിധ തിന്മകളും കുറ്റങ്ങളും അവരുടെമേൽ ചുമത്തി പരസ്യമായി ശിരസ്സ് ഛേദിക്കുന്ന സമ്പ്രദായം. ഇങ്ങനെ ക്രൂരന്മാരായ ചക്രവർത്തിമാരുടെ പീഢനങ്ങളെ അതിജീവിച്ചു വളർന്ന രക്തസാക്ഷികളുടെയും വിശുദ്ധരുടെയും ചരിത്രമുള്ള സഭയായിരുന്നു അന്നുണ്ടായിരുന്നത്. അന്ന് സഭയ്ക്ക് ക്രൂരമായ പീഢനങ്ങൾ ഉണ്ടായപ്പോൾ ഒരേമനസ്സോടും, ഒരേ ഹൃദയത്തോടും കൂടി പ്രാർത്ഥിച്ച്, ആത്മാവിന്റെ നിറവിൽ പീഢനങ്ങളെ അതിജീവിച്ചു. പ്രതിസന്ധികളെയും, വെല്ലുവിളികളെയും, പീഢനങ്ങളെയും നാം നേരിടേണ്ടത് ഉലയാത്ത വിശ്വാസം കൊണ്ടും, അടിയുറച്ച ദൈവസ്നേഹം കൊണ്ടും, ആത്മാവിന്റെ നിറവുകൊണ്ടുമാണ്.

ഇന്ന് സഭയ്ക്കുള്ള പ്രതിസന്ധികൾ സഭയ്ക്ക് ഉള്ളിൽ നിന്നാണ് വരുന്നത്. സഭയിൽ ഭൗതീക അധികാരതാല്പര്യങ്ങൾ വർദ്ധിച്ചു. ആത്മീയതയുടെ ശക്തി കുറഞ്ഞു. ആത്മാവിന്റെ നിറവുള്ള വിശ്വാസ സാക്ഷ്യത്തിനുപകരം, സംഘടിത വിലപേശൽ ശക്തിയായി മാറി. സഭ ഇന്ന് ആരെയൊക്കെയോ, എന്തിനെ ഒക്കെയോ ഭയക്കുകയും, അനാവശ്യമായി അസ്വസ്ഥപ്പെടുകയും ചെയ്യുന്നു, അതിനുകാരണം സ്നേഹവും കരുണയും പ്രത്യാശയും നിറഞ്ഞു നിന്ന സഭയിൽ, സ്വാർത്ഥതയും, ഭൗതീകതയും, അധികാരമോഹവും പിടിമുറുക്കി എന്നതാണ്. സമൂഹത്തിൽ നടക്കുന്ന എല്ലാ ദുഷിപ്പുകളും സഭയ്ക്കുള്ളിൽ പ്രത്യക്ഷമായോ, പരോക്ഷമായോ കയറിപ്പറ്റിയിരിക്കുന്നു. ഭൗതീക അധികാരനേട്ടത്തിനായി മതവും രാഷ്ട്രീയവും തമ്മിൽ നടത്തുന്ന രഹസ്യബന്ധങ്ങളിൽ നിന്നാണ് വർഗ്ഗീയതയും ഭീകരതയും കടന്നുവരുന്നത്. നമ്മുടേത് ഒരു കോമാളിയുഗമായി മാറിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ രംഗത്തും, മതരംഗത്തും, സാമൂഹികരംഗത്തും, അക്കാദമിക് രംഗത്തും, മാധ്യമ പ്രവർത്തനരംഗത്തും, ട്രേഡ് യൂണിയൻ രംഗത്തും, ഒരിക്കലും ഉണക്കാൻ പറ്റാത്ത തരത്തിലുള്ള മൂല്യച്യുതിയുടെ ബീഭത്സമായ മുറിവുകൾ തുറന്നുകിടക്കുന്നു. ഏഥൻസ് ദുഷിച്ചിരുന്നപ്പോഴും സോക്രട്ടീസ് ദുഷിച്ചിരുന്നില്ല. യഹൂദജനത തിന്മയിലേക്ക് കൂപ്പുകുത്തിയപ്പോഴും "യേശു" അതിനെതിരേ പോരാടി. തിന്മയുടെ കേതാരമായിരുന്ന ആഴ്സിൽ 'ജോൺ വിയാനി' സ്നേഹത്തിന്റെയും കരുണയുടെയും കരുതലിന്റെയും തിരിനാളം ഉയർത്തിപ്പിടിച്ചു. ആനുകാലിക സമൂഹത്തിലെ തിന്മകളെ, വർഗ്ഗീയതയെ, തീവ്രവാദത്തെ നേരിടണമെങ്കിൽ സഭ വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും പ്രത്യാശയുടെയും സാക്ഷ്യത്തിലേക്ക് പിൻതിരിയണം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

+ Mar Thomas

ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ
(രൂപതാദ്ധ്യക്ഷൻ)



www.malankaralibrary.com





# സംഭാഷണവും സമ്പർക്കവും ഇനിയും വളരണം നമ്മുടെ കേരളത്തിൽ

**(അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവയുമായുള്ള അഭിമുഖം)**

- **വർത്തമാന കേരളത്തിൽ സമാധാനവും ശാന്തിയും പുലരുവാൻ നാം എന്തൊക്കെ ശ്രദ്ധിക്കണം?**

വിവിധ മതങ്ങളിലും വിശ്വാസ പാരമ്പര്യങ്ങളിലും മനുഷ്യസമൂഹത്തിന്റെ വിവിധ ശ്രേണികളിലും ജാതി സമ്പ്രദായത്തിലുമൊക്കെ ജീവിക്കുന്ന ഒരു ജനതതി നാനാത്വത്തിൽ ഏകത്വം എന്ന ഭാരതീയ ദർശനത്തെ പശ്ചാത്തലമാക്കി ജീവിക്കുന്ന സമൂഹമാണ്. വർത്തമാനകാല കേരളത്തിൽ സമാശ്ലേഷണത്തിന്റെ, പാരസ്പര്യത്തിന്റെ ബന്ധത്തിലുണ്ടായിരിക്കുന്ന വിള്ളലുകൾ നാം ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതാണ്.

www.malankaralibrary.com

നിരീക്ഷണം ഒരു പുന:സമർപ്പണത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കണം. നിരീക്ഷണം നമ്മെ പരിവർത്തനത്തിലേക്ക് കൊണ്ടുവരണം. കേരളത്തെ സംബന്ധിച്ച് എല്ലാവരും ഒരുമിച്ച് ജീവിക്കുന്ന ഒരു സാഹോദര്യ ലോകദർശനത്തിൽ പരസ്പര വിശ്വാസം, സ്നേഹം, ധാരണ, കരുതൽ, നാം ഒരു ജനതതിയാണെന്നും ഒരു ദേശത്തിന്റെ പുരോഗതിക്കായ് ഒരുമിച്ച് ബന്ധപ്പെടേണ്ടവരും ത്യാഗം ചെയ്യേണ്ടവരുമാണെന്നുമുള്ള ഉറച്ച ബോധ്യം ഇവയൊക്കെ നാം സ്വീകരിക്കുകയും പ്രവർത്തിപഥത്തിൽ അത് എത്തിക്കുകയും വേണം. വർത്തമാനകാല കേരളത്തിൽ ഈ സമാധാനവും ശാന്തിയും ഫലപ്രദമായി പുലരുന്നതിന് നമ്മുടെ അടിസ്ഥാനപരമായ സമീപനം, പരസ്പരവിശ്വാസവും സ്നേഹവും എന്നതായിരിക്കണം. അതിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള സമൂഹ രൂപാന്തരീകരണം, അതാണ് അനിവാര്യമായിരിക്കുന്നത്.

- **കോവിഡ് മഹാമാരിമൂലം ഉണ്ടായ പ്രതിസന്ധികളും വെല്ലുവിളികളും സമൂഹത്തിന്റെ സമാധാന അന്തരീക്ഷത്തെ കലുഷിതമാക്കിയിട്ടുണ്ടോ?**

കോവിഡ് മഹാമാരി നാം മുൻകൂട്ടി കണ്ടിട്ടില്ലാത്ത ദുരന്തമാണ് നമുക്ക് സമ്മാനിച്ചത്. നമുക്ക് ചിന്തിക്കാവുന്നതിലപ്പുറത്തുള്ള ഒരു അവസ്ഥയിലേക്ക് ഈ രോഗം കൊണ്ടുപോയി എന്നുള്ളത് വാസ്തവമാണ്. ഏത് പ്രതിസന്ധി വന്നാലും മനുഷ്യർ കണ്ടുമുട്ടുകയും അവരുടെ വികാരം പങ്കുവയ്ക്കുകയും ആശ്വസിപ്പിക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ അതിന് മാറ്റവും കൂടുതൽ ഹൃദ്യതയും വരും. എന്നാൽ ഇപ്പോൾ സംഭവിച്ചത് ഇത്തരത്തിലുള്ള കൂടിവരവുകൾ എല്ലാം ഒഴിവാക്കേണ്ട സാഹചര്യം കടന്നുവന്നു എന്നുള്ളതാണ്. ചിരിക്കുകയാണോ? കരയുകയാണോ? എന്നറിയാൻപോലും സാധിക്കാത്തതുപോലെ മുഖാവരണം കൊണ്ട് മറച്ചിരിക്കുകയാണ്. ഇതൊരു വലിയ പ്രതിസന്ധിയാണ്.
അതിൽനിന്ന് പൂർണ്ണമായി നാം വിമുക്തി നേടിയിട്ടില്ല. സമാധാന അന്തരീക്ഷം എന്നതിനപ്പുറത്ത് മനുഷ്യന്റെ സന്തുലിതാവസ്ഥയ്ക്ക് വ്യത്യാസം
വന്നിട്ടുണ്ട്. പഠിക്കുന്ന കുട്ടികൾക്ക് ക്ലാസിൽ പോകാൻ സാധിക്കുന്നില്ല എന്ന അവസ്ഥ. ദൈവാലയങ്ങളിൽ പ്രാർത്ഥനയ്ക്ക് പോയിരുന്ന ജനം നിയന്ത്രണ വിധേയരായി. വളരെ പരിമിതമായ ആളുകൾക്ക് മാത്രമെ ദൈവാലയത്തിലേക്ക് കടന്നുവരാവൂ എന്ന അവസ്ഥയിലേക്കെ ത്തി. ഉള്ളുതുറന്ന് സംസാരിക്കാൻ, അടുത്തിരിക്കാൻ, ആശ്വസിപ്പിക്കാൻ, തലോടാൻ ഒക്കെ കഴിയുമായിരുന്ന നിമിഷങ്ങളിൽ ഒരു അകലം നിർബന്ധമായി പാലിക്കേണ്ട അവസ്ഥ സൃഷ്ടിച്ച വിടവ് ഭയപ്പെടുത്തുന്നതാണ്. ഇതിന്റെയെല്ലാം ആകെയുള്ള ഫലം സമാധാന അന്തരീക്ഷം നഷ്ടമായതാണെങ്കിൽ ആ അർത്ഥത്തിൽ ശരിയാണ്. കോവിഡ് ഒരു രോഗം എന്നതിനേക്കാൾ ഒരവസ്ഥ എന്നതിലേക്ക് വന്നു. നാം അശക്തരാണ് എന്നു തിരിച്ചറിയാൻ സാധിച്ചു. നാം ദൈവത്തേക്കാൾ വലിയവരാണെന്ന് കരുതിയപ്പോൾ, കോവിഡ് നമ്മൾ ഒന്നുമല്ല എന്നുള്ള തിരിച്ചറിവ് നല്കി. നമ്മുടെ സർവ്വ സ്വാതന്ത്ര്യമാണ് അറസ്റ്റ് ചെയ്യപ്പെട്ടത്. തന്മൂലം ഇടപെടലുകളും, സംഭാഷണങ്ങളും, സാമീപ്യവും കുറഞ്ഞു. ഇവയൊക്കെ മനസിന്റെ സന്തുലിതാവസ്ഥയെ കാര്യമായി ബാധിച്ചുവെന്നത് സത്യമാണ്. അതിൻപ്രകാരം സമൂഹത്തെയും അത് ബാധിച്ചു എന്ന് തിരിച്ചറിയാൻ നമുക്ക് കഴിയണം.

- **ആധുനിക സമൂഹത്തിൽ മനുഷ്യർ തമ്മിലുള്ള പരസ്പര വിശ്വാസത്തിന് വിള്ളൽ വീണിട്ടുണ്ടോ?**

മനുഷ്യർ തമ്മിലുള്ള പരസ്പരവിശ്വാസത്തിലാണ് നമുക്ക് ഏറ്റവും വലിയ അപചയം സംഭവിച്ചിട്ടുള്ളത്. ഒരു കൊച്ചുകുടുംബത്തിൽ ഭാര്യയും ഭർത്താവും തമ്മിൽ ഉണ്ടായിരുന്ന ബന്ധം; അല്ലെങ്കിൽ ഉണ്ടായിരിക്കേണ്ട ബന്ധം, സംശയങ്ങൾ മുളയെടുത്തപ്പോൾ വ്യക്തികളിൽനിന്ന് കുടുംബങ്ങളിലേക്കും മക്കളിലേക്കും ആ സംശയം വ്യാപിച്ച് അടുത്ത കുടുംബങ്ങളിലേക്കും ഇടവക സമൂഹത്തിലും, ദൈവാലയങ്ങളിലും, സഭയിലും, ശുശ്രൂഷകളിലും, ശുശ്രൂഷകരിലും, എല്ലാവരിലും പരസ്പരധാരണയ്ക്ക് പകരം പരസ്പര സംശയം വളർത്തി. ഉദ്ദേശ്യശുദ്ധിയെ മനസ്സിലാക്കാതെയുള്ള പ്രവൃത്തിയെന്നാണ് ഞാനിതിനെ മനസ്സിലാക്കുന്നത്. ഉദ്ദേശശുദ്ധി മനസ്സിലാക്കാതെ പ്രവൃത്തിക്കുമ്പോൾ നമ്മൾ ഒരാളോട് ചെയ്യുന്നത് കടുത്ത അപരാധമാണ്. നമ്മൾ നടന്ന് വന്നപ്പോൾ, കയറിച്ചെന്നപ്പോൾ ആ വ്യക്തി എഴുന്നേറ്റില്ല, നമുക്ക് വലിയ ദേഷ്യവും നീരസവും. അതൊരു വെറുപ്പായി മാറുന്നു. ദിവസങ്ങൾ കഴിഞ്ഞ് അന്വേഷിക്കുമ്പോഴാണ് അതിന്റെ കാരണം മനസിലാകുന്നത്. രണ്ടു കാലിനും സ്വാധീനമില്ലാത്ത ഒരു മനുഷ്യനെ കസേരയിൽ ഇരുത്തിയിട്ട് കൂട്ടുകാർ പോയതാണ്. അവന് എഴുന്നേറ്റുനിന്ന് ആദരിക്കാനൊന്നും സാധിക്കില്ല. ഈ ഉദാഹരണം നിസ്സാരമായി തോന്നിയേക്കാം. പക്ഷേ എത്രയോ ഉദാഹരണങ്ങൾ ഇതുപോലെ ജീവിതത്തെ മാറ്റിമറിച്ചിട്ടുണ്ട്. പരസ്പര വിശ്വാസം നഷ്ടപ്പെട്ടുപോകുന്ന അവസ്ഥയിലാണ് കലാപങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. സംഘർഷങ്ങൾ വർദ്ധിക്കുന്നത് മനസിൽ നിന്നാണ്. സംഘർഷം പരിഹരിക്കുന്നതും രാജ്യത്തിന്റെ അതിർത്തിയിലെ ആയുധപ്പുരയിൽ നിന്നല്ല, മറിച്ച് ഹൃദയത്തിൽ

www.malankaralibrary.com



നിന്നാണ്. സംഘർഷം തുടങ്ങുന്നതും അവസാനിക്കുന്നതും ഒരു സ്ഥലത്തുനിന്നാണ്. ഹൃദയത്തിന്റെ ശുദ്ധതയെ നമുക്ക് മനസിലാക്കാൻ ത്രാണിയുണ്ടാകണം. അവിടെ സംശയം ഉണ്ടാകുമ്പോൾ അതിനെ മാറ്റിയെടുക്കുന്നതിനുള്ള ആത്മവിശ്വാസത്തോടെയുള്ള ഇടപെടലുകൾ ഉണ്ടാകും. സംശയം ഉണ്ടാകുമ്പോൾ അത് തിരുത്തുവാനുള്ള ത്രാണിയുണ്ടാകണം. കുടുംബത്തിൽ ഭാര്യയും ഭർത്താവും തമ്മിൽ ഏതെങ്കിലും കാര്യത്തിൽ സംശയം ഉണ്ടായാൽ അത് 'മുളയിലെ തന്നെ നുള്ളുക'. സംശയം മാറിപ്പോയില്ലെങ്കിൽ മൂന്നാം ലോകമഹായുദ്ധമായി മാറാൻ സാധ്യതയുണ്ട്. ചെറിയ പ്രതിസന്ധികളാണ് വ്യക്തികൾ തമ്മിലുള്ള അകൽച്ചയ്ക്ക് കാരണം. സമൂഹങ്ങൾ തമ്മിലുള്ള അകൽച്ചയായും അതു മാറാം. ധാരാളം ഉദാഹരണങ്ങൾ പറയാനുണ്ട്. ഈ വർത്തമാനകാലത്ത് ആധുനിക സമൂഹത്തിൽ മനുഷ്യർ തമ്മിലുള്ള പരസ്പര വിശ്വാസത്തിന് ഇടിവ് സംഭവിച്ചിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ഈ ഇടിവ് നമ്മുടെ സമൂഹത്തിലെ സമാധാനത്തിനും പരസ്പര സൗഹാർദ്ദത്തിനും വിലങ്ങു തടിയാണ്. അതിന്റെ അടുത്ത ഒരു ചട്ടമാണ് സാഹോദര്യത്തിൽ കഴിഞ്ഞിരുന്ന ആരാധനാസമൂഹങ്ങൾ അല്ലെങ്കിൽ മതസമൂഹങ്ങൾ അകലുന്നത്. സംശയം ഉണ്ടാകുമ്പോൾ അത് ദൂരീകരിക്കാൻ കഴിയുന്ന ബന്ധം ഫലപ്രദമായ് ഉപയോഗിച്ച് ആ സംശയം മാറ്റി വീണ്ടും പഴയ ബന്ധത്തിലേയ്ക്ക് തിരിച്ച് വരണം.

- **മതസൗഹാർദ്ദവും സാഹോദര്യവും പുലരുവാൻ നാം എന്ത് ചെയ്യണം?**

എല്ലാവരുമായി പങ്കുവയ്ക്കുന്നതാണ്സൗഹൃദം. അതിന്റെ വിശാലതയാണ് കുടുംബമായും ഇടവകയായും സഭകളായും മതവിശ്വാസസമൂഹങ്ങൾ തമ്മിലുള്ള ആളുകളുമായും ഒക്കെയുള്ള ബന്ധം. എല്ലാവരോടും സൗഹാർദ്ദം എന്നു പറയുന്നത് മനസിൽ നിന്നാണ് ആരംഭിക്കുന്നത്. പല മതത്തിൽ വിശ്വസിക്കുന്ന ആളുകളാണെങ്കിലും നാം ഒരമ്മപെറ്റ രാജ്യത്തിന്റെ മക്കളെന്നപോലെ ജീവിക്കുന്നവരാണ്. നാം രണ്ട് മതങ്ങളെന്നു പറഞ്ഞാൽ സത്യമാണ്. ഒരു രാജ്യത്തിന്റെ മക്കളെന്ന് പറയാൻ കൂടി ശ്രദ്ധിക്കണം. നാം രണ്ട് പള്ളിയിലാണ് പോകുന്നത് എന്നുപറയുമ്പോൾ തന്നെ ഞങ്ങൾ ഒരു ജില്ലക്കാരാണെന്ന് പറയാൻ പഠിക്കണം. ഞങ്ങൾ രണ്ട് വിശ്വാസ സമൂഹത്തിലാണെന്ന് പറയുമ്പോൾ ഞങ്ങൾ ഒരേ സ്കൂളിലാണ് പഠിക്കുന്നതെന്ന് പറയാൻ പഠിക്കണം. വർത്തമാന കാലത്തിന്റെ പ്രത്യേകതയിൽ മാറി നിൽക്കാൻ വിചാരിക്കുന്ന ഘടകങ്ങൾ എണ്ണിയെണ്ണി പറയുകയും അടുത്ത് നിൽക്കാൻ സാധിക്കുന്ന ഘടകങ്ങളെക്കുറിച്ച് മൗനം പാലിക്കുകയും ചെയ്യുന്ന ഒരു മനഃസ്ഥിതി ബലപ്പെട്ടുവരുന്നു. നമ്മെക്കുറിച്ച് നമുക്ക് ഒരവബോധവും ആത്മാഭിമാനവും ഉണ്ടാകണം. അപ്പോൾ ഈ സൗഹാർദ്ദം എല്ലാ തലങ്ങളിലുള്ളവരോടും ഞാനൊരു ക്രൈസ്തവ വിശ്വാസിയാണ്, ഹൈന്ദവസമൂഹത്തിലുള്ള, ഇസ്ലാം മതസമൂഹത്തിലുള്ള ധാരാളം സ്നേഹിതർ എനിക്കുണ്ടെന്ന് പറയുന്നത് ഒരു നെഗറ്റീവ് റ്റോണിൽ അവതരിപ്പിക്കേണ്ട കാര്യമില്ല. എന്റെ ബന്ധം എല്ലാ സമൂഹങ്ങളിലുമുള്ള ആളുകളോടും ഉണ്ടാവണം, അതാണ് മതസൗഹാർദ്ദം. ഈ ഒരു കാര്യമാണ് അഭിനന്ദനാർഹം.

- **ആധുനിക സാങ്കേതികവിദ്യയുടെ അമിത ഉപയോഗം സോഷ്യൽ മീഡിയായുടെ അതിപ്രസരം സമൂഹത്തിൽ സമാധാനവും ശാന്തിയും പരിപാലിക്കുവാൻ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ടോ?**

ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടുത്തങ്ങൾ! ശാസ്ത്രസംബന്ധമായ അറിവ് ദോഷമല്ല, നന്മയാണ്.

www.malankaralibrary.com

നമ്മുടെ കൃഷിയിടങ്ങളിലേക്ക്, റോഡ് പണിയിലേക്ക് നോക്കിയാൽ ഒരു കാര്യം മനസിലാകും. മാസങ്ങളെടുത്ത് നമ്മൾ ചെയ്തിരുന്ന ജോലി നാല് മണിക്കൂറുകൊണ്ട് ജെ.സി.ബി. വന്ന് ചെയ്തുതീർത്തു തരുന്നു. ശാസ്ത്ര പുരോഗതി വേണ്ടായെന്ന് പറയുന്നത് ശരിയാണോ? അല്ലെങ്കിൽ ഈ ശാസ്ത്ര പുരോഗതി തെറ്റിപ്പോയിയെന്ന് പറയുന്നതാണോ അതിന്റെ യുക്തി. അല്ല! നമുക്ക് തെറ്റുപറ്റിയത് എവിടെയാണ്? ഈ ശാസ്ത്ര പുരോഗതിയിൽ നമ്മൾ നേരും നെറിയും മറന്ന് സന്മാർഗം വെടിഞ്ഞ് ഹൃദയത്തെ മറച്ചുവച്ചു. ഇവിടെയാണ് നമുക്ക് പാളിച്ച സംഭവിച്ചത്. ടെലിഫോൺ എക്സ്ചേഞ്ചിൽ വിളിച്ചുപറഞ്ഞ് ട്രങ്ക് കോൾ ബുക്കുചെയ്ത് ദൂരെ സ്ഥലത്തുള്ള ആളുകളെ ബന്ധപ്പെടുന്നതിന് മണിക്കൂറുകൾ കാത്തിരിക്കേണ്ടി വന്നിട്ടുള്ള സാഹചര്യങ്ങളാണ് നേരത്തെ ഉണ്ടായിരുന്നത്. വിദേശത്തേക്കുള്ള ഫോൺ വിളി എന്നുള്ളത് അസാധ്യമായ ഒരു കാലഘട്ടം. ഇപ്പോൾ ഇവിടുത്തെ എൽ.കെ.ജി.യിൽ പഠിക്കുന്ന കൊച്ചുൾപ്പെടെ ഫോണെടുത്ത് അമേരിക്കയിലുള്ള അല്ലെങ്കിൽ ദൂരെ സ്ഥലത്തുള്ള ആളുകളെ വിളിച്ച് സംസാരിച്ചിട്ട്, അപ്പന്റെയും അമ്മയുടെയും കൈയിൽ കൊടുക്കും. ശാസ്ത്രപുരോഗതിയെ നാം നിസാരവത്കരിക്കുകയോ അതിനെ അപഹസിക്കുകയോ ചെയ്യേണ്ടതില്ല. തെറ്റുപറ്റുന്നത് മനുഷ്യൻ ഉണ്ടാക്കിയ ഈ മെഷീനാണോ അതോ ഉണ്ടാക്കിയ മനുഷ്യനാണോ ഇതാണ് ചോദ്യം. ഈ മെഷീൻ എന്തു പിഴച്ചു? കൈയിലിരിക്കുന്ന മൊബൈൽ ഫോൺ നമ്മെ സഹായിക്കുകയാണ്. എന്തെല്ലാം ഉപകാരങ്ങളാണുള്ളത്. ബാങ്കിലും, പോസ്റ്റ് ഓഫീസിലും, ഇലക്ട്രിസിറ്റി ബില്ല് അടക്കാനും പോകേണ്ട, എല്ലാം സാധ്യമാണ്. മണിക്കൂറുകൾ ക്യൂനിന്ന് അവസാനം ബില്ലടക്കാൻ സാധിക്കാതെ തിരിച്ചുവന്നിട്ടുള്ള നാളുകളുണ്ടായിരുന്നു എന്നത് ഓർക്കുക. ഇപ്പോൾ കൈയിലിരിക്കുന്ന ഫോണിൽനിന്ന് ഇതെല്ലാം അടയ്ക്കാൻ സാധിക്കും. ഈ മെഷീൻ മോശപ്പെട്ട സാധനമാണോ? അത് ഉപയോഗിച്ചിരിക്കുന്ന ആപ്പ്, ആ സിസ്റ്റം മോശപ്പെട്ടതാണോ? അല്ല, മോശപ്പെട്ടതെന്താണ്? ഇത് കൈയിലെടുത്ത് വച്ചിരിക്കുന്ന മനുഷ്യന്റെ മനസ്സാണ്. ഒരു ഉദാഹരണം പറഞ്ഞാൽ നാട്ടിലാരെങ്കിലും മരിച്ചാൽ അത് പലപ്പോഴും ഞാൻ അറിയുന്നത് അമേരിക്കയിൽ നിന്ന് വരുന്ന ഫോൺ കോളുകളിൽനിന്നാണ്. അവർ വിളിച്ചു പറയുന്നു നമ്മുടെ ഇന്നാര് മരിച്ചു പോയി, അപ്പോൾ ഞാനോർക്കും, ദൈവമേ ഞാൻ അറിഞ്ഞില്ലല്ലോ? അമേരിക്കക്കാര് അറിഞ്ഞു. ആശയവിനിമയത്തിനുള്ള ഉപാധികൾ വളരെ വലുതായിട്ടുണ്ട്. അതിനാൽ സാങ്കേതികവിദ്യയെ എന്തിനാണ് പഴിക്കുന്നത്. അത് കൈകാര്യം ചെയ്യുന്ന മനസ്സിനുണ്ടാകുന്ന ചില വികൽപ്പങ്ങൾ അവിടെയാണ് നമ്മുടെ പ്രതിസന്ധി വരുക. സോഷ്യൽ മീഡിയ എന്നുപറയുന്നത് ദോഷമുള്ള കാര്യമല്ല, സോഷ്യൽ മീഡിയായിൽ നല്ല കാര്യങ്ങൾ ചർച്ച ചെയ്യാൻ കഴിയും. എന്നാൽ യാതൊരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ പ്രചരിപ്പിക്കുന്നതിന് ഈ പറയുന്ന മീഡിയ മനുഷ്യരാണ് ഉപയോഗിക്കുന്നത്. സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ (Man is the Crown of Creation) എന്നാണ് നമ്മൾ വിശ്വസിക്കുന്നത്. എല്ലാത്തിനും കഴിവുള്ളത് മനുഷ്യനാണ്. മൃഗങ്ങളിൽനിന്ന് വ്യത്യസ്തമായിട്ടാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത്. വിവേകവും ബുദ്ധിയും ജ്ഞാനവും മനുഷ്യനാണ് കൊടുത്തിരിക്കുന്നത്. പക്ഷേ പലപ്പോഴും ഇങ്ങനെയുള്ള മേഖലകളിലേക്ക് നമ്മുടെ കുറിപ്പുകളും എഴുത്തുകളുമൊക്കെ വായിക്കുമ്പോൾ മനുഷ്യൻ പേരിട്ട് വിളിച്ച ജീവികളേക്കാൾ മോശപ്പെട്ട അവസ്ഥയിലേക്ക് മാറുന്നു. അപ്പോൾ പാളിച്ച സംഭവിക്കുന്നത് ആർക്കാണ്? മനുഷ്യൻ ഉണ്ടാക്കിയ ഉപകരണത്തിനല്ല, കൈകാര്യം ചെയ്യുന്ന മനുഷ്യനാണ്. സോഷ്യൽ മീഡിയ ഗുണപരമായ മാറ്റങ്ങൾക്ക് ഉപയോഗിക്കാം. വളരെപ്പെട്ടെന്ന് നമുക്കൊരു കാര്യം ചുറ്റുപാടുമുള്ളവരെ അറിയിക്കാൻ സാധിക്കും. അതെ വേഗതയിൽ യാതൊരു അടിത്തറയും ഇല്ലാത്ത പരദൂഷണം അനേകം പേർ പങ്കുവയ്ക്കാൻ ഇഷ്ടപ്പെടുന്ന രീതിയിൽ നമുക്ക് അവതരിപ്പിക്കാൻ കഴിയും. യഥാർത്ഥത്തിൽ ഇങ്ങനെ ഒരു ചോദ്യം വരുന്നത് തന്നെ എന്തുകൊണ്ടാണ്? വിഷലിപ്തമായ ഇങ്ങനെയുള്ള വാർത്തകൾ പ്രചരിപ്പിക്കുന്നതിലെ അസഹിഷ്ണുതയും അതിന്റെ ദുഃഖവുമാണ് സ്വാഭാവികമായ പ്രതികരണമാണ്. പക്ഷേ ഇതിന് ഒരു അന്ത്യം ഉണ്ടാകും. സോഷ്യൽ മീഡിയായെ കുറ്റം വിധിക്കുകയല്ല. സോഷ്യൽ മീഡിയ കൈകാര്യം ചെയ്യുന്ന നമ്മുടെ മനസ്സിന് പക്വതയുണ്ടാകണം. ടി.വി. പ്രോഗ്രാമിൽ നമ്മുടെ കൈയിൽ മൈക്ക് കിട്ടിയാലോ, ഫെയ്സ്ബുക്കിൽ എഴുതാൻ നമുക്കൊരു പേജ് കിട്ടിയാലോ, നമ്മൾ ഉണ്ടാക്കിയ കൃത്രിമമായ ഒരു ഐ.ഡി.യിൽ എഴുതിവിടാൻ സാധിക്കുകയോ ചെയ്യാവുന്ന അവസ്ഥ വന്നാൽ നാം ഏത് മാർഗ്ഗം തിരഞ്ഞെടുക്കും. സന്മാർഗ്ഗത്തിന്റെയോ, അതോ വെറുപ്പിന്റെയോ? അനേകം പേരുടെ മനസ്സ് വേദനിക്കുന്നത്, ചിലയാളുകൾ വെറുപ്പിന്റെ മാർഗം പിൻതുടരുന്നതുകൊണ്ടാണ്. ആളൊരു അൽപ്പം അനുഭവിച്ചോട്ടെയെന്ന് ഒരു സമൂഹം തീരുമാനി

www.malankaralibrary.com

ക്കുമ്പോൾ അതൊരു വർഗ്ഗീയ താല്പര്യമാണ്. വ്യക്തികളിൽനിന്ന് വ്യക്തികളിലേക്ക് അത് മാറി വരുമ്പോൾ ഒരു സമൂഹത്തിന്റെ മുഴുവൻ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന അവസ്ഥയിലേക്ക് വരും. അപ്പോൾ ഈ സോഷ്യൽ മീഡിയായുടെ ഇത്തരത്തിലുള്ള അപചയം സംഭവിക്കുന്നത് മനസിൽ നിന്നായതുകൊണ്ട് വേദനിക്കുന്നതും മനസ്സുതന്നെയാണ്. ആധുനിക കാലത്ത് ഈ സാങ്കേതിക വിദ്യയെ നാം പഴിക്കാതെ ഇതിനെ ഉത്തരവാദിത്തപരമായി ഉപയോഗിക്കുവാൻ കഴിയണം എന്നതാണ് അതിന്റെ പാഠം.

- **സമൂഹത്തിൽ സമാധാന അന്തരീക്ഷം കാത്തു സൂക്ഷിക്കാൻ രാഷ്ട്രീയ -മത-സാമൂഹിക-സാംസ്കാരിക നേതാക്കന്മാർക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കും?**

സമൂഹത്തിലെ സമാധാന അന്തരീക്ഷം എന്നത് പക്വമായി ചിന്തിക്കുകയും വിലയിരുത്തുകയും ചെയ്യുമ്പോഴുണ്ടാകുന്ന ഒരവസ്ഥയാണ്. കള്ളം മാത്രം പ്രചരിപ്പിക്കുന്ന ഒരു സമൂഹത്തിൽ സത്യം പറഞ്ഞ് ബോധ്യപ്പെടുത്താൻ നിരപരാധി ക്ലേശിക്കുന്നു. ഉത്തമമായ, പക്വതയുള്ള ബോധ്യമുള്ള നേതൃനിരയിലെ ആളുകൾ ഏത് വിഭാഗത്തിൽപ്പെട്ടതാണെങ്കിലും ക്രിയാത്മകമായും ഗുണപരമായും നേതൃത്വം നല്കണം. അതായത് ഈ സാമൂഹിക-സാംസ്കാരിക-ആദ്ധ്യാത്മിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ നേതാക്കന്മാർ കുറച്ചുകൂടി പക്വതയും ഗൗരവബുദ്ധിയും ഈ വിഷയത്തിൽ പ്രകടമാക്കണം. തങ്ങളുടെ ഒരു പാഴ്‌വാക്കുകൊണ്ട് സമൂഹം മലീനസപ്പെടാൻ പാടില്ല. തങ്ങളുടെ ഒരാഹ്വാനം കൊണ്ട് ഒരു ദേശം കത്തിയെരിയാൻ പാടില്ല. ദേശത്തെ പാവപ്പെട്ടവർ അവഗണിക്കപ്പെടുന്നത് തുടരാൻ പാടില്ല. നമ്മുടെ ഇച്ഛാശക്തികൊണ്ട് നന്മ പ്രചരിപ്പിക്കാൻ കഴിയുമെങ്കിൽ ആ ഇച്ഛാശക്തി ധാരാളമായ് പ്രകടമാകണം. ആദ്ധ്യാത്മിക മണ്ഡലത്തിലുള്ള ആളുകൾക്ക് കൂടുതൽ കാര്യങ്ങളിൽ ഗൗരവബുദ്ധിയോടുകൂടി പ്രവർത്തിക്കുവാൻ കടമയുണ്ട്. മറ്റുള്ളവർക്ക് ഗൗരവബുദ്ധി ആവശ്യമില്ല എന്നല്ല അതിന്റെ അർത്ഥം. നാം സത്യവും നീതിയും ദൈവസ്നേഹവും കാരുണ്യവും ക്ഷമയും വിട്ടുവീഴ്ചയും ഒക്കെ നിരന്തരമായ പ്രഭാഷണങ്ങളിലൂടെ ജനങ്ങളുമായി പങ്കുവയ്ക്കുമ്പോൾ അത് സത്യസന്ധമാണെന്ന് ജനസമൂഹങ്ങൾക്ക് ബോധ്യപ്പെടുന്നതിന് നമ്മുടെ ജീവിതം തുറന്നുവയ്ക്കണം. അങ്ങനെയെങ്കിൽ ഇതിന് നേതൃത്വം കൊടുക്കാൻ നമുക്ക് കഴിയും. നമ്മുടെ രാഷ്ട്രീയ നേതൃത്വം ഈ കാര്യത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ടതാവശ്യമാണ്.

രാഷ്ട്രീയം എന്നത് കക്ഷി രാഷ്ട്രീയം എന്നതിലേക്ക് ചുരുങ്ങി പോയിരിക്കുന്ന നാളുകളിലാണ് നാം ജീവിക്കുന്നത്. എന്റെ പാർട്ടി, എന്റെ മുന്നണി, എന്റെ കാര്യം, എന്റെ ഭരണം അല്ലെങ്കിൽ എന്റെ ഭരണമില്ലായ്മ എന്നിവയെ ചുറ്റിപ്പറ്റിയുള്ള അസ്വാരസ്യങ്ങളും പ്രതീക്ഷകളും അമിതമായ ആഗ്രഹങ്ങളുമെല്ലാം പങ്കുവയ്ക്കുന്ന ഒരു വേദിയായി രാഷ്ട്രീയം മാറാൻ പാടില്ല. ഇപ്പോൾ എനിക്ക് കിട്ടിയിട്ടുള്ള ജനങ്ങളുടെ mandate ഭരിക്കാനാണെങ്കിൽ ഭരിച്ച് കാണിച്ചുകൊടുക്കുക. പ്രതിപക്ഷത്തിരുന്നുകൊണ്ട് ഭരണകക്ഷിയിലെ ആളുകൾക്ക് നേരായവഴിക്ക് തിരുത്തൽ ശക്തിയായ് നിൽക്കാനുള്ള നിയോഗമാണെങ്കിൽ ആ വഴിയിൽ ഉറച്ചുനിന്ന് പ്രവർത്തിക്കുക. ജനങ്ങൾ നൽകിയിരിക്കുന്ന mandate ജനങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ രാഷ്ട്രീയ മേഖല ഉപയോഗിക്കുന്നു. അധികാരത്തിന്റെ കാലഘട്ടം ആപേക്ഷികമാണ്. അത് കൂടിയോ കുറഞ്ഞോ ഇരിക്കാം.നമുക്ക് ലഭിക്കാം, അവസരം ലഭിക്കാം, വീണ്ടും ലഭിക്കാം, ലഭിക്കാതിരിക്കാം. പക്ഷേ ഒരു ജനവിധി കിട്ടുന്നുണ്ട്. ആ ജനവിധി എപ്പോഴും നമുക്ക് കാത്തുസൂക്ഷിക്കേണ്ടതിന് വളരെ ഗുണപരമായ നിലപാടെടുക്കുവാൻ രാഷ്ട്രീയ മേഖലയിലുള്ളവർക്ക്, സമൂഹത്തിൽ സമാധാനത്തിന്റെ, സന്തുലിതാവസ്ഥയുടെ കാലാവസ്ഥ നിലനിർത്തുന്നതിന് വലിയ സാധ്യതയുണ്ട്, കടപ്പാടുണ്ട്.

- **ജനാധിപത്യസമൂഹത്തിൽ ബഹുസ്വരത കാത്തുസൂക്ഷിക്കുവാൻ വിഭാഗീയ ചിന്തകളെ എങ്ങനെ പ്രതിരോധിക്കാനാകും?**

ഭാരതം പോലെയുള്ള ഒരു വലിയ രാജ്യം! ഇതൊരു ഉപഭൂഖണ്ഡം എന്നാണ് നൈയാമികമായി പറയുന്നതെങ്കിലും ഇത് മഹാഭൂഖണ്ഡമാണ്. എത്രയേറെ ഭാഷകൾ, നാട്ടുഭാഷകൾ, എത്രയേറെ സംസ്കാരങ്ങൾ, ഉപസംസ്കാരങ്ങൾ ഇതെല്ലാം നിറഞ്ഞു നിൽക്കുന്ന ഇന്ത്യയെന്ന വലിയ ജനാധിപത്യ വ്യവസ്ഥയിലെ ബഹുസ്വരത കാത്തുസൂക്ഷിക്കാൻ എങ്ങനെ കഴിയും? ഒറ്റപ്പെട്ടത് എന്ന് നാം കാണുന്ന ശബ്ദത്തെ തിരിച്ചറിയണം. ദുർബലസ്വരത്തെ നാം ശ്രദ്ധയോടുകൂടി കേൾക്കണം. പാതയോരങ്ങളിൽ നിന്നും അതിർത്തികളിൽ നിന്നും സംസാരിക്കുന്ന ആളുകളെ ശ്രദ്ധാപൂർവ്വം പരിഗണിക്കണം. നേരിയ ശബ്ദം കേൾക്കുന്ന ഇടങ്ങളിൽ നാം അടുത്തുചെന്ന് ശ്രദ്ധിക്കേണ്ടിവരും. വിവിധ തലങ്ങളിലുള്ള ആളുകളുടെ സ്വരം (voice of the people in different levels) അനുകൂലമാകട്ടെ, പ്രതികൂലമാകട്ടെ, നാം ശ്രദ്ധിക്കണം. അനുകൂലമാ

യതിനെ ശ്രദ്ധിക്കാനും ആശ്ലേഷിക്കാനും നമുക്ക് പ്രത്യേക മമതയുണ്ടാകും. പ്രതികൂലമായതിലൂടെ തിരുത്താനുള്ളത് തിരുത്താനുമുള്ള ശബ്ദമാണെന്ന് നാം പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്നു. ബഹുസ്വരത ജനത്തിന്റെ ബഹുവിധമായ അഭിപ്രായങ്ങൾ ആണ്. ബഹുവിധമായ അഭിപ്രായങ്ങൾ ശ്രവിക്കുന്നതിന് നമുക്ക് കഴിയണം. ഈ ബഹുസ്വരതയെ നാം ബഹുമാനിക്കുമ്പോൾ ഒരളവുവരെ വിഭാഗിയതയെ ചെറുത്തുനിൽക്കാൻ നമുക്ക് കഴിയും. അതെങ്ങനെയാണ്? നേരിയ ശബ്ദം, ഒറ്റപ്പെട്ട ശബ്ദം, അസംഘടിതമായ ശബ്ദം ഇവ നിരന്തരമായി അവഗണിക്കുമ്പോൾ അവിടെ ഒരെതിർപ്പ് രൂപപ്പെട്ടുകൊണ്ടേയിരിക്കും. ആ എതിർപ്പ് കാലക്രമേണ പ്രതിസന്ധിയായി രൂപപ്പെടും. ദൗർഭാഗ്യവശാൽ ചിലപ്പോഴെങ്കിലും അത് വിഭാഗീയതയായി മാറും. വിഭാഗീയത ഒരു ദിവസം കൊണ്ടുണ്ടാകുന്നതല്ല എന്നത് നാം ശ്രദ്ധയോടെ തിരിച്ചറിയണം.

- **ഇന്ത്യ പോലെയുള്ള മഹത്തായ ജനാധിപത്യരാജ്യത്ത് സഹിഷ്ണുതയും അഹിംസയും വളർത്തിയെടുക്കുവാൻ എങ്ങനെ സാധിക്കും? രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ ഇക്കാര്യത്തിൽ നമുക്ക് വഴിവിളക്കാകില്ലേ?**

ഭാരതം പോലെ നമ്മുടെ ജനാധിപത്യ വ്യവസ്ഥിതി പുലരുന്ന ഒരു രാജ്യത്ത് നമുക്ക് ഈ ബഹുസ്വരതയും പരസ്പരവിശ്വാസവും സഹിഷ്ണുതയും അഹിംസയും ധാരണയുമൊക്കെ വളർത്തിയെടുത്തേ മതിയാകൂ. കാരണം നമ്മുടെ രാജ്യത്തിന്റെ ഘടനാപരമായ അവസ്ഥ അതാണ്. 'നാനാത്വത്തിൽ ഏകത്വം' (Unity in Diversity) എന്ന് പറയുന്ന ദർശനം നമ്മൾ ഇവിടെ ജീവിക്കുകയാണ്. അത് ഭാഷാപരമായ, വിശ്വാസപരമായ ന്യൂനപക്ഷങ്ങളൊക്കെ സുരക്ഷിതരായി ഇവിടെ കഴിയുന്നതിന്റെ പ്രധാന കാരണം ഇന്ത്യാ മഹാരാജ്യത്തിന്റെ ഈ സമാശ്ലേഷണത്തിന്റെ സംസ്കൃതിയാണ്. ഏതു നന്മയും കൈനീട്ടി സ്വീകരിക്കുന്ന, അതിനെ ബഹുമാനത്തോടെ കാണുന്ന രീതി ഈ സർവതമഭാവന എന്ന ഭാരതീയ ദർശനത്തിൽ അധിഷ്ഠിതമാണ്. മഹാത്മാഗാന്ധിയുടെ നാട്ടിൽ ഗാന്ധിയുടെ ദർശനങ്ങൾ നമുക്ക് പ്രസക്തമായി കാത്തുസൂക്ഷിക്കണം. മഹാത്മാഗാന്ധിയുടെ ദർശനം, അദ്ദേഹം ഒരു ഹൈന്ദവനായി ജീവിക്കുമ്പോൾതന്നെ, അദ്ദേഹം എല്ലാവർക്കും സമീപസ്ഥനാണ്. എല്ലാവരുടെയും രാഷ്ട്രപിതാവാണ്. മഹാത്മജി എന്ന വലിയ ആൾരൂപത്തിന്റെ മതമേതാണെന്ന് നാം ചോദിക്കാറില്ല, അദ്ദേഹത്തിന്റെ സംഭാവനകൾ എന്താണെന്നാണ് ലോകം തിരയുന്നത് മതം ചോദിച്ചിട്ടല്ല. ഇത്, ഇന്ത്യപോലെ ബഹുസ്വരതയുള്ള ഒരു നാട്ടിൽ അന്യംനിന്ന് പോകാൻ പാടില്ല. നമ്മുടെ രാജ്യം നിലനിൽക്കണമെങ്കിൽ, നാം വ്യത്യസ്തരാണെങ്കിലും ഒരേ ഭാരതമാതാവിന്റെ മക്കളാണെന്ന അടിസ്ഥാന സമീപനം ആവശ്യമാണ്. ഈ അഭിമാനബോധത്തോടുകൂടി ജീവിക്കാൻ നമുക്ക് കഴിയണം. ഈ പരിശ്രമത്തിലാണ് നാം മറ്റുള്ളവർക്ക് മാതൃകയായി തീരുക.

- **സമൂഹത്തിന്റെ സമാധാന അന്തരീക്ഷം സംരക്ഷിക്കുന്നതിന് മാധ്യമങ്ങളുടെ പങ്ക് എത്രത്തോളമാണ്?**

മാധ്യമം നമ്മുടെ ജീവിതത്തിന്റെ അനുദിന അനുഭവങ്ങളെ പകർത്തി പങ്കുവയ്ക്കുന്ന ഒരു സേവന മേഖലയാണ്. അനുഭവങ്ങൾ പകർത്തുന്നു, അത് പങ്കുവയ്ക്കുന്നു. ഈ സമാധാന അന്തരീക്ഷവും സന്തുലിതാവസ്ഥയും കാത്തുസൂക്ഷിക്കുന്നതിൽ നമ്മൾ എടുക്കുന്ന ആത്മാർത്ഥമായ സമർപ്പണം അതിന്റെ പൂർണമായ മനഃസാന്നിധ്യം ഇതൊക്കെ മറ്റാളുകൾ എങ്ങനെയാണ് അറിയുക? മറ്റ് ആളുകളിലേക്ക് ഇത് എങ്ങനെയാണ് എത്തിക്കുക? ആ ധർമ്മമാണ് മാധ്യമങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കേണ്ടത്. സമൂഹത്തിന്റെ പുരോഗതിക്ക് ആവശ്യമായ സകല കാര്യങ്ങളും ഗുണപരമായി പൊതുസമൂഹത്തിലേക്ക് പകർന്നുകൊടുക്കുന്ന ജോലിയാണ്. ദൗർഭാഗ്യവശാൽ ചിലപ്പോഴെങ്കിലും നാം ദുഃഖിതരാകുന്നത് ഇതിന്റെ വിപരീതമായ ഫലം കണ്ടുകൊണ്ടാണ്. എന്താണ് പകർന്നുകൊടുക്കുന്നത്? വെറുപ്പ്, വിദ്വേഷം, വിഭാഗീയത, സ്വാർത്ഥപരമായ മതചിന്തകൾ ഇതൊക്കെയാണ് അടിസ്ഥാന നിലപാട് എന്ന് പറയുന്നതുവഴി ഒരു വലിയ മഹത്വം ചാർത്തിക്കൊടുക്കുന്ന രീതി മാധ്യമങ്ങൾ ചിലപ്പോഴെങ്കിലും അവലംബിക്കുന്നുണ്ട്. വിഭാഗീയത പ്രചരിപ്പിക്കുന്നത് തെറ്റാണെന്ന് പറയേണ്ടുന്ന മാധ്യമങ്ങൾ അതിന് കുട പിടിക്കുന്ന ഒരവസ്ഥ ഉണ്ടാകുന്നത് അഭിലഷണീയമല്ല. പത്രമാധ്യമങ്ങൾ എന്നു പറയുമ്പോൾ ഫെയ്സ്ബുക്കിലെ ഒരു കുറിപ്പ് വരെ ഈ വിഭാഗത്തിൽപെടുന്നു എന്നത് മറക്കണ്ട. തൊട്ടുമുമ്പിൽ കാണുന്ന ഒരു കുറിപ്പ് എന്താണോ അതിന്റെ വ്യാഖ്യാനം പോലെ അടുത്തത് എഴുതുകയും, നമ്മൾ എഴുതിയത് എന്താണെന്നറിയാതെ നമ്മുടെ കുറിപ്പ് വായിക്കുന്ന അടുത്തയാൾ, അതുമായി ഒരു ബന്ധവുമില്ലാത്ത കാര്യമാണെങ്കിൽപ്പോലും അതിന് ഉപകുറിപ്പ് എഴുതുന്ന അടുത്തയാൾ. എന്നാൽ അതിനുള്ളിലെ സത്യം ദൂരെ, മറഞ്ഞു നിൽക്കുന്നു.

www.malankaralibrary.com

പത്രമാധ്യമങ്ങൾ നമ്മുടെ സമാധാന അന്തരീക്ഷത്തെ വളർത്തുന്നുവെന്ന് പറയുമ്പോൾ സമാധാന അന്തരീക്ഷം സംജാതമാകുന്നത് സഹവർത്തിത്വവും സഹകരണവും പരസ്പരവിശ്വാസവും ഇവിടെ ജീവിക്കുമ്പോഴാണ്. അത് ജീവിക്കാനുള്ള വഴിയൊരുക്കലാണ്. പത്രങ്ങളുടെയും മാധ്യമങ്ങളുടെയും ധർമ്മം അത് ഉത്തരവാദിത്വത്തോടെ വിലയിരുത്തേണ്ടുന്ന ഒരു സമയമാണ്. അങ്ങനെ വിലയിരുത്തുമ്പോൾ സത്യാവസ്ഥ മനസിലാകും. അതനുസരിച്ചുള്ള രൂപാന്തരീകരണം, ഒരു രൂപപ്പെടൽ (transformation) ഈ മേഖലയ്ക്ക് ആവശ്യമുണ്ടെന്നാണ് എന്റെ പക്ഷം.

**• അസമാധാനത്തിന്റെ കാരണമായി കാണുന്ന ദാരിദ്ര്യം, സാമ്പത്തിക പിന്നോക്കാവസ്ഥ, ഭവനമില്ലായ്മ, തൊഴിലില്ലായ്മ എന്നിവയൊക്കെ പരിഹരിക്കുവാൻ നമുക്ക് ഒരുമിച്ച് എന്തൊക്കെ ചെയ്യുവാൻ കഴിയും?**

ഒന്നാമത്തെ തലമെന്നു പറയുന്നത് നമ്മൾ ആരെക്കുറിച്ചാണ് ഇതെല്ലാം കരുതുക. ഇവിടെ വീടില്ലാത്തവരും ദാരിദ്ര്യത്തിൽ കഴിയുന്നവരും സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ അടിമപ്പെട്ട് കഴിയുന്നവരും തൊഴിലില്ലാത്തവരുമുണ്ട്. ഒരു തൊഴിലും ചെയ്യാതെ മനുഷ്യരെ പറ്റിച്ച് ജീവിക്കുന്ന ധാരാളം നൂതന സംരംഭങ്ങൾ, ഞാൻ പേരൊന്നും പറയുന്നില്ല. അടുത്തകാലത്ത് മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന സംഭവങ്ങളാണല്ലോ പലതും. ജോലി ചെയ്യാതെ വരുമാനം വർദ്ധിപ്പിക്കുന്ന സംവിധാനങ്ങൾ ഏറിവരുന്നു. ഇതിന്റെയൊക്കെ ഇടയിൽ ഞെരുങ്ങുന്ന ധാരാളം ആളുകളുണ്ട്. അവരെക്കുറിച്ച് കരുതുമ്പോൾ നാം സത്യസന്ധമായിത്തന്നെ ഓർക്കുക, നമ്മുടെ സമൂഹത്തെക്കുറിച്ചാണ് നമ്മൾ കരുതുന്നത്; അല്ലാതെ കുറച്ച് വീടില്ലാത്തവരെക്കുറിച്ച് കരുതുന്നു. അവർക്ക് വീടില്ലാ എന്നുള്ളതല്ല നമ്മുടെ സമൂഹത്തെക്കുറിച്ച് തന്നെയാണ് കരുതുന്നത്. സമൂഹത്തിൽ കുറെയേറെ ആളുകൾക്ക് കിടക്കാൻ ഒരു കിടപ്പാടവും ജോലിയുമില്ല. കടുത്ത സാമ്പത്തികമായ പിന്നോക്കാവസ്ഥയുണ്ട്. ജാതി പറഞ്ഞ് പിന്നോക്കാവസ്ഥയിലേക്ക് മാറ്റിനിർത്തുന്ന ആളുകളുണ്ട്. ദാരിദ്ര്യമുണ്ട്. ഇത് നമ്മുടെ ഒരു കുടുംബത്തിലെ കുറെ സഹോദരങ്ങൾ അനുഭവിക്കുന്ന കെടുതിയാണെന്ന് ബോധ്യപ്പെട്ടെങ്കിൽ മാത്രമെ എനിക്ക് ഈ കാര്യത്തിൽ ഉത്തരവാദിത്വമുണ്ടാകൂ. ഇത് പരിഹരിക്കണമെന്ന് എന്റെ മനസിന് ചിന്തയുണ്ടാവുകയുള്ളൂ. ഉണ്ടാകാത്തിടത്തോളം കാലം ഇത് മറ്റാരുടെയോ പ്രശ്നമാണ്. അങ്ങനെ ചെയ്താൽ അത് ധർമ്മം കൊടുക്കുന്നതുപോലെ എറിഞ്ഞുകൊടുക്കുകയോ നേർച്ചയിടുകയോ ചെയ്യുന്ന കാര്യമായി മാത്രം അവശേഷിക്കുന്നു. ചെയ്യാൻ സാധിക്കുന്ന ഏറ്റവും വലിയ കാര്യം ഇത് നമ്മുടെ കുടുംബമാണെന്ന് നാം കരുതുക. ആ കരുതലിൽ നമുക്ക് പ്രായോഗികമായ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും. ഞാൻ ആഡംബരത്തിനുവേണ്ടി മാറ്റിവെയ്ക്കുന്നതിന്റെ ഒരു ഭാഗമെടുത്ത് പ്രതിസന്ധി പരിഹരിക്കാൻ കൈയയച്ച് കൊടുക്കുമ്പോൾ ഒരു കുടുംബമെങ്കിലും വ്യത്യസ്തമായി അൽപംകൂടി മുഖ്യധാരയിലേക്ക് വരും. ഒരുമിച്ചും ഒറ്റയ്ക്കും ചെയ്യാൻ കഴിയും. ഒന്നിച്ച് ചെയ്യാൻ സാധിക്കുന്നതിന്റെ അത്രയും ഒറ്റയ്ക്ക് ചെയ്യാൻ കഴിയുകയില്ല. നമ്മുടെ കുടുംബാംഗങ്ങളാണ് ഈ കെടുതിയിലൂടെ കടന്നുപോകുന്നത് എന്നൊരു വിശാലമായ കുടുംബാന്തരീക്ഷത്തിൽ 'വസുദൈവ കുടുംബകം' എന്ന ദർശനത്തിൽ നോക്കുമ്പോൾ നമ്മുടെതന്നെ കുടുംബങ്ങളെക്കുറിച്ച് നമ്മൾ കരുതലുള്ളവരാകുന്നതാണ്. അതൊരുമിച്ച് ചിന്തിക്കുമ്പോൾ ഒട്ടേറെ കാര്യങ്ങളിൽ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കുവാൻ കഴിയും.

**• സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനം, മയക്കുമരുന്ന്, മറ്റ് സാമൂഹിക തിന്മകൾ എന്നിവയെല്ലാം സമൂഹത്തിന്റെ സൗഹൃദ അന്തരീക്ഷത്തിന് കളങ്കം സൃഷ്ടിക്കുന്നതിന് കാരണമാകുന്നുണ്ടോ?**

നമ്മുടെ സമൂഹത്തിൽ ധാരാളം പ്രതിസന്ധികൾ നാം നേരിടുന്നുണ്ട്. ഒരു വശത്ത് മനുഷ്യന്റെ സൗകര്യങ്ങൾ വർദ്ധിക്കുന്നു, ഭൂഖണ്ഡങ്ങളിലേക്കുള്ള അകലം കുറയുന്നു, സമ്പർക്കത്തിനുള്ള അവസരങ്ങൾ വളരെയേറെ വർദ്ധിക്കുന്നു. ഇതിന്റെയെല്ലാം മധ്യത്തിൽ നോക്കുമ്പോഴും മനസിന്റെ അകലം കുറയുന്നില്ല, കൂടുകയാണ്. അതൊരു വിരോധാഭാസമായി വരുന്നു. ദൂരം കുറയുകയും മനസിന്റെ അകലം വർദ്ധിക്കുകയും – അതൊരു വൈരുദ്ധ്യമാണ്. ഒരേ വീട്ടിൽ താമസിക്കുന്ന 2 പേർ മൊബൈൽ ഫോണിൽ സംസാരിച്ച് ആശയവിനിമയം നടത്തുന്നു. ഒരു വാതിൽ തുറന്ന് പുറത്തിറങ്ങി വന്നാൽ നേരിട്ട് സംസാരിക്കാവുന്നതേയുള്ളൂ. മുറിയിൽ നിന്ന് സംസാരിക്കുന്നത് അടുത്ത മുറിയിലെ ആൾ കേട്ടുകൊണ്ടിരിക്കുകയാണ്.ഫോണിന്റെ ആവശ്യമില്ല. ഫോണില്ലാതെ അവിടെനിന്ന് പറഞ്ഞാലും മതിയാകും. അകലം വർദ്ധിക്കുന്നു. ഇതൊരു കുടുംബത്തിന്റെ അന്തരീക്ഷത്തിൽ

www.malankaralibrary.com

പറയുന്നതാണ്. പൊതുസമൂഹത്തിലേക്ക് വരുമ്പോൾ, പറയുന്ന ഭാഷ മനസിലാകുന്നില്ല. ഭാഷ എന്നുവെച്ചാൽ വാക്കുകളുടെ അർത്ഥമില്ലായ്മയോ അർത്ഥമോ അല്ല. എന്താണ് നിന്റെ മനസിലെ സ്ഥിതി എന്നും മനസിലെ വിചാരമെന്നും വായിച്ചെടുക്കാൻ കഴിയുന്നില്ല, മനസിലാക്കാൻ പാടുപെടുന്നു. അപ്പോഴാണ് ഉള്ള സമനില തെറ്റിക്കുന്ന മദ്യപാനം! മദ്യം കഴിക്കുമ്പോൾ പകുതിയേ ബോധമുള്ളൂ. അത് കുടിക്കുമ്പോൾ ഉള്ളതു കൂടി അവസാനിക്കുന്ന അവസ്ഥ വരും. ഫാഷൻ അല്ലെങ്കിൽ ഒരു തമാശ പോലെയൊക്കെ തുടങ്ങുന്നതാണ് മയക്കുമരുന്നിന്റെ ഉപയോഗം. ബുദ്ധിയെ മുഴുവൻ ആ ശക്തി കെടുത്തിക്കളയുന്ന കാര്യമാണ്. കുഞ്ഞുങ്ങൾക്ക് മിഠായിയിലൂടെ മയക്കുമരുന്നിന്റെ അംശം കൊടുക്കുന്നവർ ഒരു ദേശത്തെ അഗ്നിക്കിരയാക്കുകയാണ്. വികസിത രാജ്യങ്ങളിലെ വലിയ അസന്തുലിതാവസ്ഥ, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വലിയ അന്തരം നാം സാമൂഹികമായി പരിശോധിക്കുമ്പോൾ, ശാസ്ത്രീയമായി അപഗ്രഥിക്കുമ്പോൾ ഒരു കാര്യം മനസിലാകും. ഇല്ലാത്തവരെന്നു പറഞ്ഞ് ദാരിദ്ര്യത്തിൽ കഴിയുന്ന ആളുകളെ പലപ്പോഴായി ചൂഷണം ചെയ്ത് മദ്യത്തിനും മയക്കുമരുന്നിനും വിധേയരാക്കി ഈ അവസ്ഥയിൽ നിലനിർത്തിയിരിക്കുകയാണ്. ഇപ്രകാരം ചെയ്തവർക്ക് ഒരു പദ്ധതിയുണ്ട്, ഒരു അജണ്ടയുണ്ട്. "ഇവരോ ഇവരുടെ അടുത്ത തലമുറയോ ബുദ്ധിപരമായി വികാസം പ്രാപിക്കേണ്ടവരല്ല. അടിമകളെപ്പോലെ കഴിയേണ്ടവരാണ്". നമ്മുടെ നാട്ടിൽ മയക്കുമരുന്ന് വ്യാപിക്കുമ്പോൾ ചെറിയ മിഠായിയിലൂടെ കുഞ്ഞുങ്ങൾക്ക് നാക്കിനടിയിൽ ഇട്ടുകൊടുക്കുന്ന രസിപ്പിക്കുന്ന അനുഭവം പിന്നീട് അവന് താങ്ങാനാവുന്ന സമ്പദ്‌വ്യവസ്ഥയെ അവന്റെ മുമ്പിൽ കൊണ്ടുവരുകയാണ്. ഈ മയക്കുമരുന്ന് ഉപയോഗത്തിലൂടെ അവൻ തകരുകയാണ്, ഒരു തലമുറ തകരുകയാണ്. ഒരു വ്യക്തിയല്ല, തലമുറ തകരുകയാണ്. നാമെന്തേ ഇത് ഗൗരവത്തിൽ എടുക്കാത്തത്? ഇതിനെ പ്രോത്സാഹിപ്പിക്കുന്ന സംവിധാനങ്ങളുടെ വേരറക്കുവാൻ നമുക്ക് കഴിയണം. മദ്യപാനം ഒരു വലിയ കെടുതി സൃഷ്ടിക്കുന്നു. മയക്കുമരുന്ന് ഒരു തലമുറയെത്തന്നെ ഇല്ലാതാക്കുന്നു. ബുദ്ധിഭ്രംശം സംഭവിച്ച, മാനസിക വളർച്ച ഇല്ലാത്ത, ബുദ്ധിശേഷി കെട്ടുപോയ ഒരാളിനെക്കൊണ്ട് ഉത്തരവാദിത്വപരമായി എന്തുകാര്യം ചെയ്യാൻ കഴിയും? മയക്കുമരുന്നിന്റെ പരിണിതഫലമാണ് അനുബന്ധമായ സാമൂഹിക തിന്മകൾ. അവ എണ്ണിയെണ്ണി പറയാൻ കഴിയും. പണം കിട്ടാതെ വരുമ്പോൾ അപഹരിക്കും. അപഹരിക്കാൻ ശ്രമിക്കുമ്പോൾ ആരെങ്കിലും കണ്ടെങ്കിൽ അവരെ ശാരീരികമായി ഉപദ്രവിക്കും. അതിൽ അവർ പരാജയപ്പെടുന്നെങ്കിൽ ഇല്ലാതാക്കും. മയക്കുമരുന്നും മദ്യപാനവും അതിരുകവിയുമ്പോൾ സംഭവിക്കുന്നത് ഈ തിന്മകൾ വളരുകയാണ്. ഇത് സമൂഹത്തിന്റെ സൗഹൃദാന്തരീക്ഷം എന്നല്ല സമൂഹത്തെത്തന്നെ വേരറുത്ത് കളയുകയാണ്. ഈ വിഷയത്തിൽ സഭകൾ, ആദ്ധ്യാത്മിക-സാമൂഹിക-നവോത്ഥാന-രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഗൗരവതരമായ ആലോചന ആവശ്യമുണ്ടെന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചു. ബുദ്ധിഭ്രംശം സംഭവിച്ച പാർട്ടിക്കാരെ പാർട്ടിക്ക് ആവശ്യമുണ്ടോ? മതത്തിന് ആവശ്യമുണ്ടോ? സാമൂഹിക പ്രസ്ഥാനങ്ങൾക്ക് ആവശ്യമുണ്ടോ? ആർക്കും ആവശ്യമില്ല! വാഹനത്തിൽ കയറ്റി ഈ സ്ഥാപനത്തിൽ നിന്ന് വേറൊരു സ്ഥാപനത്തിൽ കൊണ്ടാക്കും എന്നല്ലാതെ അവരെ സ്ഥിരമായി കൂടെ താമസിപ്പിക്കുമോ?അവരെക്കൊണ്ട് ആവശ്യമില്ല. ആവശ്യമില്ലാത്ത ഒരു തലമുറയെ ആയിരക്കണക്കിന് ലക്ഷക്കണക്കിന് യുവതീയുവാക്കളെ മയക്കുമരുന്ന് സൃഷ്ടിച്ച് നമ്മുടെ രാജ്യത്ത് അവശേഷിപ്പിച്ചു. ഒരു ഭീകര അന്തരീക്ഷമാണ്, ഇതിനെതിരെ ഒരുമിച്ച് പോരാടാൻ നമുക്ക് കഴിയണം.

**12. മലങ്കര സുറിയാനി കത്തോലിക്കാസഭ ഐക്യത്തിനും സാഹോദര്യത്തിനും എക്കാലത്തും പ്രാധാന്യം കൊടുക്കുന്ന സഭയാണ്. ആ സഭയുടെ തലവൻ എന്ന നിലയിൽ ഈ സഭയ്ക്ക് ഈ കാലഘട്ടത്തിൽ എന്തൊക്കെ സംഭാവനകൾ സമൂഹത്തിന് നൽകുവാൻ സാധ്യമാകും?**

മലങ്കര സുറിയാനി കത്തോലിക്കാസഭ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കാലം മുതൽ ഐക്യത്തിനും സാഹോദര്യത്തിനും വലിയ പ്രാധാന്യം കൊടുക്കുന്ന വിശ്വാസസമൂഹമാണ്. മാർ ഈവാനിയോസ് തിരുമേനിക്ക് ശേഷം ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി 41 വർഷം അനന്തപുരിയുടെ ആദ്ധ്യാത്മിക പിതാവായി, തിരുവനന്തപുരം ആർച്ചുബിഷപ്പായി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായി ശുശ്രൂഷ ചെയ്തു. വളരെ പ്രശ്നകലുഷിതമായ ഒരു കാലഘട്ടത്തിൽ സഭയ്ക്കും സമൂഹത്തിനും വലിയ നേതൃത്വം നൽകിയ പിതാവാണ് മാർ ഗ്രിഗോറിയോസ് തിരുമേനി. അതിപ്രമാദമായ ചില വിഷയങ്ങൾ ചാലയിലും വിഴിഞ്ഞത്തും പൂവാറിലും ഉണ്ടായപ്പോൾ, മതസ്പർധയും തൽഫലമായുണ്ടായ വലിയ മതവിദ്വേഷപ്രവർത്തനങ്ങളുമൊക്കെ വന്നപ്പോൾ, ചാലയിലെ വലിയ ദുരന്താനുഭവങ്ങളുണ്ടായപ്പോൾ, സമാധാന ദൂതനായി

www.malankaralibrary.com

മാർ ഗ്രിഗോറിയോസ് തിരുമേനി അവിടെയെല്ലാം തനിച്ചും കൂട്ടായും സഞ്ചരിച്ച് സമാധാനം പുനഃസ്ഥാപിക്കാൻ ശ്രമിച്ച വ്യക്തിയാണ്. ക്രൈസ്തവസമൂഹവും ഹൈന്ദവസമൂഹവും തമ്മിൽ വലിയ സംഘർഷം ഉളവാകുമായിരുന്ന ഒന്നാണ് നിലയ്ക്കൽ സംഭവം. നമ്മുടെ മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ ശ്രീ എം. പി. മൻമഥൻസാറിനോടൊപ്പവും മതമേലദ്ധ്യക്ഷന്മാരോടൊപ്പവും ചേർന്നുനിന്നുകൊണ്ട് നിലയ്ക്കൽ സംഭവത്തിൽ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ആത്മാർത്ഥമായ ഇടപെടൽ, "ഹൈന്ദവ സഹോദരങ്ങളെ വേദനിപ്പിച്ചുകൊണ്ട് ആ സ്ഥലത്ത് ഒരു ദേവാലയം വേണ്ടെന്നുള്ള നിലപാട്" വളരെ ശ്രദ്ധേയമാണ്. അങ്ങനെയാണ് പൂങ്കാവനത്തിനു പുറത്ത് സ്ഥലം കണ്ടെത്തുകയും ദൈവാലയം അവിടെ പണിയുന്നതിന് തീരുമാനിക്കുകയും ചെയ്തത്. കാലം കഴിയുമ്പോൾ ഇങ്ങനെയുള്ള വ്യക്തികളുടെ സംഭാവനകൾ മറക്കുകയും അവർ മരിച്ചു കഴിഞ്ഞാൽ മറ്റ് ആളുകളിലേക്ക് അതിന്റെ പിതൃത്വം ചാർത്തികൊടുക്കുകയും ചെയ്യുന്ന പ്രായോഗിക സമീപനം നമ്മുടെ കേരളത്തിലുണ്ട്. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വളരെ ആത്മാർത്ഥതയോടുകൂടി ഈ സമൂഹത്തിന്റെ എല്ലാ ഘടകങ്ങളിലും നിറഞ്ഞുനിന്നിരുന്ന ആത്മീയ പിതാവാണ്. സിറിൽ ബസേലിയോസ് ബാവാ തിരുമേനി സംഭാഷണങ്ങളുടെ, സംവാദത്തിന്റെ ഉറച്ച പിന്തുണക്കാരനായിരുന്നു. ഭാരതത്തിലെ ഹൈന്ദവസമൂഹവും ക്രൈസ്തവസമൂഹവും ഗൗരവതരമായ ചർച്ചയിൽ പങ്കുചേരണമെന്ന് തിരുമേനിക്ക് വളരെ ആത്മാർത്ഥമായി അടിയുറച്ച് ബോധ്യപ്പെട്ടിരുന്നു. ആർ.എസ്.എസ്.ന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. സുദർശൻ കേരളത്തിൽ വന്നപ്പോൾ ആലുവ വൈ.എം.സി.എ.യിൽ വെച്ച് അന്നത്തെ സി.ബി.സി.ഐ.പ്രസിഡന്റായിരുന്ന സിറിൽ ബസേലിയോസ് ബാവാ തിരുമേനി അദ്ദേഹത്തെ കാണുകയും അവർ സംഭാഷണം നടത്തുകയും ചെയ്തു. ആർ.എസ്.എസ്. ന്റെ ഒരു ലീഡറിനെ കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ, സി.ബി.സി.ഐ.യുടെ പ്രസിഡന്റ് ആദ്യമായിട്ടാണ് കാണുന്നതും സംഭാഷണം നടത്തുന്നതും. അക്കാലത്ത് വളരെയേറെ വിമർശനത്തിന് പിതാവിന്റെ ഈ ഇടപെടൽ കാരണമായി. എന്നാൽ ബോധ്യങ്ങളിൽ ഉറച്ചു നിന്ന് ബാവാ തിരുമേനി പിന്നീട് അതിന്റെ നല്ല ഫലങ്ങൾ വന്നുകൊള്ളുമെന്ന് വിശ്വാസം പ്രകടിപ്പിച്ച വ്യക്തിയാണ്. അക്കാലത്ത് അതിന്റെ നന്മ മനസിലായില്ലെങ്കിലും ഇക്കാലത്തെങ്കിലും മനസിലാക്കി പലരും ആ മേഖലയിൽ സംഭാഷണങ്ങളിലേക്ക് ഇടപെടുന്നു എന്നുള്ളത് ചിന്തോദ്ദീപകമാണ്. മലങ്കര



സുറിയാനി കത്തോലിക്കാസഭ എന്നും ഈ സാഹോദര്യം പുലർത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന സഭയാണ്. സഭ കൂട്ടായ്മയാണ്. അതൊരു വലിയ ശുശ്രൂഷയെന്ന നിലയിൽ എന്റെ ഈ സഭയിലെ ശുശ്രൂഷയിൽ ഞാൻ പ്രാധാന്യത്തോടുകൂടി കാണുന്ന ഒരു വിഷയം സഭകളുടെ ഐക്യത്തിന്റെയും, വിവിധ മതസമൂഹങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെയും ശുശ്രൂഷ തന്നെയാണ്. ഈ ശുശ്രൂഷകൾ നിർവഹിക്കുമ്പോൾ നമ്മുടെ ഭാഷയും ഉൾബോധ്യങ്ങളും ആത്മാർത്ഥതയും അതിന്റെ ചില ഘട്ടങ്ങളിൽ എല്ലാവർക്കും മനസിലാകണമെന്നില്ല. ചില വിമർശനങ്ങൾക്ക് വിധേയമാകാം. നമ്മെ തെറ്റിദ്ധരിച്ച് വിമർശനങ്ങൾ നടത്താൻ സാധ്യതയുണ്ട്. നടത്തുകയും ചെയ്യും. നമ്മുടെ വിലയിരുത്തൽ അതിലല്ല. നാം മുൻപോട്ട് പോകണം, മറ്റ് മതസമൂഹങ്ങളിൽ ഉള്ളവരുമായി സംഭാഷണം നടത്തണം എന്നു പറയുന്നത് കർത്താവ് പഠിപ്പിച്ച പ്രബോധനത്തിൽ ഉറച്ചുതന്നെയാണ്. എല്ലായിടത്തും സുവിശേഷം പ്രസംഗിക്കണം, എല്ലാവരോടും സംസാരിക്കണം, സംസാരിക്കാതെ ഇരിക്കരുത്. എല്ലാ

www.malankaralibrary.com

വിഭാഗം ജനങ്ങളുമായി സംസാരിക്കണം. നിനക്ക് പറയാനുള്ളത് പറയണം, കേൾക്കാനുള്ളത് കേൾക്കാൻ നീ സന്നദ്ധനാവുകയും വേണം. എനിക്ക് പറയാനുള്ളതെല്ലാം പറയാൻ അവസരം വേണം. എന്നാൽ ആരെയും കേൾക്കുകയില്ല എന്നത് കർത്താവിന്റെ സമീപനങ്ങൾക്ക് വിരുദ്ധമാണ്. എനിക്ക് മാത്രമെ പറയാനുള്ളൂ. മറ്റാരും പറയുന്നത് എനിക്ക് സ്വീകാര്യമല്ല എന്ന നിലപാട് ക്രിസ്തീയതയ്ക്ക് വിരുദ്ധമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ മക്കളോടും ഈ കാലഘട്ടത്തിൽ എനിക്ക് നൽകാനുള്ള സന്ദേശം കർത്താവായ യേശുക്രിസ്തു നമുക്ക് രക്ഷിതാവും നാഥനുമായി നിൽക്കുമ്പോൾ ജീവിക്കുന്ന പുത്ര നായ ക്രിസ്തുവാകുന്നു നീയെന്ന് വി. പത്രോസിനോ ടൊപ്പം പറയാനുള്ള വിശ്വാസപരമായ അടിത്തറ നമുക്കുണ്ടാകണം. ഈ വിശ്വാസപ്രഘോഷണം നടത്തുന്ന നമ്മൾ മറ്റുള്ള ആളുകളെ ബഹുമാനി ക്കുന്നതിനും അവരുടെ വിശ്വാസരീതിയെ ബഹുമാന ത്തോടെ കാണുന്നതിനും അവരെ പരിഹസിക്കാതെ ഇരിക്കുന്നതിനുമുള്ള ക്രിസ്തീയ ഗുണം നില നിർത്തിയേ മതിയാവൂ. സൗഹാർദ്ദപരമായ അന്തരീക്ഷം നിലനിൽക്കണമെന്ന് നാം വിചാരിക്കുമ്പോഴും അഭിപ്രായം പറയുമ്പോഴും സുവിശേഷത്തിലെ ഒരു വാക്യം ഓർക്കുക. “മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ അവരോടും പെരുമാറുക”. നമ്മളെ ബഹുമാനി ക്കണമെന്നും കരുതണമെന്നും നമ്മുടെ വേദനയിൽ പങ്കുചേരണമെന്നും നമ്മെ മനസിലാക്കണമെന്നും നമ്മുടെ ഭാഷ മനസിലാക്കണമെന്നും നമുക്ക് നിർബന്ധബുദ്ധിയുണ്ട്. നിന്റെ നിർബന്ധ ബുദ്ധി മറ്റുള്ളവരെ കുറച്ചുകൂടി അറിയുവാൻ പ്രാവർത്തികമാക്കണം. ആയതിനാൽ കേരളത്തിലെ ഇപ്പോഴത്തെ നമ്മുടെ സാഹചര്യത്തിൽ ശുശ്രൂഷകൾ തുടരുമ്പോൾ എപ്പോഴും പരസ്പരധാരണയും ബഹുമാനവും കരുതലും വിട്ടുവീഴ്ചയും കേൾക്കാ നുള്ള മനസ്സും അടിയന്തിര പ്രാധാന്യത്തോടുകൂടി നാം കാണണം. വിമർശനങ്ങളിൽ നമ്മുടെ ഉൽസാഹ വും അഭിമാനബോധവും ചോർന്നു പോകാൻ പാടില്ല. ഒരു കാര്യം നിർബന്ധമായി ഓർത്തിരിക്കുക. മനുഷ്യന് നമ്മെക്കുറിച്ച് പറയാവുന്നതിനേക്കാൾ ആധികാരികമായി പറയാൻ കഴിയുന്ന ദൈവത്തിലാണ് നാം വിശ്വസിച്ച് മുമ്പോട്ട് പോവുക. മനുഷ്യന് നമ്മോട് എന്തു ചെയ്യാൻ കഴിയും?പരിഹസിക്കാനും വെല്ലുവിളിക്കാനും മോശമായി ചിത്രീകരിക്കാനുമൊക്കെ കഴിഞ്ഞെന്നു വരാം. എന്നാൽ നിന്റെ ആത്മാവിനെ രക്ഷിക്കാനും വിലയിടാനും മനുഷ്യന് കഴിയില്ല. നിന്റെ ആത്മാവിനെ രക്ഷിക്കാൻ നിന്റെ ദൈവത്തിന് മാത്രമെ കഴിയൂ. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത്, “എന്നെപ്രതി മറ്റുള്ളവർ നിങ്ങളെ അവഹേളിക്കുകയോ നിന്ദിക്കുകയോ പീഡിപ്പിക്കുകയോ പരിഹസിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ സന്തോഷിച്ച് ആനന്ദിക്കുവിൻ. നിങ്ങളുടെ പ്രതിഫലം സ്വർഗത്തിൽ വർദ്ധിച്ചിരിക്കുന്നു”. നിരാശയുടെയല്ല പ്രത്യാശയുടെ ഈ ദൈവവചനം നാം ഗൗരവമായി കാണണം. കേരളത്തിലെ ഒറ്റപ്പെട്ടുപോകുന്ന പുതിയ സാമൂഹികാവസ്ഥയിൽ ഒറ്റയ്ക്കൊറ്റയ്ക്ക് വളരാമെന്നും വിജയിക്കാമെന്നും കരുതുന്ന പുതിയ ചിന്താധാരയിൽ നാം ഓർക്കുക: ഒരുമിച്ച് ഉയിർത്തെഴുന്നേല്ക്കുന്നതിന് നമുക്ക് ആത്മത്രാണി ഉണ്ടാകണം. മലങ്കരനാദത്തിലൂടെ നമ്മുടെ കേരളത്തിന്റെ ഒരു പുതിയ മാനവികത യുടെ ശബ്ദം പുറത്തുവരുന്നുവെന്ന് അറിയുമ്പോൾ അഭിമാനത്തോടുകൂടി ഞാൻ ഇതിന്റെ പ്രവർത്ത കരെ അഭിനന്ദിക്കുന്നു. വയനാട്ടിൽനിന്ന് കേരളം മുഴുവൻ ഈ മലങ്കരനാദം ശക്തമായി പ്രതിധ്വനി ക്കുന്നതിന് പരിശുദ്ധാത്മാവ് സഹായിക്കട്ടെ. ദൈവത്തിന്റെ പദ്ധതി മനുഷ്യന്റെ ഇടയിൽ ഏറ്റം ആധികാരികമായും ഉത്തരവാദിത്വത്തോടെയും നടപ്പിലാക്കുകയാണ് സഭയുടെ ധർമ്മം. ആ ധർമ്മം കാത്തുസൂക്ഷിക്കുന്നതിന്, പരിപാലിക്കുന്നതിന് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കുവേണ്ടി വായനക്കാർ ഏവരും പ്രാർത്ഥിക്കണമെന്ന അപേക്ഷയോടുകൂടി നിങ്ങൾക്കെല്ലാവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും ഞാൻ നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

●

www.malankaralibrary.com





# മത സൗഹൃദത്തിന്റെ പത്തരമാറ്റ്



**ഡോ. സിറിയക് തോമസ്**
**ഫോർമർ വൈസ് ചാൻസലർ ഓഫ് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി**

കേരളത്തിൽ, ചരിത്രം സാക്ഷി നിൽക്കുന്ന ഒരു സത്യം, നൂറ്റാണ്ടുകളായി ഇവിടെ ക്ഷതമേൽക്കാതെ നിലനിൽക്കുന്ന സമുദായ സാഹോദര്യവും മത സൗഹൃദവുമാണ്. വ്യത്യസ്ത വിശ്വാസങ്ങൾ ഇവിടെ വന്നു ചേരാനും നില നിൽക്കാനും തികഞ്ഞ പാരസ്പര്യത്തോടെ സഹവസിക്കാനും ഇടയാക്കിയ സാഹചര്യം ഇന്ത്യയുടെ ചരിത്രം അടിസ്ഥാനപരമായി സാക്ഷ്യപ്പെടുത്തിയ സാഹോദര്യ ചിന്തയാണെന്നതിൽ ആർക്കും വിയോജിപ്പുണ്ടാകാനും ഇടയില്ലല്ലോ. അത് ഇന്ത്യയുടെ, പ്രത്യേകിച്ചു കേരളത്തിന്റെ വലിയൊരു പാരമ്പര്യം തന്നെയാണെന്നതും നിസ്തർക്കമായ കാര്യം തന്നെ. കാലങ്ങളായി ഇവിടുത്തെ ഹിന്ദു–ക്രിസ്ത്യൻ–മുസ്ലിം സമുദായങ്ങൾ മാത്രമല്ല, സംഖ്യാപരമായി വളരെ ചെറിയ വിഭാഗങ്ങളെന്നു പറയാവുന്ന യഹൂദ–സിക്ക് സഹോദരങ്ങളും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഒരു വിവേചനത്തിനും വിധേയരാകാതെയാണ് കേരളത്തിൽ ജീവിച്ചു പോന്നിട്ടുള്ളത്. സ്ഥായിയായ വ്യത്യസ്ത ചിന്തകളൊന്നും നമ്മുടെ സാമൂഹ്യഘടനയെ ഇന്നുവരെ ബലക്ഷയപ്പെടുത്തിയിട്ടുമില്ല.

ഇതിനൊരു പ്രധാന കാരണം ഇവിടെ ഭരിച്ചിരുന്ന ഹിന്ദു ഭരണാധികാരികൾ - രാജാക്കന്മാരും സാമന്തരുമൊക്കെ — അവരുടെ പ്രജകളെ ഒന്നായി കണ്ടിരുന്നുവെന്നതും മതാടിസ്ഥാനത്തിലോ സമുദായാടിസ്ഥാനത്തിലോ

www.malankaralibrary.com

ആരോടും പ്രത്യേക വിവേചന മൊന്നും കാണിച്ചിരുന്നില്ല എന്നതുമാണ്. ക്രിസ്ത്യാനിക ൾക്കും മുസ്ലിം സമുദായ വിഭാഗത്തിൽപെട്ടവർക്കും അവ രവരുടെ മതവിശ്വാസമനുസരിച്ചു ആരാധനയും പ്രാർത്ഥനയും നടത്തുന്നതിന് പള്ളികളും അതു പോലെ മോസ്ക്കുകളും വയ്ക്കുന്നതിന് അനുവാദം നൽകിയതും ഇവിടുത്തെ ഹിന്ദു ഭരണാധികാരികൾ തന്നെ യാണ്. ഇതു ഭാരതത്തിന്റെ ചരിത്ര മാണ്. സംസ്കാരവുമാണ്. പാലായിലെ വലിയപള്ളി അന്നത്തെ ഭരണാധികാ രികളായിരുന്ന മീനച്ചിൽ കർത്താക്കന്മാരാണ് സൗജന്യമായി ഭൂമിയും തടി യും നൽകിയത്. കൊച്ചിയിലും മലബാറിലും ഇതേ കീഴ് വഴക്കങ്ങൾ തന്നെയാണ് ഭരണാധികാരികൾ പാലിച്ചു പോന്നത്. ചില സ്ഥലങ്ങളിലെ ങ്കിലും ക്ഷേത്രങ്ങളും പള്ളികളും മോസ്കുകളും തൊട്ടുതൊട്ടായി തന്നെ നമുക്ക് ഇപ്പോൾ കാണാൻ കഴിയുന്നുണ്ടെങ്കിൽ അതിന്റെ കാരണവും ഇവിടെ നൂറ്റാണ്ടുകളായി നില നിൽ ക്കുന്ന സാമുദായിക സാഹോദ ര്യവും മതസൗഹൃദവും തന്നെ സംശയമില്ല.

കേരളത്തിലും ഇന്ത്യയിലും ഒരു കാലത്തും വിശ്വാസപരമോ തത്വശാസ്ത്രപരമോ ആയ ചിന്താ ധാരകൾക്കു മേൽ ഭരണകൂട നിയ ന്ത്രണങ്ങൾ ഒട്ടും കർക്കശമായിരു ന്നില്ല എന്നാണ് പൊതുവേയുള്ള നിഗമനം. ഒരേ വിശ്വാസത്തിൽ തന്നെ - ഹൈന്ദവ-ബൗദ്ധ- ക്രൈസ്ത- മുസ്ലിം-സിഖ്-ജൈന വിഭാഗങ്ങളിൽ എല്ലാം ഉൾപ്പിരിവു കൾ ഒട്ടേറെ സംഭവിച്ചിട്ടുണ്ടെന്നത് തന്നെ ഇന്ത്യയിൽ എല്ലാ കാലത്തും നമ്മുടെ ദേശീയ സംസ്കാര ത്തിന്റെ ഭാഗമായിതന്നെ അടിസ്ഥാ നപരമായ ഒരു സഹിഷ്ണുതാ മനോഭാവവും നിലനിന്നിരുന്നു വെന്നതിന്റെ സാക്ഷ്യമാണല്ലോ. ഇന്ത്യയുടെ മാനസികവും ബൗദ്ധി കവും രാഷ്ട്രീയപരവുമായ തുറ വിയുടെ അവസാനത്തെ അനുഭ വമാണ് അടുത്ത ദിവസങ്ങളിലും നാം കണ്ടത്. ആദരണീയനായ നമ്മുടെ പ്രധാനമന്ത്രി ജി 20 ഉച്ച കോടിയുമായി ബന്ധപ്പെട്ട് റോമിൽ ചെന്നപ്പോൾ അതിനിടെ സമയം കണ്ടെത്തി ഫ്രാൻസിസ് മാർപ്പാപ്പ യെ കാണാനും പാപ്പായെ ഇന്ത്യയി ലേക്ക് ഉപചാരപൂർവ്വം ക്ഷണി ക്കാനും തയ്യാറായതിന്റെ പിന്നിലും നാം കാണുന്നതും കാ ണേണ്ടതും യഥാർത്ഥ ഇന്ത്യൻ മന സ്സിന്റെ തുറവു തന്നെയാണ് എന്നു വിശ്വാസിക്കാനാണ് എനിക്കിഷ്ടം. മാർപ്പാപ്പയുടെ ഇന്ത്യാ സന്ദർശനം ഭാരതത്തിന്റെ യഥാർത്ഥ മതേതര മനഃശാസ്ത്രത്തെയാവും ലോക ത്തിനു മുൻപാകെ സാക്ഷ്യപ്പെടു ത്തുകയെന്നതിലും രണ്ടു പക്ഷമു ണ്ടാകുമെന്നും തോന്നുന്നില്ല.

**''വ്യത്യസ്ത വിശ്വാസങ്ങൾ ഇവിടെ വന്നു ചേരാനും നില നിൽക്കാനും തികഞ്ഞ പാരസ്പര്യത്തോടെ സഹവസിക്കാനും ഇടയാക്കിയ സാഹചര്യം ഇന്ത്യയുടെ ചരിത്രം അടിസ്ഥാനപരമായി സാക്ഷ്യപ്പെടുത്തിയ സാഹോദര്യ ചിന്തയാണെന്നതിൽ ആർക്കും വിയോജിപ്പില്ല''**

കർദ്ദിനാൾ ക്ലിമീസ് പിതാവ് സി.ബി.സി.ഐ.യുടെ അധ്യക്ഷ നായിരുന്നപ്പോഴായിരുന്നല്ലോ മാർപ്പാപ്പായെ ഇന്ത്യയിലേക്ക് ഭാ രത സർക്കാർ ഔപചാരികമായി ക്ഷണിക്കണമെന്ന നിർദ്ദേശം ആദ്യമായി പ്രധാനമന്ത്രി മോദിജിയുടെ മുൻപിൽ ഉന്നയി ച്ചത്. ഇതര കാരണങ്ങളാൽ അൽ പ്പം താമസിച്ചുവെന്നിരിക്കിലും മാർപ്പാപ്പയുടെ സന്ദർശനം ബാവാ തിരുമേനിയുടെയുംകൂടി ക്രെഡി റ്റിൽതന്നെയാവും വരവ് വയ്ക്ക പ്പെടുക. കഴിഞ്ഞ തവണ ഡൽഹി യിൽ ഇന്ത്യയിലെ മൂന്നു കർദ്ദി നാൾമാരും ഓസ്വാൾഡ് ഗ്രേഷ്യസ് പിതാവും ആലഞ്ചേരിപ്പിതാവും ക്ളീമീസ് ബാവയും കൂടി ഒന്നിച്ചു പ്രധാനമന്ത്രിയെ കണ്ട സന്ദർഭ ത്തിലും മാർപ്പാപ്പായെ ക്ഷണിക്കു ന്ന കാര്യം വീണ്ടും മോദിജിയുടെ ശ്രദ്ധയിൽപ്പെടുത്തിയതുമാണല്ലോ. ഇതെല്ലാം ഇന്ത്യയുടെ മതേതര ശയസ്സ് അന്തർദേശീയ തലത്തിലും ഉയർത്തും എന്നതിൽ നമുക്കെല്ലാം അഭിമാനിക്കാം. ജന്മം കൊണ്ടും ദേശീയമായ നമ്മുടെ വിശ്വസ്തത കൊണ്ടും എന്നും എപ്പോഴും ഒന്നാ മതായി നാം അഭിമാനിക്കുന്നത് ഭാരതീയരാണെന്നതിലുമാണല്ലോ.


●

www.malankaralibrary.com

കവർ സ്റ്റോറി



# മതവിദ്വേഷമെന്ന രോഗബാധയെ പ്രതിരോധിക്കാം



കെ. ജയകുമാർ IAS
ഫോർമർ ചീഫ് സെക്രട്ടറി ഓഫ് കേരള

വിഭിന്ന മതങ്ങളോട് സൗഹാർദ്ദം പുലർത്തുന്നതിന് ഇന്നലെയും ഇന്നും ഒരു ബുദ്ധിമുട്ടും എനിക്ക് അനുഭവപ്പെട്ടിട്ടില്ല. ഓരോ മതത്തെപ്പറ്റിയും കൂടുതൽ ഗാഢമായി അറിയാൻ ശ്രമിക്കുംതോറും ഈ മാനസികാവസ്ഥ കൂടുതൽ സ്വാഭാവികമായിത്തീരുന്നു.

മതങ്ങളുടെ അന്തസ്സത്തയെക്കുറിച്ചൊക്കെ തത്വതികജ്ഞാനം തുലോം കുറവായിരുന്ന ബാല്യ-യൗവ്വന കാലത്തും വ്യത്യസ്തമതങ്ങൾ തമ്മിൽ സൗഹൃദമില്ലാതിരിക്കുന്നതെന്തിന് എന്ന് മനസ്സിലായിരുന്നില്ല. ഞാൻ ജനിച്ചു വളർന്ന മണ്ണന്തലയ്ക്കടുത്തുള്ള ചെഞ്ചേരി എന്ന ഗ്രാമത്തിൽ

ബഹുഭൂരിപക്ഷവും ഹിന്ദു കുടുംബങ്ങളായിരുന്നു. എല്ലാവരും പരമ്പരാഗതമായി അവിടെത്തന്നെ കഴിയുന്നവർ. എന്നാൽ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട മൂന്നു കുടുംബങ്ങൾ അന്നേ അവിടെയുണ്ട്. അവർ ഗ്രാമത്തിന് സ്വന്തമായിക്കഴിഞ്ഞവർ. ഒരാൾ മാർ ഈവാനിയോസ് കോളേജിലെ ഓഫീസിൽ ജോലിചെയ്തിരുന്നു; മറ്റൊരാൾ മാർ ഈവാനിയോസിലെ ലെക്ചറർ ആയിരുന്നു. മൂന്നാമത്തെ വീട്ടുകാർ സെന്റ് മേരീസ് സ്കൂളിലെ അധ്യാപക ദമ്പതിമാരായിരുന്നു.
ഇവരൊക്കെ എന്റെ കൗമാരകാല ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്നു. പിന്നീട് ഞങ്ങളുടെ ഗ്രാമത്തിൽ പുറമേ നിന്ന് ധാരാളം പേർ സ്ഥലം വാങ്ങി വീട് വച്ച് താമസമാക്കി. ഇപ്പോൾ എല്ലാ മതങ്ങളിലുംപെട്ടവർ സ്വസ്ഥമായി, സൗഹൃദപൂർവ്വമായി ഞങ്ങളുടെ ഗ്രാമത്തിൽ കഴിയുന്നു. അവർ തമ്മിൽ നല്ല സാമൂഹ്യ ബന്ധങ്ങൾ നിലനിൽക്കുന്നു. ചെഞ്ചേരി എന്ന, ഞാൻ ജനിച്ച ഗ്രാമത്തെക്കുറിച്ചു എനിക്കെപ്പോഴും അഭിമാനമാണ്.
മത സൗഹൃദത്തിന്റെ ഉത്തമ മാതൃകയാണ് ആ കൊച്ചു ഗ്രാമം. വാസ്തവത്തിൽ കേരളത്തിന്റെ പരിച്ഛേദമാണ് ചെഞ്ചേരി. വിഭിന്ന മത വിശ്വാസങ്ങൾക്ക് പരസ്പര ബഹുമാനത്തോടെ പുലരാൻ സാധിക്കുന്ന ഇടം.

രണ്ടായിരം വർഷങ്ങൾക്ക് മുൻപേ അന്യ മതങ്ങളുമായി ഇടപഴകിയ പാരമ്പര്യമാണ് അറബിക്കടലിന്റെ വിശാലതയിൽ ശയിക്കുന്ന കേരളത്തിന്. ഓരോ മതത്തിനും സ്വതന്ത്രമായി വളരാനും സ്വന്തം ജീവിത ശൈലികളും വിശ്വാസങ്ങളും പിന്തുടരുവാനും ചരിത്രം പഠിപ്പിച്ച നാട്. മതങ്ങളെക്കുറിച്ചുള്ള പാണ്ഡിത്യമൊന്നും വേണ്ട മറ്റൊരു മതത്തിനെ ആദരിക്കാൻ. സ്വന്തം മതവും വിശ്വാസവും എത്രകണ്ട് വിലപ്പെട്ടതാണോ അത്രകണ്ട് പ്രധാനമാണ് മറ്റൊരാൾക്ക് അയാളുടെ മതം. താരതമ്യം ചെയ്യാൻ നമ്മളാര്? ആത്മോപദേശശതകത്തിൽ ശ്രീനാരായണ ഗുരു ആ സത്യം ഇങ്ങനെ പ്രതിപാദിക്കുന്നു:

പലമതസാരവുമേകമെന്നുപാരാ -
തുലകിലൊരാനയിലന്ധരെന്ന
പോലെ
പല വിധ യുക്തി പറഞ്ഞു
പാമാരന്മാ
രലവതു കണ്ടലയാതമർന്നിടേണം.
(44)

ഒരു മതമന്യനു നിന്ദ്യമൊ
ന്നിലോതും
കരുവപരന്റെ കണക്കിനൂനമാകും;
ധരയിലിതിന്റെ ഹസ്യമൊന്നുതാനെ
ന്നറിവളവും ഭ്രമമെന്നറിഞ്ഞി
ടേണം. (45 )

സകല മതസാരവും ഒന്നാണെന്ന് ഗ്രഹിക്കാതെ, അന്ധന്മാർ ആനയെക്കണ്ട പോലെ അന്യ മതത്തിലെ വാലും കാലും കണ്ടു എല്ലാമറിഞ്ഞെന്നു കരുതുന്നത് 'ഭ്രമമെന്നറിഞ്ഞിടേണം' എന്ന ഗുരുവചനം ഇന്ന് അത്യന്തം പ്രസക്തമായിരിക്കുന്നു.

അമരമായ ആത്മാവ് സകലരിലും ചൈതന്യമായി സന്നിഹിതമായിരിക്കുന്നു എന്നതാണ് ഉപനിഷത്തുകളുടെ സാരസത്ത. സകല ജീവജാലങ്ങളുടെയും ഹൃദയത്തിൽ ദൈവം വസിക്കുന്നു എന്ന് ഭഗവദ് ഗീതയിൽ ശ്രീകൃഷ്ണൻ പ്രഖ്യാപിക്കുന്നു, "ഈശ്വര സർവ്വ ഭൂതാനാം ഹൃദ്ദേശേ അർജ്ജുന തിഷ്ഠതി" എന്ന് സ്പഷ്ടമായി പറയുന്നു. എല്ലാ മനുഷ്യരുടെയും ഹൃദയങ്ങളിൽ ജ്വലിക്കുന്ന സത്യം ഒന്നാണെങ്കിൽ പിന്നെ, എന്തിനെച്ചൊല്ലിയാണ് മനുഷ്യർ കലഹിക്കുന്നത് ? 'മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു മത്സരിക്കുന്നതെന്തിന്നു നാം വൃഥാ' എന്ന് പൂന്താനം പണ്ടേ ചോദിച്ചതിൻറെ പൊരുളും ഇതുതന്നെ.

സകലമനുഷ്യരോടുമുള്ള സാഹോദര്യത്തിന് യേശുദേവൻ നൽകിയിരുന്ന പ്രാമുഖ്യത്തിനു സുവിശേഷത്തിലെ ഓരോ സന്ദർഭവും ഓരോ വാക്യവും സാക്ഷ്യം വഹിക്കുന്നു. യേശു എതിർക്കുന്നത് ഏതെങ്കിലും വ്യക്തികളെയല്ല. ചൂഷണം, ദുര, അഹന്ത, അനീതി, ക്രൂരത ഇവയൊക്കെയാണ് എതിർക്കപ്പെടേണ്ടവ. അതേ സമയം സകലരെയും സ്നേഹിക്കുകയും സഹോദരതുല്യം പരിഗണിയ്ക്കുകയും ചെയ്യുക എന്ന ഉത്കൃഷ്ട ദർശനമാണത്. അവിടെ പകയോ വിദ്വേഷമോ അപരത്വമോ ഇല്ല. ദുരയുടെയും അജ്ഞതയുടെയും, അഹന്തയുയും, അധികാര ഗർവ്വിന്റെയും, സർവ്വോപരി ഭയത്തിന്റെയും ഇരുളിൽക്കഴിയുന്ന കുറെ മനുഷ്യരുടെ പാപത്തിന് മനുഷ്യപുത്രൻ നൽകിയ വിലയാണല്ലോ പീഡാനുഭവവും കുരിശുമരണവും. സകലരെയും സ്വന്തം അയൽക്കാരനായി കാണാനും സ്നേഹിക്കാനും ഉപദേശിച്ച യേശുവിൻറെ ജീവിതകാലം വിവിധ വിഭാഗങ്ങൾ തങ്ങളിലുള്ള സ്പർദ്ധയാലും ശത്രുതയാലും അകൽച്ചയാലുമൊക്കെ കലുഷിതമായിരുന്നു. ആ കാലുഷ്യത്തിന്റെ പ്രായോഗിക ബുദ്ധിയോടെയാണ് 'ആരാണ് അയൽക്കാരൻ' എന്ന ചോദ്യം ഒരാൾ യേശുവിനോടു ഉന്നയിക്കുന്നത്. ആ ചോദ്യത്തിന്

www.malankaralibrary.com

മറുപടിയായും വിശദീകര ണമായും പറഞ്ഞതാണ് നല്ല സമര്യാക്കാരൻറെ കഥ. വഴിയിൽ കള്ളന്മാരാൽ ആക്രമിക്കപ്പെട്ടു അവശനായിക്കടന്ന ഒരു ജൂതനെ സഹായിക്കുവാൻ മറ്റാരും തയ്യാറാകാതിരിക്കെ, ഒരു സമര്യാക്കാരൻ അയാളെ പരിചരിക്കുന്നു. ജൂതന്മാരും സമര്യാക്കാരുമായി നിലനിന്നി രുന്നത് അസമത്വത്തിലൂന്നിയ ബന്ധമായിരുന്നു. സമര്യാക്കാരെ വിശ്വസിക്കാൻ കൊള്ളാത്തവരും അധമന്മാരുമായി പരിഗണിക്ക പ്പെട്ടിരുന്ന സാമൂഹ്യ പശ്ചാത്തലത്തിലാണ്, അവശനായ ജൂതനെ സഹായിക്കാൻ സമര്യാക്കാരൻ തയ്യാറാകുന്നത്. അതാണ് ആ കഥയുടെ സന്ദേശലാവണ്യം. അതാണ് ഒരു നല്ല അയൽക്കാരന്റെ ലക്ഷണം. തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന വാക്യത്തിന് ആരോടും വിദ്വേഷവും ശത്രുതയും ഇല്ലാതിരിക്കുക എന്നാണർത്ഥം. വ്യത്യാസങ്ങളുണ്ടായേക്കാം; എന്നാൽ അതൊന്നും അകൽച്ചയ്ക്കും വിദ്വേഷത്തിനും കാരണമാകരുത്. ആ അറിവാണ് ദൈവപുത്രനായ യേശുവിൻറെ അഭയമന്ത്രം.

പല മതക്കാരും ജാതിക്കാരും ഒരേ ദൈവത്തെ (തങ്ങൾക്കിഷ്ടമുള്ള വിധം) ഉപാസിക്കുന്നു. വ്യത്യസ്ത ഭാഷയിൽ സ്തുതിക്കുന്നു. പലരീതിയിൽ ആരാധിക്കുന്നു. പല ദൈവങ്ങളുണ്ടായാൽ അത് ദൈവമല്ലെന്ന അറിവിൽ നിലയുറപ്പിച്ചു കൊണ്ട്, പരസ്പര സ്നേഹത്തിന്റെ മതത്തിൽ വിശ്വസിക്കാനാണ് അടിസ്ഥാനപരമായി എല്ലാ മതങ്ങളും ആവശ്യപ്പെടുന്നത് . വാക്കുകളിലും ആചാരങ്ങളിലും കാലാന്തരത്തിൽ വന്നു ഭവിച്ച മാറ്റങ്ങൾ ഈ അടിസ്ഥാന ഐക്യത്തെ തമസ്കരിച്ചു എന്നിരിക്കാം. ഒന്നായത്, ആ ഇരുളിൽ ചിലർക്ക് പലതായി പ്രത്യക്ഷമായേക്കാം. ആ ഇരുൾമറയ്ക്കുള്ളിലേക്കു തുളഞ്ഞു കയറണമെങ്കിൽ പരമമായ സത്യം ഏകമാ ണെന്ന ബോധ്യം ആത്മാവിൽ മുദ്രിതമാവണം.

'ഒരൊറ്റ മതമുണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും
പാർവ്വണ ശശിബിംബം'

എന്ന പ്രസിദ്ധമായ വരികൾ ഒന്ന് ശ്രദ്ധിച്ചു വായിക്കൂ. ലോകത്തിനു ഒരു സൂര്യനും ഒരു ചന്ദ്രനും മാത്രമേയുള്ളു. അവയാകട്ടെ, സകലർക്കും അവകാശപ്പെട്ടത്. ആ സൂര്യനെച്ചൊല്ലി കലഹിക്കുന്ന പോലെ ബാലിശമാണ് മതത്തെച്ചൊല്ലിയുള്ള കലഹ വും, ദൈവത്തെച്ചൊല്ലിയുള്ള അകലവും. ഏറ്റവും മിതമായിപ്പറഞ്ഞാൽ അത് അജ്ഞതയും ദൈവനിന്ദയു മാകുന്നു.

എല്ലാ മതങ്ങളെയും ഉൾക്കൊള്ളാനുള്ള നമ്മുടെ സ്വാഭാവിക വാസനയെ ആരാണ് വികലമാക്കിയത്? മതങ്ങൾ തങ്ങളിലുള്ള സൗഹാർദ്ദം ആരെയൊക്കെ അസ്വസ്ഥരാക്കുന്നുവോ, അവ രെല്ലാം നമ്മുടെ വാസനയെ വികലമാക്കാൻ ശ്രമിക്കുകയാണ്. അങ്ങനെ ശ്രമിക്കുന്നവർ ആരുമാകട്ടെ; വ്യക്തികളുടെ വിശ്വാസങ്ങൾ എന്തിനാണ് പണയപ്പെടുത്തുന്നത്? മതസൗഹാർദ്ദത്തിനു പകരം വയ്ക്കാൻ മറ്റെന്താണുള്ളത്? സൗഹൃദത്തിന്റെ വിപരീത പദം വിദ്വേഷമാണ്. സഹിഷ്ണുത എന്ന പദപ്രയോഗം പോലും കൃത്യമല്ല.

സഹിഷ്ണുത എന്നാൽ 'സഹിക്കുക' എന്നാണർത്ഥം. ഒരാളിന്റെ മതത്തെ മറ്റൊ രാൾ 'സഹിക്കുന്നതിൽ' എന്താണ് മഹത്വം? നമ്മുടെ ഹൃദയ വിശാലത കൊണ്ട് 'സഹിക്കുന്നു' എന്ന് പറയുമ്പോൾ 'സഹിക്കരുതാത്തതെന്തൊക്കെയോ ഉണ്ട്; പിന്നെ അങ്ങ് സഹിക്കുന്നു' എന്നൊരു താൻപോരിമയുടെ സ്വ രമുണ്ട്. സഹിഷ്ണുതയുടെ ഔദാര്യമല്ല, സമത്വവും സൗഹാർദ്ദവുമാണാവശ്യം. ഒരു മതത്തെക്കുറിച്ച് തെറ്റായ ആശയങ്ങൾ പ്രചരിപ്പിക്കാൻ ചിലർക്ക് താല്പര്യമുണ്ടാകാം. എന്നാൽ എങ്ങനെയുള്ള വ്യക്തി യായി ജീവിക്കണമെന്ന് തീരുമാനി ക്കാനുള്ള പരമാധികാരം ഓരോ വ്യക്തിക്കുമുണ്ടല്ലോ. വിട്ടുവീഴ്ച ചെയ്യരുതാത്ത ജീവിതമൂല്യമാണ് മതബഹുമാനവും മതസൗഹൃദ വും. രോഗം ബാധിക്കാതെ വാക്സിൻ കുത്തിവയ്പ്പ് എങ്ങനെ ശരീരത്തെ പ്രതിരോധി ക്കുന്നുവോ, അതേ പോലെ, മതങ്ങളെല്ലാം അന്വേഷിക്കുന്ന സത്യം ഒന്നാണെന്ന അറിവ്, വിദ്വേഷവിഷം തീണ്ടാതിരിക്കാൻ നമ്മെ മാനസികമായി ശാക്തീകരിക്കും. അന്യമതങ്ങളെ വെറുക്കാൻ പ്രേരിപ്പിക്കുന്ന ആശയങ്ങളെ അവഗണിക്കാനും, ധീരമായ മനോഭാവം കൊണ്ടും ഉദാത്തമായ മനുഷ്യത്വം കൊണ്ടും തെളിവുള്ള അറിവുകൊണ്ടും ധീരമായി നേർവഴി നടക്കാനും ബോധപൂർവ്വം പരിശീലിക്കണം. സങ്കുചിത മതവിശ്വാസമെന്നത് ദൗർബല്യമാണെങ്കിൽ, വെറുപ്പും വിദ്വേഷവും വളർത്തുന്ന ആശയങ്ങൾ സ്വീകരിക്കുക എന്നത് രോഗബാധ തന്നെയാണ്. ആ രോഗം നമുക്കറിയാവുന്ന എല്ലാ രോഗങ്ങളെക്കാളും മാരകമാണുതാനും.

www.malankaralibrary.com





# നീയും ഞാനും ഒന്നായ നമ്മളും എന്ന സമവാക്യം



മാർ അലക്സ് വടക്കുംതല
കണ്ണൂർ ബിഷപ്പ്

"നാമാരൊക്കെയെന്തൊക്കെ നാത്തൂനേ" എന്ന ചോദ്യത്തിന് കവി മുരുകൻ കാട്ടാക്കടയുടെ "ഒരു നാത്തൂൻപാട്ട്" എന്ന കവിതയിലെ മറുപടി ഇപ്രകാരമാണ്.

"ആയിരം ജാതികളായിരം ചേരികൾ
അമ്പതിനായിരം നീയും ഞാനും !"

വിഭജിച്ച്, വിഘടിച്ച് ശൈഥില്യം സംഭവിക്കുന്ന ഒരു സമൂഹത്തിന്റെ അപായസൂചന ഈ വരികളിലുണ്ട്.

ഈ അപായമണി മുഴങ്ങുന്നതാർക്കുവേണ്ടി എന്ന് ഗൗരവതരമായി നാമിന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ജാതി-മത-വർണ്ണ-വർഗ ചേരിതിരിവുകളുടെ അപകടസാധ്യത നമ്മുടെ ഭവനങ്ങളുടെ പടിപ്പുരകളിൽ വരെ വന്നെത്തിയിരിക്കുന്നുവോ? സമഭാവനയോടെ ചിന്തിക്കാനും സൗഹാർദ്ദതയോടെ ഇടപഴകാനും ഒരുമയോടെ നീങ്ങാനുമായില്ലെങ്കിൽ പിന്നെ

എന്തു വിദ്യാഭ്യാസ മേന്മ? എന്തു വിശ്വാസ പൈതൃകം?

2002-ലെ ഗുജറാത്ത് വർഗീയ കലാപത്തിന്റെ തൊട്ടടുത്ത ദിനങ്ങളിൽ ഡൽഹിയിൽ നിന്ന് ആരംഭിച്ച ഒരു "സദ്ഭാവന തീർത്ഥയാത്ര"യിൽ ഞാനും അംഗമായിരുന്നു. ഈയിടെ അന്തരിച്ച സ്വാമി അഗ്നിവേശിനോടും ഗാന്ധിയൻ നിർമ്മല ദെഷ്പാന്തയോടുമൊപ്പം ഞങ്ങൾ, ഫാദർ ഡൊമിനിക് ഇമ്മാനുവേലും, സൈലേസ് ഗാന്ധിയും, വത്സൽ തമ്പുവും, ഷാഹൂൽ അഹമ്മദും ഒക്കെ ഉണ്ടായിരുന്നു. 2002 ഫെബ്രുവരി 27-ന് അയോധ്യയിൽ നിന്ന് തിരിച്ചെത്തിയ സബർമതി എക്സ്പ്രസിൽ 56 കർസേവകർ ഗുജറാത്തിലെ ഗോദ്ര സ്റ്റേഷനടുത്തുവച്ച് വെന്തെരിഞ്ഞ് കൊല്ലപ്പെട്ടതിനെത്തുടർന്ന് പൊട്ടിപ്പുറപ്പെട്ട വർഗീയ കലാപത്തിന്റെ ദുരന്ത സ്പന്ദനങ്ങളുടെയും ഉണങ്ങാത്ത മുറിവുകളുടെയും, കെട്ടടങ്ങാത്ത പകയുടെയും, വിദ്വേഷത്തിന്റെയും മദ്ധ്യത്തിലേക്കാണ് ഞങ്ങൾ വണ്ടിയിറങ്ങിയത്. ദൈന്യതയും ഭയവും വെറുപ്പും ഉള്ളിലൊതുക്കി ക്യാമ്പുകളിൽ കഴിയുന്നവരെ ഞങ്ങൾ ചെന്നുകണ്ടു. അവരോടു സംസാരിച്ചു. വിവിധ രാഷ്ട്രീയ മത നേതാക്കളുമായി സംവേദിച്ചു. വദോദറയിലും ഭാവ്നഗറിലും രാജ്കോട്ടും ഒക്കെ ഞങ്ങൾ ശാന്തിദൂതുമായി സഞ്ചരിച്ചു. അഹമ്മദ്ബാദിലെത്തിയപ്പോൾ ഒരുമിച്ചുകൂടിയത് വിഖ്യാതമായ സെന്റ് സേവ്യേഴ്സ് കോളേജിന്റെ അങ്കണത്തിലെ പുൽതകിടിയിൽ വലിയ തണൽമരത്തിന് കീഴിലായിരുന്നു. രണ്ട് ക്യാമ്പസുകളിലായി കിന്റർ ഗാർട്ടൻ മുതൽ ബിരുദാനന്തര ബിരുദം വരെ ഒരേ ക്ലാസ് മുറികളിൽ പഠിച്ച വിവിധ മതവിഭാഗങ്ങളിലെ സഹപാഠികൾ ആ സന്ധ്യയിൽ ഒരുമിച്ചുവന്നു. അന്ന് അവർ പരസ്പരം ചോദിച്ചു: "നമ്മളെന്തേ നമ്മൾ പഠിച്ച പാഠങ്ങൾ മറന്നുപോയി? നമ്മുടെ ചുറ്റുപാടുകൾ കലാപഭൂമിയായപ്പോൾ നമ്മളും എന്തേ വിവിധ ചേരികൾ തിരിഞ്ഞ് യുദ്ധത്തിൽ പങ്കുചേർന്നു? നാം സമ്പാദിച്ച ഉന്നത വിദ്യാഭ്യാസം എന്തേ നമ്മെ ഉയർന്നു ചിന്തിക്കാൻ സഹായിച്ചില്ല?! നമ്മുടെ വിശ്വാസം എന്തേ നമ്മെ ഒരുമിപ്പിച്ചില്ല?!"

സമാധാനത്തിന്റെയും സമഭാവനയിലൂടെ സ്വാതന്ത്ര്യത്തിന്റെയും പാത തെളിയിച്ച പ്രവാചകനെ ലോകത്തിനു സമ്മാനിച്ച നാട്ടിൽ ഈ തിരിച്ചറിവും ചിന്തയും ചോദ്യങ്ങളും കുറച്ചുപേരിലെങ്കിലും ഉയർന്നത് സ്വാഭാവികം. "യങ്ങ് ഇന്ത്യ"യിൽ 1924 മെയ് 29-ന് മഹാത്മാ ഗാന്ധി എഴുതി: ഹിന്ദു - മുസ്ലീം ഹൃദയ ഐക്യമാണ് ഭാരത സ്വാതന്ത്ര്യത്തിന്റെ അവശ്യഘടകം. (S. Abid Husain, Gandhiji and Communial Unity, Orient Longman, Bombay, 1969, p.23). മറ്റൊരിക്കൽ മഹാത്മജി കുറിച്ചു: "സത്യത്തെ അറിയുകയും അതിന്റെ അനിവാര്യത അനുഭവപ്പെടുകയും ചെയ്ത നിമിഷം മുതൽ ക്രിസ്തുമതത്തെയോ മറ്റേതെങ്കിലും മതങ്ങളെയോ പരസ്യമായി അംഗീകരിക്കുന്നതിൽ നിന്നും എന്നെ തടയാൻ ഈ ലോകത്തിൽ യാതൊന്നിനും കഴിയുമായിരുന്നില്ല. ബൈബിളും ഖുറാനും പഠിക്കാൻ അവസരം ലഭിച്ചതോടെ ഞാനൊരു ക്രിസ്താനിയോ മുസൽമാനോ ആണെന്ന് പറയുവാൻ എനിക്ക് മടിയില്ലാതെയായി. ഹിന്ദു, ക്രിസ്ത്യാനി, മുസൽമാൻ തുടങ്ങിയവ സമാനാർത്ഥങ്ങളുള്ള പദങ്ങളാണ്". (യങ്ങ് ഇന്ത്യ, 02.09.1926, മഹാത്മാഗാന്ധി, ഞാനറിയുന്ന ക്രിസ്തു, വിവർത്തനം, പ്രൊഫ. ടോണി മാത്യു, ഗാന്ധിഭവൻ, കൊച്ചി, 1999, പേജ് 6).

യഥാർത്ഥ വിശ്വാസിയായിരിക്കുകയും, എന്നാൽ സമഭാവനയോടും സഹാനുഭൂതിയോടും കാണാനുള്ള മഹാത്മജിയുടെ മഹത്വമാണ് ഇന്നും മാതൃകയാക്കേണ്ടത്. ഈ മഹത്വമാണ് മലയാളത്തിന്റെ മഹാകവി വള്ളത്തോൾ മനോഹരമായി വാഴ്ത്തി പാടിയത്,

"ക്രിസ്തുവിന്റെ പരിത്യാഗശീലവും സാക്ഷാൽ-
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെ അഹിംസയും ശങ്കരാചാര്യരുടെ-
ബുദ്ധിശക്തിയും രന്തീദേവന്റെ ദയാവായ്പും
ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും മുഹമ്മദിൻ-
സ്ഥൈര്യവുമൊരാളിൽ ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി-
ലല്ലായ്കിലവിടുത്തെ ചരിത്രം വായിക്കുവിൻ".

ആർഷഭാരത സനാതനമൂല്യങ്ങളും ധർമ്മങ്ങളും ഈ രാജ്യത്തിന്റെ ഭരണഘടനയുടെ അടിസ്ഥാനവും അന്തസത്തയുമായി കടന്നുവന്നത് എത്രയോ വിലപ്പെട്ടതാണ്. ഭരണഘടനയിൽ വ്യക്തമാക്കിയിരിക്കുന്ന സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൗലികാവകാശങ്ങൾ അഖണ്ഡ ഭാരത നിർമ്മിതിയുടെ അടിസ്ഥാന ഘടകമായി ഭരണഘടനാ കർത്താക്കൾ കണ്ടിരുന്നു. മഹാ ഉപനിഷത്തിലെ, "വസുധൈവ കുടുംബകം" എല്ലാവരെയും സമഭാവനയോടെ കാണാനും സ്വീകരിക്കാനും ഓർമ്മിപ്പിക്കുന്നു. മഹാത്മാ ഗാന്ധി തന്നെ ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ കാതലായി പരിഗണിക്കയും, തന്റെ ജീവിതത്തിൽ പാലിക്കാനായി ഹൃദിസ്ഥമാക്കുകയും ചെയ്ത ഗിരി പ്രഭാഷണത്തിലെ അഷ്ഠസൗഭാഗ്യങ്ങളും ഭഗവത്ഗീതയിലെ, നിഷ്ക്കാമകർമ്മവും യഥാർത്ഥത്തിൽ ഭരണഘടനയിൽ അന്തർലീനമായിരിക്കുന്ന ഉൾവിചാരങ്ങളായത് എത്രയോ അനുഗ്രഹമായി. അന്ത്യോദയ - ഏറ്റവും അവസാന

www.malankaralibrary.com



ത്തെ വ്യക്തിയുടെ വളർച്ചയും വികസനവും അതാണല്ലോ രാഷ്ട്ര വികസനത്തിൽ വിലയുറ്റതും വളർച്ചയുടെ ഗതിയിൽ നിരന്തരം വിലയിരുത്തേണ്ടതും.

ഫ്രാൻസീസ് പാപ്പ, "സോദരർ സർവ്വരും" (Fratelli Tutti) - മനുഷ്യർ രോഗഭീതിയിലും യുദ്ധത്തിന്റെയും ഭീകരവാദത്തിന്റെയും ഭയത്തിലും നിറമിഴിയോടെ തേങ്ങി നിൽക്കേ, പ്രത്യാശയുടെ പ്രവാചകശബ്ദമായി നൽകിയ സാമൂഹിക പ്രബോധനമാണല്ലോ. എല്ലാ ജനതതിയോടും തുറവിയിലും സാർവലൗകികമായ വീക്ഷണത്തിലും വാക്കുകൾകൊണ്ട് പരിമിതപ്പെടുത്താനാവാത്ത വിശ്വ സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും പുതുസ്വപ്നം മനസ്സിൽ സൂക്ഷിച്ചും ആണ് ഈ രേഖ എഴുതുന്നതെന്ന് പാപ്പ വ്യക്തമാക്കുന്നു (ഫ്രത്തെല്ലി തൂത്തി, നമ്പർ 6). എണ്ണൂറ് വർഷങ്ങൾക്കു മുമ്പ് കുരിശുയുദ്ധം നടമാടിയ കാലയളവിൽ ഈജിപ്തിലെ സുൽത്താൻ മാലിക് അൽ-കമീലിനെ കാണാനായി ദൂരം, ഭാഷ, സംസ്ക്കാരം, മതം, യാത്രാപരിമിതികൾ എന്നിവയൊന്നും പരിഗണിക്കാതെ അസീസിയിലെ വിശുദ്ധ ഫ്രാൻസീസ് യാത്രചെയ്തു. സ്നേഹത്തിന്റെ മഹത്വത്തിൽ എല്ലാവരെയും ആശ്ലേഷിക്കാനുള്ള തീരുമാനമാണ് അപകടങ്ങളും വെല്ലുവിളികളും വകവയ്ക്കാതെ, തന്റെ ഐഡന്റിറ്റി മറച്ചുവയ്ക്കാതെ, ക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽ, എളിമയിലും സാഹോദര്യത്തിലും, എന്നാൽ തന്റെ വിശ്വാസം പങ്കുപറ്റാത്തവരിലേക്ക് പോലും യാത്ര ചെയ്യാൻ വിശുദ്ധ ഫ്രാൻസീസിനെ പ്രേരിപ്പിച്ചത് എന്ന് പാപ്പാ അനുസ്മരിക്കുന്നുമുണ്ട് (ഫ്രത്തെല്ലി തൂത്തി, നമ്പർ 3).

പതിറ്റാണ്ടുകളുടെ യുദ്ധങ്ങളും പരാജയങ്ങളും നമ്മെ പഠിപ്പിച്ചത് സംയോജനങ്ങളുടെ (Integration) സമവാക്യങ്ങളാണ് (ഫ്രത്തെല്ലി തൂത്തി, നമ്പർ 10). എങ്കിലും, വിഘടനത്തിന്റെ അടയാളങ്ങളും പൊട്ടിപ്പുറപ്പെടുന്ന സംഘർഷങ്ങളും പല പ്രദേശങ്ങളിലും ഇന്നുമുണ്ട്. സമ്പത്തിന്റെയും ധനത്തിന്റെയും നീതിയുടെയും ആഗോളവത്ക്കരണം സാഹോദര്യത്തിൽ നമ്മെ എത്തിച്ചിട്ടില്ല. വിഭജിച്ചു ഭരിക്കുന്ന രാഷ്ട്രാന്തര സാമ്പത്തിക ശക്തികൾ ഐക്യത്തെ ക്ഷയിപ്പിക്കുന്നു (ഫ്രത്തെല്ലി തൂത്തി, നമ്പർ 12). അനുദിനം, കീഴടക്കി സ്വന്തമാക്കേണ്ട പാതയാണ് സ്നേഹത്തിന്റെയും നീതിയുടെയും സഹവർത്തിത്വത്തിന്റെയും സുരക്ഷിത വീഥി (ഫ്രത്തെല്ലി തൂത്തി, നമ്പർ 11).

പൊതു നന്മ കാംക്ഷിക്കാത്ത രാഷ്ട്രീയം (നമ്പർ 15), ജനതകൾ തമ്മിലുള്ള അകൽച്ച (നമ്പർ 16), പ്രകൃതി സംരക്ഷണത്തിനായി ഉയരുന്ന രോദനം നിശ്ശബ്ദമാക്കൽ (നമ്പർ 17), "നിങ്ങളുടെ സാന്നിദ്ധ്യം ഇപ്പോൾ ആഗ്രഹിക്കുന്നില്ല" എന്ന വിധത്തിൽ ഗർഭസ്ഥ ശിശുക്കളെയും, "ഇനി നിങ്ങളെയൊക്കെ ആവശ്യമില്ല" എന്ന വിധത്തിൽ പ്രായമായവരെയും, അതോടൊപ്പം അംഗവിഹീനരെയും ദരിദ്രരെയും ഒഴിവാക്കൽ (നമ്പർ 18), കുഞ്ഞുങ്ങൾ കടന്നുവരാത്തതിനാൽ സമൂഹത്തിന് ജരാനര ബാധിക്കുന്ന അവസ്ഥ (നമ്പർ 19), ഇതൊക്കെ ഇന്ന് ജന്മമെടുക്കുന്ന പുതിയ ദാരിദ്ര്യത്തിന്റെ അവസ്ഥകളാണ് (നമ്പർ 21). അസ്വസ്ഥതപ്പെടുത്തുന്ന നിഴലുകളാണ്. മനുഷ്യന്റെ ഏകാന്തതയും ഭയവും സുരക്ഷിതത്വമില്ലായ്മയുമൊക്കെ സമൂഹത്തെ മാഫിയാ സംഘങ്ങളുടെ വിളഭൂമിയാക്കിമാറ്റുന്നു. കോവിഡ് - 19 പോലുള്ള മഹാമാരി നമ്മുടെ ബലക്ഷയങ്ങൾ മുഖാവരണംമാറ്റി പുറത്തുകൊണ്ടുവരുന്നു

www.malankaralibrary.com

(നമ്പർ 32). മാത്രമല്ല, പൊള്ളയായ സമ്പർക്ക മാധ്യമങ്ങൾ ഒരുമായിക ലോകത്തെയാണ്ഇവിടെ സൃഷ്ടിക്കുന്നതും (നമ്പർ 42-43).

യേശു പറഞ്ഞ നല്ല അയൽക്കാരന്റെ കഥയുടെ (ലൂക്കാ 10, 25-37) കാലിക പ്രസക്തിയുള്ള വിചിന്തനമാണ് "സഹോദരർസർവ്വരും" എന്ന പ്രബോധനത്തിന്റെ കാതൽ വിവരണം എന്നു പറയാം. പാതവക്കിൽ മുറിവേറ്റ് അവശനായിക്കിടക്കുന്ന അപരിചിതൻ ആരുമാകാം. ഇന്നും ആവർത്തിക്കപ്പെടുന്ന കഥയാണി"ത്. സാമൂഹിക - രാഷ്ട്രീയ അവഗണനകളാലുംദേശീയ - അന്തർ ദേശീയ പ്രതിസന്ധികളാലും അവസരങ്ങൾ നഷ്ടപ്പെട്ട് വഴിയോരങ്ങളിൽ മുറിവേറ്റ് കിടക്കുന്നവർ നിരവധിയുണ്ട് (നമ്പർ 71). കഥ തുടങ്ങുന്നത് കള്ളന്മാരിലാണ്. അവരുടെ ക്രൂരത നടന്നുകഴിഞ്ഞു. ഇന്നും നടമാടുന്ന വിഭജനങ്ങളും നിസ്സംഗതയുംമുറിവുണങ്ങാത്ത യുദ്ധങ്ങളും നമുക്കു ചുറ്റുമുണ്ട് (നമ്പർ 72).

പലരും മുറിവേറ്റു കിടക്കുന്ന മനുഷ്യന്റെ അരികിലൂടെ കടന്നുപോയി. ഒരാൾ മാത്രം അയാളുടെ ചാരെയെത്തി. സ്വന്തം കരങ്ങൾക്കൊണ്ടു പരിചരിച്ച്, സ്വന്തം പോക്കറ്റിൽ നിന്ന് പണമെടുത്ത്ചിലവഴിച്ചു. അയാൾക്കായി സമയം നല്കി (നമ്പർ 63). നിങ്ങളിന്ന് ആരെപ്പോലെയാണ്? പാപ്പാ ചോദിക്കുന്നു: പ്രസക്തവും പ്രയാസമേറിയതും നേരെയുമുള്ള ചോദ്യം. അവസരങ്ങൾ അവഗണിച്ച്, ചുറ്റുമുള്ള സഹനങ്ങൾ നമ്മെ സ്പർശിക്കാതെ കടന്നുപോകുന്നവരാണോ നാം? (നമ്പർ 64). ഇന്നത്തെ പൗരനെന്ന നിലയിൽ, പുതിയ സാമൂഹിക ബന്ധത്തിന്റെ നിർമ്മാതാക്കളെന്ന നിലയിൽ ഒരു ഉയർത്തെഴുന്നേല്പിന് ക്ഷണിക്കുകയാണ് ഈ പാഠം (നമ്പർ 66).

**''ആർഷഭാരത സനാതനമൂല്യങ്ങളും ധർമ്മങ്ങളും ഈ രാജ്യത്തിന്റെ ഭരണഘടനയുടെ അടിസ്ഥാനവും അന്തസത്തയുമായി കടന്നുവന്നത് എത്രയോ വിലപ്പെട്ടതാണ്. ഭരണഘടനയിൽ വ്യക്തമാക്കിയിരിക്കുന്ന സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൗലികാവകാശങ്ങൾ അഖണ്ഡ ഭാരത നിർമ്മിതിയുടെ അടിസ്ഥാന ഘടകമായി ഭരണഘടനാ കർത്താക്കൾ കണ്ടിരുന്നു. മഹാ ഉപനിഷത്തിലെ, ''വസുദൈവ കുടുംബകം'' എല്ലാവരെയും സമഭാവനയോടെ കാണാനും സ്വീകരിക്കാനും ഓർമ്മിപ്പിക്കുന്നു''**

പാപ്പാസമർത്ഥിക്കുന്നു: നാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നുംജീവിതമെന്നത് കടന്നുപോകുന്നതല്ല, കണ്ടുമുട്ടുന്ന സമയമാണെന്നും നല്ല അയല്ക്കാരന്റെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു (നമ്പർ 66). കഥയുടെവിവരണം യേശു സമാപിപ്പിക്കുന്നത് ഒരു അപേക്ഷയോടെയാണ്: "നീയും പോയി അതു പോലെ ചെയ്യുക" (ലൂക്കാ 10,37). ഇതു നമുക്കൊരുവെല്ലുവിളിയാണ്. സഹനത്തിന്റെ നടുവിൽ എല്ലാചേരിതിരിവുകളും വിട്ടുപേക്ഷിച്ച് എല്ലാവർക്കും നല്ല അയൽക്കാരാവുക (നമ്പർ 81). സാഹോദര്യത്തിലും സാമൂഹിക സൗഹൃദത്തിലേക്കും വളരുവാൻ സഹകാരികളാകുവാനും വെല്ലുവിളിക്കുകയാണ് പാപ്പാ, സഹോദരർസർവ്വരും എന്ന പ്രബോധനത്തിലൂടെ.

അസ്വസ്തതകൾ നിരന്തരം നിറഞ്ഞുവരുന്ന ഇന്നത്തെ കേരള സാഹചര്യം സാഹോദര്യത്തിന്റെയും സമഭാവനയുടെയും ക്രിയാത്മകമായ പുതിയ മാർഗങ്ങൾ തേടേണ്ട ആവശ്യകതയിലായിരിക്കുന്നു. അതാണല്ലോ രാഷ്ട്രപിതാവിന്റെ ജീവിതവും സന്ദേശവും ഓർമ്മിപ്പിക്കുന്നത്. ഈ വെല്ലുവിളി തന്നെയാണ് ആധുനിക കാലഘട്ടത്തിന്റെ പ്രവാചക ശബ്ദമായ ഫ്രാൻസീസ് പാപ്പായും പകരുന്നത്.

കവി മുരുകൻ കാട്ടാക്കടയുടെ വരികൾ ഓർമ്മിപ്പിക്കും പോലെ "ആയിരം ജാതികൾ ആയിരം ചേരികൾ അമ്പതിനായിരം നീയും ഞാനും" എന്ന അവസ്ഥ നമുക്ക് ചുറ്റും വന്നുചേരാൻ പാടില്ലല്ലോ ! അത് സ്വീകരിക്കാനും ആവില്ലല്ലോ! നീയും ഞാനും കൂടുമ്പോഴുള്ള സമവാക്യം "ഒന്നായ നമ്മൾ" ആകുന്നതാണല്ലോ ചേലുള്ള സമൂഹജീവിതം !

www.malankaralibrary.com






# സാഹോദര്യവും സമാധാനവും ഇസ്ലാമിക വീക്ഷണത്തിൽ



**പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ**
യൂത്ത് ലീഗ് സ്റ്റേറ്റ് പ്രസിഡന്റ്

സാഹോദര്യത്തിനും, സമാധാനത്തിനും ഒരു മതത്തിന്റെയോ, ദർശനത്തിന്റെയോ അനിവാര്യതയുണ്ടോ എന്നചോദ്യത്തിന് മറുപടി പറഞ്ഞുകൊണ്ടല്ലാതെ ഈ വിഷയത്തെ സംബന്ധിച്ച ഒരു പഠനങ്ങളും മുഴുവനാകുന്നില്ല.പ്രത്യേകിച്ച് മൃഗങ്ങൾക്ക് മതമോ, ദർശനങ്ങളോ ഉണ്ടോ? എന്നിട്ടും അവർ സന്തോഷത്തോടെ ജീവിക്കുന്നില്ലേ എന്നതു പോലുള്ള വാദങ്ങളൊക്കെയും പുരോഗമന മായി പരിഗണിക്കുന്ന പൊതുബോധത്തിൽ സാഹോദര്യത്തിനും സമാധാനത്തിനും ഇസ്ലാം അനിവാര്യമാകുന്നതെങ്ങനെയെന്നത് ചിന്തനീയമാണ്.

അപരിഷ്കൃതരായ പ്രാചീന മനുഷ്യർ സംഘജീവിതം നയിച്ചിരുന്നതായാണ് നരവംശ പഠനങ്ങൾ പറയുന്നത്. അപ്പോൾ സ്വാഭാവികമായും അവർക്കിടയിൽ സാഹോദര്യവും നിലനിന്നിരിക്കണം. എന്നാൽ ഒരു അന്യ സംഘത്തോടുള്ള അവരുടെ നിലപാട് എന്തായിരിക്കും? ഇതിനെ വിശദീകരിക്കുന്നതാണ് ഹെൻട്രി തജ് ഫെലിന്റെ ഗ്രൂപ്പ് ഐഡന്റിറ്റി തിയറി. ഒരു സംഘത്തിനകത്തെ സുരക്ഷിത

www.malankaralibrary.com

ബോധത്തിൽ ജീവിക്കുന്ന മനുഷ്യർസ്വാഭാവികമായും പരസ്പരം കടുത്ത സഹോദര്യം പുലർത്തുന്നവരായിരിക്കും. എന്നാൽ അവർ ആളുകളെ വിഭജിച്ചു കാണാൻ ഇതേ സാഹോദര്യബോധം തന്നെ കാരണമാക്കുന്നുവെന്നാണ് തജ്ഫെൽ പറയുന്നത്. അഥവാ തന്റെ സംഘത്തിനകത്തെ ആളുകളെ സ്വന്തം കൂട്ടരായി സ്നേഹിക്കുന്ന മനുഷ്യൻ പക്ഷേ അത് അല്ലാത്തവരെ അന്യരായും ശത്രുക്കളായും കാണും. മനുഷ്യചരിത്രത്തിന്റെ തിരക്കഥയെടുത്തു നോക്കിയാൽ ഇത്തരം സംഘങ്ങൾക്കും ഗോത്രങ്ങൾക്കും ഇടയിലുള്ള ഏറ്റുമുട്ടലുകൾ കൊണ്ട് രക്തക്കറ പുരണ്ടിരിക്കുന്നതാണത്. മനുഷ്യനിൽ വേരുറപ്പിച്ചിട്ടുള്ള ഈയുദ്ധോത്സുകതയെയാണ് ഇന്റർ ഗ്രൂപ്പ് കോൺഫ്ലിക്റ്റ് തിയറികൾ വിശദീകരിക്കാൻ ശ്രമിച്ചിട്ടുള്ളത്. അപ്പോൾ സകല വിദ്വേഷങ്ങളുടെയും, അസമാധാനത്തിന്റെയും വേര് സ്വത്വപരമായി അന്യരെ വെറുക്കുന്ന മനുഷ്യ മനഃശാസ്ത്രമാണെന്ന് സംഗ്രഹിക്കാം. ഈയൊരു യാഥാർത്ഥ്യ ബോധത്തിൽ നിന്നുകൊണ്ടേ പിന്നെയൊരു പരിഹാരത്തെ അന്വേഷിക്കാൻ കഴിയൂ. ഇവിടെ ഒരു പരിഹാരവും പ്രതിവിധിയും ആവശ്യമാണ്എന്നിടത്താണ് ഇസ്ലാം പ്രസക്തമാകുന്നത്.

ഇസ്ലാം ആദ്യമായി അന്യരുണ്ടെന്ന ചിന്തയെ നിരാകരിക്കുകയാണ് ചെയ്യുന്നത്. സകലരും ആദമിൽ നിന്നും ആദം മണ്ണിൽ നിന്നുമാണെന്ന പ്രഖ്യാപനത്തെ ആ തലത്തിൽ നിന്നാണ് വായിക്കേണ്ടത്. ഈ നിലക്ക് ഇസ്ലാമിൽ സ്വത്വപരമായി അന്യരില്ലാതാവുകയും അതിനാൽഅക്ഷരാർത്ഥത്തിൽ തന്നെ സകലരും സഹോദരർ മാത്രവുമാകുന്നു.

'ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു." (ഖുർആൻ 49:13).

പലതായി വിഭജിക്കുന്ന വ്യത്യസ്ത ഐഡന്റിറ്റികളാണ് വംശീയതയെ നിർമിക്കുന്ന മറ്റൊരു ഘടകം. നിറം, കുലം, ഭാഷ, ഗോത്രം തുടങ്ങിയ വ്യത്യസ്ത സ്വത്വങ്ങളിലൊന്നും പ്രത്യേകിച്ചൊരു മൂല്യവുമില്ലെന്നും, അതുകൊണ്ട് തന്നെ അവയത്രയും തുല്യതകളാണെന്നും പഠിപ്പിക്കുന്ന പ്രവാചക വചനമുണ്ട്. മനുഷ്യന്റെ മൂല്യങ്ങൾ കർമ്മഫലത്തിലാണെന്ന് പറഞ്ഞതിലൂടെ കർമ്മത്തിലൂടെ നല്ലമനുഷ്യനാവുക എന്ന സന്ദേശവും അതിൽ ഉള്ളടങ്ങിയിരിക്കുന്നു.

മുഹമ്മദ് നബിയുടെ വാക്കുകൾ കാണുക: "ജനങ്ങളേ, അറിഞ്ഞുകൊള്ളുക: നിശ്ചയം, നിങ്ങളുടെ നാഥൻ ഏകനാകുന്നു. അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ കറുത്തവന് വെളുത്തവനെക്കാളോ ഒരുശ്രേഷ്ഠതയുമില്ല- ദൈവഭയത്തിന്റെ അടിസ്ഥാനത്തിലല്ലാതെ. അല്ലാഹുവിന്റെയടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയനർ ഏറ്റവും സൂക്ഷ്മതയുള്ളവരത്രെ." (ബൈഹഖി ഉദ്ധരിച്ച ഹദീഥ് ).

ആശയപരമായ വ്യത്യസ്തതകളുള്ളതു കൊണ്ടുതന്നെ മറ്റുമത ദർശനങ്ങളെല്ലാം തെറ്റാണ് എന്നായിരുന്നു ഇസ്ലാം പറയേണ്ടിയിരുന്നത്. എന്നാൽ ഇവിടെയും ആശയ വ്യത്യാസങ്ങളെ മാന്യമായി നിലനിർത്തി അവയെ ഉൾക്കൊള്ളുന്ന ഒരു മനഃശാസ്ത്ര പരിസരത്തെ സൃഷ്ടിക്കാൻ ഇസ്ലാമിന് കഴിഞ്ഞു. പ്രധാന മതദർശനങ്ങളുടെ വാഗ്ദാക്കളെ പ്രവാചകന്മാരായി പരിചയപ്പെടുത്തിയതിലൂടെ അവർക്ക് അന്യമല്ലാത്ത ദർശനമാണ് ഇസ്ലാമെന്നും, സ്വന്തം വേദഗ്രന്ഥത്തിന്റെ തന്നെ ശരിയായ വായനയാണ് ഇസ്ലാമെന്നുമുള്ള പൊതുബോധം ഉണ്ടാക്കി. വൈരുദ്ധ്യത്തിലിരിക്കുന്ന മറ്റ് മതങ്ങളെ പോലും തന്നിലേക്ക് ചേർത്തു ശരി വെക്കുന്ന ഇസ്ലാമിന്റെ ഈ നിലപാട് മനശാസ്ത്രപരമായ അത്ഭുതമായി കാണാൻ കഴിയും.

ഇസ്ലാം, നീതിയെ ശത്രുവിനോട് പോലുമുള്ള ബാധ്യതയായി നിയമിച്ചു. ശത്രുത നീതി പാലിക്കുന്നതിൽ നിന്നും തടയരുതെന്ന് കല്പിച്ചു. അന്യരുടെ ആരാധനാപാത്രങ്ങളെ അപമാനിക്കരുത് എന്നുതുടങ്ങി വർഗ്ഗീയതയെ പൂർണ്ണമായി വിലക്കുന്ന ഇസ്ലാമിക അധ്യാപനങ്ങൾവരെ സമാധാന പൂർണമായ സഹവർത്തിത്വത്തിന്റെ അനിവാര്യതകളായി തീരുന്നു .

www.malankaralibrary.com





# യേശുവിന്റെ മതം



**ഡോ. ജോർജ് ഓണക്കൂർ**
സാഹിത്യകാരൻ

**യേ**ശുക്രിസ്തു വിശ്വാസികളുടെ മനസ്സിൽ ലോകരക്ഷയ്ക്കായി അവതരിച്ച ദൈവപുത്രനാണ്. സമർപ്പണ പാതയിൽ സഞ്ചരിക്കാത്തവർക്കും ആ മഹത്ജന്മം ആരാധ്യമാണ്. ഇന്നോളം ഈ ഭൂമിയിൽ ജീവിച്ചവരാരും സംസാരിക്കാത്ത വിശുദ്ധിയുടെ വാക്കുകളാണ് ആ പുണ്യാത്മാവിൽ നിന്ന് പുറപ്പെട്ടത്. പാണ്ഡിത്യത്തിന്റെ പ്രകടനമില്ല; സങ്കീർണ്ണമായ ആശയഗതികളോ ക്ലിഷ്ടമായ വാക്പ്രയോഗങ്ങളോ ഇല്ല. ക്രിസ്തുവിന്റെ ഭാഷ ലളിതമാണ്. സുതാര്യമാണ്. അതുകൊണ്ടുതന്നെ ആത്മാർത്ഥവും. ഹൃദയത്തിൽ നിന്ന് പുറപ്പെട്ട് ഹൃദയങ്ങളെ സ്പർശിക്കുന്ന ലാളിത്യം.

ഒരു വ്യക്തിയുടെ സംസാരത്തിലൂടെ വെളിപ്പെടുന്നത് അയാളുടെ മനഃസംസ്കൃതിയാണ്. പല ഘടകങ്ങളെ ആശ്രയിച്ചാണ് ഭാഷയുടെ സ്വത്വം രൂപപ്പെടുന്നത്. പാരമ്പര്യത്തിന്റെ സ്വാധീനം, ജീവിതപരിസരം, വ്യക്തികളുടെ സഹവാസം, വേറിട്ട യാത്രാവഴികൾ, വായിച്ചു പഠിച്ച പുസ്തകങ്ങൾ, ചിന്തിച്ച് വശമാക്കിയ ശൈലി ഇവയെല്ലാം അതിപ്രധാനം. ക്രിസ്തുവിന്റെ ഭാഷ വിശാല മനസ്സിന്റെ പ്രകാശനമാണ്. അത് ലളിതവും സുന്ദരവും. ഹൃദയം ഹൃദയത്തോട് സംവദിക്കുന്നതുപോലെ സത്യസന്ധം. ആ ജീവിതത്തിന്റെ മഹത്വമത്രയും വാക്കുകളിൽ വെളിച്ചം നിറയ്ക്കുന്നു. ഒരുവാക്ക് മാറ്റിവയ്ക്കാനോ മറ്റൊന്നു കൂട്ടിച്ചേർക്കാനോ കഴിയാത്ത വിധത്തിൽ ഭാഷാശില്പം ദൃഢവും ചൈതന്യപൂർണ്ണവും. കാലത്തോടും ജനസമൂഹത്തോടും സംസാരിക്കുന്നത് സൂക്ഷ്മത നിറഞ്ഞ ഭാഷയിൽ.

www.malankaralibrary.com

ഭാഷാപ്രയോഗത്തിൽ ഈ കൃത്യത എങ്ങനെ സംഭവിക്കുന്നു എന്ന് സാമാന്യഗതിൽ ചിന്തിച്ചാൽ വെളിപ്പെടുകയില്ല. പണ്ഡിതരായ മാതാപിതാക്കളുടെ സന്തതിയായിരുന്നില്ല യേശു. കൗമാരം കഷ്ടിച്ച് പിന്നിടുകമാത്രം ചെയ്ത ഒരു ഗ്രാമീണയുവതി, അമ്മ. ഏറെക്കുറെ അനാഥത്വം വിധിയായിത്തീർന്ന അവൾ ദേവലായ ശ്രുശ്രൂഷകളിൽ ഏർപ്പെട്ട് കാലം പോക്കിയവൾ. വിവാഹം നിശ്ചയിക്കപ്പെട്ടയാൾ മരപ്പണികൊണ്ടു കാലയാപനം കഴിച്ച തൊഴിലാളി. ഈ കുടുംബാന്തരീക്ഷത്തിൽ നിന്ന് യേശുവിന്റെ ചിന്തയോ വാക്കോ ഉദ്ഭവിക്കുക അസാദ്ധ്യം. ആചാര്യസവിധങ്ങളിൽ വിദ്യാഭ്യാസം ചെയ്തതായി എങ്ങും രേഖപ്പെടുത്തിയിട്ടില്ല. മറിച്ച്, ചെറുപ്രായത്തിൽത്തന്നെ യഹൂദമതത്തിലെ ഗുരുക്കന്മാരും നിയമജ്ഞരും ഉൾക്കൊള്ളുന്ന സമൂഹത്തോട് തർക്കിച്ചും കലഹിച്ചും കഴിയുന്ന ബാലകനെയാണ് നാം ദർശിക്കുന്നത്. അങ്ങനെയെങ്കിൽ യേശുവിന്റെ ചിന്തയും വാക്കും എവിടെ നിന്ന് ഉദ്ഭൂതമായി? അവിടുത്തെ സ്നേഹിതന്മാർ അഥവാ, അനുയായികൾ അധികവും അക്ഷരജ്ഞാനമില്ലാത്ത മത്സ്യത്തൊഴിലാളികൾ. സാഹചര്യങ്ങളിൽ നിന്ന് പുതിയ കാര്യങ്ങൾ പഠിച്ചെടുത്തുവെന്ന് ഊഹിക്കാനാവില്ല. വേദങ്ങൾ വായിച്ചറിഞ്ഞ് ജ്ഞാനം സമ്പാദിച്ചു എന്നതിനും തെളിവുകൾ കണ്ടെത്തുക അസാദ്ധ്യം. യേശുവിന്റെ വാക്കുകളിൽ പ്രസരിക്കുന്ന സത്യത്തിന്റെ പ്രകാശം തീർച്ചയായും പാരമ്പര്യസിദ്ധമല്ല; ഗ്രന്ഥങ്ങളിൽ നിന്ന് ഉൾക്കൊള്ളുന്ന അറിവല്ല; ജ്ഞാനത്തിന്റെ വെളിച്ചമല്ല; സാമൂഹിക ബന്ധങ്ങളിൽ നിന്ന് ആർജ്ജിച്ച വിവേകമല്ല. ആ നിലയ്ക്ക് ഇന്നോളം വെളിപ്പെട്ട സംസ്കാരധാരയിൽ മൗലികവും വ്യാപകവും സ്വീകാര്യവുമായ സംസ്കാരവിശേഷം ഉൾക്കൊള്ളാൻ ആ വാക്കുകൾക്ക് എങ്ങനെ ഉൾക്കൊള്ളാൻ കഴിഞ്ഞു? സാധാരണഗതിയിൽ ഉത്തരം കാണ്ടെത്താനാകാത്ത സമസ്യയാണ് അത്. ഇത്തരം സന്ദർഭങ്ങളിൽ നാം സ്വാഭാവികമായും ചെന്നെത്തുക മാനവികയ്ക്ക് അതീതമായ ദൈവികതയിലാണ്. ക്രിസ്തുവിന്റെ വിചാരവും വാക്കും പ്രവൃത്തിയും മനുഷ്യാതീതമാണ് എന്നും അവിടുന്ന് മനുഷ്യനായി അവതരിച്ച ദൈവം തന്നെയെന്നും ഉള്ള നിഗമനത്തിൽ സ്വാഭാവികമായും എത്തിച്ചേരുന്നു. മനുഷ്യന് അപ്രാപ്യമായത് ദൈവികം എന്ന ആദ്ധ്യാത്മികതയുടെ സാധാരണമായ കണ്ടെത്തൽ.

പക്ഷേ, യേശുവിന്റെ വാക്കുകളും പ്രവൃത്തികളും പൂർണ്ണമായും യഥാർത്ഥ മാനവികതയുടെ മനോഹാരിത ഉൾക്കൊള്ളുന്നതാണ്. മനുഷ്യപുത്രൻ എന്ന നിലയിൽ യേശുവിനെ മനസ്സിലാക്കുകയും ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് ഉയർത്തുകയും ചെയ്യാതെതന്നെ ആ മഹാദർശനത്തിന്റെ മഹിമ പ്രകാശിപ്പിക്കുക സാദ്ധ്യമെന്നു തോന്നുന്നു. ഭൂമിയിൽ എങ്ങനെ നല്ല മനുഷ്യരായി ജീവിക്കാം; ആ ജീവിതം വഴി എങ്ങനെ ദൈവരാജ്യത്തിന് അവകാശികളായിത്തീരാം എന്ന വിവേകപൂർണ്ണമായ ചിന്തയാണ് യേശുവിന്റെ വാക്കുകളുടെ പ്രകാശം. അത് മനുഷ്യർക്ക് അനുഭവവേദ്യമാകേണ്ട ദൈവനീതിയെക്കുറിച്ചുള്ള ആത്മവിചിന്തനത്തിൽ വെളിപ്പെട്ടു കിട്ടുന്നതാണ്. കേവലമായ പഠനമോ പരിസരജ്ഞാനമോ അല്ല, മനസ്സിനെ ഒരേ സത്യത്തിൽ കേന്ദ്രീകരിക്കുമ്പോഴുണ്ടാകുന്ന ആത്മജ്ഞാനമാണ് അതിന്റെ പ്രഭവകേന്ദ്രം. പന്ത്രണ്ടു വയസ്സുവരെ യേശുവിന്റെ ജീവിതം വിശുദ്ധഗ്രന്ഥത്തിൽ നാം വായിച്ചറിയുന്നു. പിന്നീട് അവിടുന്ന് പ്രത്യക്ഷപ്പെടുന്നത് മുപ്പതാം വയസ്സിൽ മാത്രമാണ്. ഇക്കാലമത്രയും ദൈവസമർപ്പണത്തിലും ആദ്ധ്യാത്മിക ധ്യാനത്തിലും മുഴുകി ജീവിതം നയിക്കുകയും തപോനിഷ്ഠമായ മാനസികവ്യാപാരത്തിലൂടെ ജീവസത്യം തേടുകയും ചെയ്തിരിക്കാം. അങ്ങനെ ആർജ്ജിച്ച ജ്ഞാനവും വികസിച്ച ബുദ്ധിയും അത്യപൂർവ്വമായ ആദ്ധ്യാത്മികതയുമാണ് യേശുവിന്റെ ചിന്തയും വാക്കും പ്രവൃത്തികളും വെളിപ്പെടുത്തുന്നത്. ധ്യാനവഴികളിലൂടെ നിരന്തരമായി നടത്തിയ സഞ്ചാരം പുതിയ ദർശനങ്ങളിൽ എത്തിച്ചേരുന്നതിന് നിദാനമായിത്തീരുക സ്വാഭാവികം.

ക്രിസ്തുവിനുമുൻപ് നിലനിന്നിരുന്നത് യഹൂദനിയമങ്ങളാണ്. ആർദ്രതയില്ലാത്ത അതികഠിനമായ നിയമവിധികൾ. ‘പല്ലിനു പകരം പല്ല്; കണ്ണിനു പകരം കണ്ണ്’ എന്ന കർക്കശവും ക്രൂരവുമായ നിയമവിധികൾ. അത് നടപ്പാക്കാൻ നേതൃത്വം നൽകിയവരോ സമൂഹത്തിലെ സമ്പന്നരും ശാസ്ത്രികളും അവരുടെ താളത്തിനൊത്തു തുള്ളുന്ന അധികാരികളും പുരോഹിതവർഗ്ഗവും. ഇവരുടെ മനുഷ്യത്വരഹിതമായ ഈ സമീപനത്തിൽ മനമുരുകി അക്ഷമരായിക്കഴിഞ്ഞ സാമാന്യജനങ്ങളോടാണ് യേശു സംസാരിച്ചത്. അവർക്കു വേണ്ടിയാണ് ജീവിച്ചത്. അവിടെ നിയമങ്ങൾക്കു പകരം നീതിയെക്കുറിച്ചും കഠിനവ്രതങ്ങളുടെ അനുഷ്ഠാനത്തിനു പകരം സ്നേഹശീതളമായ കാരുണ്യത്തെക്കുറിച്ചും യേശു സംസാരിച്ചു. പാപം ചെയ്തു എന്ന് നിയമം വിധി കൽപിച്ച പാപിനിയായ സ്ത്രീയോട് ദയകാട്ടി. അവളെ സ്വതന്ത്രയായി വിട്ടയച്ചു. കല്ലെറിയാനൊരുങ്ങി നിന്ന സമൂഹത്തിലെ ആചാര്യന്മാരോട് ‘നിങ്ങളിൽ

www.malankaralibrary.com

പാപം ചെയ്യാത്തവർ കല്ലെറിയുക' എന്ന പുതിയ നീതി അനുശാസിച്ചു. മറ്റുള്ളരെ വിധിക്കാൻ പുറപ്പെടും മുമ്പ് തങ്ങൾക്ക് അതിന് അർഹതയുണ്ടോ എന്ന് പുനരാലോചിക്കാൻ ആവശ്യപ്പെട്ടു. 'നിങ്ങൾ വിധിക്കപ്പെടാതിരിക്കുന്നതിന് മറ്റുള്ളവരെ വിധിക്കരുത്' എന്ന പുതിയ ദർശനം. സ്വന്തം കണ്ണിൽ കോൽ ഇരിക്കുമ്പോൾ അപരന്റെ കണ്ണിലെ കരടിനെ കുറ്റപ്പെടുത്തരുത്.

ഇത് യേശുവിന്റെ കാലത്തിന് മാത്രമല്ല എതെങ്കിലും ദേശത്തിനോ ജനവിഭാഗത്തിനോ വേണ്ടിയുമല്ല; എക്കാലത്തെയും മനുഷ്യർ എവിടെയും അനുശീലിക്കേണ്ട സത്യമാണ് എന്ന് യേശു സിദ്ധാന്തിച്ചു.

ഇതാണ് യേശുവിന്റെ മതം. ദൈവത്തിന്റെ മക്കളാണ് എല്ലാവരും. പരസ്പരം ദ്വേഷിക്കരുത്. സ്നേഹിച്ച് നീതിബോധത്തോടെ ഈ ഭൂമിയിൽ ജീവിക്കണം. അങ്ങനെ സ്വർഗ്ഗത്തിന്റെ അനുഗ്രഹം സ്വന്തമാക്കണം. അയൽക്കാരനോട് വിരോധം ചിന്തിക്കുകയും അവന് എതിരായി തിന്മപ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ഒരിക്കലും ദൈവത്തിന്റെ അനുഗ്രഹമോ ശാന്തിയോ ആഗ്രഹിക്കാനോ അവകാശപ്പെടാനോ സാദ്ധ്യമല്ല. മനുഷ്യസ്നേഹത്തെക്കാൾ വലിയ മതമില്ല; ആരാധനയില്ല. ഈ സത്യം വെളിപ്പെടുത്തുന്ന ലളിതവും സുന്ദരവുമാണ് യേശുവിൽ നിന്ന് പുറപ്പെട്ട വാക്കുകൾ. എക്കാലത്തും ഒരേ ശബ്ദം. ഒരേ താളം. അതുപകരുന്ന സന്ദേശവും ഒന്നുതന്നെ. സത്യവും സ്നേഹവും പ്രകാശം പരത്തുന്ന യേശുവിന്റെ മതം. കാലത്തെ പരിണമിപ്പിക്കുന്ന ഉദാത്ത ചൈതന്യമായി അത് അനുഭവവേദ്യം.





# മഗ്ദലനയുടെ സങ്കീർത്തനം

ആൾക്കൂട്ടം
ആരെ കല്ലെറിഞ്ഞുവോ
അവർക്കൊപ്പമായിരുന്നു
ദൈവം..
ആരെ വിചാരാണ ചെയ്തുവോ
അവർക്കൊപ്പമായിരുന്നു
നീതി പാഠം.

ഒന്ന് മറ്റൊന്നിനെ
തള്ളിപ്പറുയുമ്പൊഴും
ഉള്ളിന്റെ ഉള്ളം നീറി കത്തുന്നത്
ആരിലാണ്?.
എല്ലാം ഒന്നെന്ന് ശാന്തി
ആശംസിക്കുമ്പൊഴും
ഭിന്നമാണെല്ലാമെന്ന് ഊറ്റം
കൊള്ളുന്നത്
ആരുടെ സങ്കീർത്തനം?

ഇരുൾ മറ തീർക്കുന്നവർ
ആരെ പുകഴ്ത്തുന്നുവോ
അവരുടെ വിത്തുകൾ
തളിർക്കാതെ പോകുന്നു.

ആത്മവിസ്ഫോടനങ്ങളുടെ
കിടങ്ങുകളിൽ
മഗ്ദലനയുടെ പൊട്ടിച്ചിരി
നിറയുന്നു..
രക്തവും മാംസവും
പങ്കുവച്ച്
അവൾ
വിശുദ്ധയാകുന്നു..

ആരവങ്ങൾക്കപ്പുറം
ആരോരുമറിയാതെ
അരവയറിന്റെ
ഇതിഹാസ ദുഖം.

വിചാരണയില്ലാതെ
തൂക്കിലേറ്റപ്പെടുമ്പോൾ
ഞാനും
കഴുമരവും
ചിരിക്കുന്നു.



**ജോയ് തമലം**

www.malankaralibrary.com





# മതസൗഹാർദത്തിന്റെ കാലിക പ്രസക്തി



**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**
ശാന്തിഗിരി ആശ്രമം, തിരുവനന്തപുരം

ഭാരതം വ്യത്യസ്തമായ സാമ്പത്തിക സാമൂഹ്യശ്രേണികളിൽ ജീവിക്കുന്ന ഭിന്നമതാനുയായികളുള്ള ഒരു ജനാധിപത്യ രാഷ്ട്രമാണ്. ഇത്തരത്തിലുള്ള ഒരു ജനാധിപത്യ രാജ്യത്തിൽ മതസൗഹാർദം അടിസ്ഥാനപരമായ ഘടകമാണ്. സാമൂഹ്യമായ പുരോഗതി ഉണ്ടാകണമെങ്കിൽ, സമൂഹങ്ങൾ തമ്മിൽ ഐക്യം ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. സാമൂഹീക ഐക്യം ദൃഢപ്പെടണമെങ്കിൽ എല്ലാ മതത്തിലും വിശ്വാസത്തിലും ഉള്ള ആളുകളുടെ ഐക്യം അത്യന്താപേക്ഷിതമാണ്. കാരണം, ഒരു സമൂഹം എന്നുപറയുന്നത് വ്യത്യസ്തമായ ആശയങ്ങളുള്ള, ആചാരങ്ങളുള്ള, വിശ്വാസപ്രമാണങ്ങളെ പിൻതുടരുന്ന ഒരുകൂട്ടം കുടുംബങ്ങൾ ചേർന്നതാണ്. മതസൗഹാർദമില്ലാത്ത സമൂഹത്തിന് അധികകാലം പിടിച്ചു നിൽക്കുവാനാകില്ല. കാരണം മതം എന്നുപറയുന്നത് വ്യക്താധിഷ്ഠിതമാണ്. അത്തരത്തിൽ വിവിധ വ്യക്തികൾ ചേരുമ്പോൾ കുടുംബങ്ങളാകുന്നു. കുടുംബങ്ങൾ ചേർന്ന് സമൂഹമാകുന്നു. സമൂഹങ്ങൾ ചേർന്ന് നാടും രാജ്യവും ലേകവും ഒക്കെ നിലകൊള്ളുന്നു. ഒരു സമൂഹത്തിന് കെട്ടുറപ്പുണ്ടാകണമെങ്കിൽ അപ്പോൾ ഈ വൈവിധ്യമാർന്ന വിശ്വാസത്തിലുള്ളവർ ഒരുമിച്ച് നിൽക്കുകയും, പ്രവർത്തിക്കുകയും വേണം. അപ്പോൾ വിശ്വാസമെന്തുമാകട്ടെ മനുഷ്യന്റെ ആത്യന്തികമായ വളർച്ചയ്ക്ക് , വികാസത്തിന് ഐക്യം ആവശ്യമാണ്. ഈ തിരിച്ചറിവായിരിക്കും നമ്മുടെ രാഷ്ട്രനിർമ്മാതാക്കളെ മതസൗഹാർദത്തിന് ഊന്നൽകൊടുക്കാൻ പ്രേരിപ്പിച്ചത്.

അപ്പോൾ മത സൗഹാർദ്ദം എങ്ങനെയുണ്ടാക്കാൻ പറ്റും. നമുക്കറിയാം നമ്മുടെ മുൻഗാമികൾ, മുൻഗാമികൾ എന്നുപറയുമ്പോൾ നമ്മുടെ അപ്പനപ്പൂപ്പൻമാർ എങ്ങനെയായിരുന്നു ജീവിച്ചിരുന്നത്. അവർക്ക് മുന്നിൽ ജാതിയുണ്ടായിരുന്നു, മതമുണ്ടായിരുന്നു, പക്ഷെ വിദ്വേഷവും പകയും ഇല്ലായിരുന്നു. അവർ പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിച്ചു. മറ്റ് രാജ്യങ്ങളിൽ നിന്ന് ആശയ പ്രചരണാർത്ഥം ഇവിടെ എത്തിച്ചേർന്ന ജനങ്ങളെയും ആദരിക്കുവാനും അവർ പകർന്ന അറിവ്, അതിനെ ഉൾക്കൊള്ളുവാനും, അവരുടെ ആശയഗതികളെ പിൻപറ്റി ജീവിക്കുവാനും അവർ സന്നദ്ധരായി. അപ്രകാരം മറ്റ് വിശ്വാസങ്ങളെ പുൽകിയവർക്ക് സ്ഥാനവും പദവിയും നൽകി നമ്മുടെ മുൻതലമുറക്കാർ നമുക്ക് മുന്നിൽ മാതൃകയായി മാറി.

അങ്ങനെ ചിന്തിക്കുമ്പോൾ ഈ വിദ്വേഷത്തിന്റെ പേരിൽ നാം തമ്മിലടിക്കുന്നത് നമ്മോട് തന്നെയാണ് എന്നതാണ് വസ്തുത. ഒരു മതസങ്കരസമൂഹത്തിൽ ആദർശാത്മകമായ മാർഗം അന്യമത ബഹുമാനത്തിന്റെതാണ്. അത്തരമൊരു മതബോധമാണ് സ്വതന്ത്ര ഇന്ത്യ ഭരണഘടനയിൽ വിഭാവനം ചെയ്ത് സ്ഥാപിച്ചെടുക്കാൻ പരിശ്രമിച്ചത്.

ഈ പരിശ്രമത്തിന് ചരിത്രപരമായ പശ്ചാത്തലമുണ്ട്. പതിറ്റാണ്ടുകളായി ഉരുത്തിരിഞ്ഞ ഇന്ത്യൻ വിചാരധാരയുടെയും സാംസ്കാരിക സാമൂഹ്യ ജീവിതത്തിന്റെയും അന്തഃസത്തയാണ് ഈ പശ്ചാത്തലം. അത് വേദങ്ങളിലും പുരാണങ്ങളിലും ഉണ്ട്. ശ്രീബുദ്ധന്റെ സൂക്തങ്ങളിലും മുഹമ്മദ് നബിയുടെ വചനങ്ങളിലും യേശുക്രിസ്തുവിന്റെ ഉദ്ബോധനങ്ങളിലുംമാത്രം ഇത് ഒതുങ്ങിനിൽക്കുന്നില്ല. അവയെല്ലാം ഉൾക്കൊള്ളുന്ന, നിരന്തരമായി മാറിക്കൊണ്ടിരിക്കുന്ന വിവിധ ജീവിതരീതിയുടെ സന്ദർഭത്തിലാണ് സമുദായങ്ങൾ തമ്മിലുള്ള ബന്ധം രൂപം കൊള്ളുന്നത്. മതങ്ങൾ സാമൂഹ്യ പ്രതിഭാസങ്ങളാണ്. മതാചാരങ്ങൾ മനുഷ്യനിർമിതിയാണ്. അതുകൊണ്ടുതന്നെ മതാനുയായികൾ തമ്മിലുള്ള ബന്ധങ്ങളും സഹിഷ്ണുതാപരമായിരിക്കേണ്ടതുണ്ട്.

## വിചാരധാരകളുടെ ആവിർഭാവം

ഒരു വിചാര ധാരയോട് നമുക്കാഭിമുഖ്യം ഉണ്ടാകുക. ആ വിചാരധാര നമ്മെ ഏതെങ്കിലും തരത്തിൽ സ്വധീനിക്കുമ്പോളാകാം. അപ്പോൾ ആ സ്വാധീനവലയത്തിൽപ്പെട്ട് വിശ്വാസിയായിമാറുന്ന ഒരാൾ അതേ വിശ്വാസത്തിൽപ്പെട്ട ഒരുകൂട്ടത്തോട് ചേരുമ്പോൾ അത് മതമായിമാറുന്നു. അത്തരത്തിൽ ഒരു പ്രദേശത്ത് സംയോജിപ്പിക്കപ്പെട്ട ഗ്രൂപ്പുകൾ അവരുടേതായ ആചാരവും ജീവിതക്രമവും രൂപപ്പെടുത്തി എടുക്കുമ്പോൾ അത് മതമായിമാറുന്നു. ഹിന്ദുമതം തന്നെയെടുക്കാം. എത്രയോ നൂറ്റാണ്ടുകൾക്ക് മുൻപ് സിന്ധു നദീയുടെ തീരത്ത് വസിച്ചിരുന്ന പൂർവ്വികർ രൂപപ്പെടുത്തിയെടുത്ത ഒരു ജീവിതചര്യയുടെ പിൻമുറക്കാരാണവർ. അവർ പ്രകൃതിയിൽ തങ്ങൾക്ക് മുന്നിൽ അപ്രാപ്യമായി നിന്നവയെ ഒക്കെ ആരാധിച്ചു. നമുക്ക് പ്രാണവായു നൽകുന്ന മരങ്ങൾ വൃക്ഷശ്രേഷ്ഠന്മാരായി. കഠിന വിഷം വഹിക്കുന്ന പന്നഗങ്ങൾ, ഇടി, മിന്നൽ, കാറ്റ്, മഴ, മേഘങ്ങൾ അങ്ങനെ എല്ലാത്തിലും പരമമായ സത്യത്തെ അവർ തേടി. അപ്രകാരം അവയെല്ലാം അവർക്ക് ആരാധ്യരായിതീർന്നു. അങ്ങനെ പരബ്രഹ്മം എന്ന ആത്യന്തിക ശക്തിയിലേക്ക് അവരുടെ ചേതന എത്തി.

ഇത്തരത്തിൽ അപ്രാപ്യമായ ശക്തിവിശേഷത്തെ തന്നെയാണ് പാശ്ചാത്യരും ആരാധിച്ചിരുന്നതെന്ന് ഈജിപ്ഷ്യൻ, ബാബിലോണിയൻ, മെസപ്പൊട്ടോമിയൻ സംസ്കാരങ്ങൾ... നൈൽ നദീതിരത്ത് നിലനിന്നിരുന്ന സംസ്കാരങ്ങൾ ഒക്കെ പഠിക്കുമ്പോൾ നമുക്ക് കാണാൻകഴിയും. അവിടെയും നദിയുടെ ദേവനും, പ്രപഞ്ചത്തിന്റെ ദേവനും ഇടിയുടെയും, മിന്നലിന്റെയും ഒക്കെ ദേവീദേവന്മാരുണ്ടായിരുന്നു. അവയെല്ലാം ആരാധിക്കപ്പെട്ടിരുന്നു.

കാലക്രമത്തിൽ പ്രപഞ്ചത്തെതന്നെ ഗ്രസിക്കത്തക്കവിധം നിലനിന്നിരുന്ന വിശ്വാസപ്രമാണങ്ങളെ കാറ്റിൽ പറത്തി സ്വയം പ്രഖ്യാപിത നിയമങ്ങളുമായി ആളുകൾ ഉയിർത്തുവരികയുണ്ടായി. പിന്നെ യേശുക്രിസ്തുവിന്റെയും മുത്തുനബിയുടെയുമൊക്കെ കാലം കടന്നുവരുന്ന സമയത്താണ് ഇത്തരത്തിൽ അടിച്ചമർത്തപ്പെട്ട മനുഷ്യർ യൂറോപ്പിലും, അറേബ്യയിലും ഒക്കെ ഉയിർത്തെഴുന്നേൽക്കുന്നത്. അക്കാലത്താണ് ജീവസന്ധാരണത്തിനും, ഭക്ഷ്യവസ്തുക്കളും, സുഗന്ധദ്രവ്യങ്ങളും തേടിയുള്ള മനുഷ്യരുടെ യാത്രകളും ആരംഭിക്കുന്നത്., കൂടുതൽ വിഭവങ്ങൾ തേടി... അന്വേഷണാത്മകതയുൾക്കൊണ്ട് രാജ്യരാജ്യാന്തരം സഞ്ചരിക്കുവാനുള്ള ത്വരയും, തങ്ങളുടെ

വിശ്വാസപ്രമാണങ്ങളെ പ്രചരിപ്പിക്കുവാനുള്ള ശ്രമവുംമൊക്കെയാണ് മറ്റ് വിശ്വാസപ്രമാണങ്ങൾ നമ്മളിലും സ്വാധീനം ചെലുത്തുവാൻ ഇടയാക്കിയത്. ആത്യന്തികമായി പറയുമ്പോൾ എല്ലാ വിശ്വാസപ്രമാണങ്ങളും മനുഷ്യന്റെ നന്മയെ ലക്ഷ്യമാക്കിയുള്ളതാണ് എന്ന ചിന്തയെ മറന്നാണ് ഇന്ന് പരസ്പരം പോരടിക്കുന്നവരായി മാറിക്കൊണ്ടിരിക്കുന്നത്.

1863 ൽ അമേരിക്കയിലെ ചിക്കാഗോയിലെത്തിയ സ്വാമി വിവേകാനന്ദന്റെ സംഭാഷണത്തിൽ ആകൃഷ്ടരായാണ് ഹിന്ദുമതത്തെക്കുറിച്ചറിയാൻ വിദേശികൾക്ക് അവസരമുണ്ടാകുന്നത്. അങ്ങനെ ഹിന്ദൂയിസവും പ്രചാരപാതയിലേക്ക് എത്തുന്നു. മതബോധനത്തിന്റെ ഐക്യത്തെക്കുറിച്ച് നമ്മൾ മലയാളികൾക്ക് വിശാലമായി പറഞ്ഞുതന്നത് ശ്രീനാരായണ ഗുരുവാണ്. അദ്ദേഹം പറഞ്ഞത് ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നതാണ്. ആ ഒരു ദൈവം ഏകമെന്ന ഭാവമാണാണ്. ശങ്കരാചാര്യർ അദ്വൈതം എന്ന സിദ്ധാന്തം ആവിഷ്ക്കരിച്ചു. ഞാൻ എന്ന ശരീരവും, ആ ശരീരം വഹിക്കുന്ന ആത്മാവും രണ്ടല്ല ഒന്നാണ് എന്നദ്ദേഹം സമർത്ഥിച്ചു. ശരീരവും ആത്മാവും ചേരുമ്പോഴാണ് ഞാൻ ഉണ്ടാവുക. ശ്രീനാരായണഗുരു അതിനെ കുറക്കൂടി ലളിതമാക്കി. ഒരു ജാതി, ഒരു മതം, ഒരു ദൈവം... അഹം ബ്രഹ്മാസ്മി. തത്വം അസി.. എന്ന തത്ത്വമസി. ബ്രഹ്മം നീയാകുന്നു. നീതന്നെ ദൈവവും ആകുന്നു.. എന്നിങ്ങനെ ജീവന്റെ... വിവിധ തലത്തിലേക്കുള്ള അന്വേഷണമായി ഓരോ ജീവിതവും മാറുന്ന ചിന്തകളാണ് ഭാരതീയ വിചാരധാര.

"എല്ലാ അന്വേഷണങ്ങളും ഒരു സിംഗിൾ പോയിന്റിലേക്കാകുമ്പോൾ പിന്നെ എന്തിനാണ് ഈ കലഹങ്ങളും വാഗ്ധോരണികളും. വാക്കുകൾ കൈവിട്ട അസ്ത്രങ്ങളാണ്. അവ പുറപ്പെട്ടുകഴിഞ്ഞാൽ അത് മനസ്സുകളെ വ്രണിതമാക്കുന്നു. വ്രണിതമായ മനസ്സുകളിൽ അസ്വസ്തതകൾ തളംകെട്ടുമ്പോൾ, കെട്ട വിചാരങ്ങൾ ഉയിർത്തുവരുകയും പൈശാചികത നമ്മെ നയിക്കുകയും ചെയ്യുന്നു. അതിനാൽ സമചിത്തതയായിരിക്കണം നമ്മുടെ കൈമുതൽ"

അവിടെയ്ക്കാണ് മിശിഹയുടെ പുത്രനായ യേശുക്രിസ്തുവും.., ദൈവദൂതനായ നബിതിരുമേനിയും കടന്നുവരുന്നത്. അവരും ഏകമെന്ന പരമമായ സത്യത്തെ അന്വേഷിക്കുകയും അതിനെ കണ്ടെടുത്ത് മനുഷകുലത്തിന്റെ നന്മയ്ക്കായി ആചരിക്കുവാൻ മാർഗ്ഗങ്ങൾ ഓതി തന്നവരുമാണ്.

എല്ലാ അന്വേഷണങ്ങളും ഒരു സിംഗിൾ പോയിന്റിലേക്കാകുമ്പോൾ പിന്നെ എന്തിനാണ് ഈ കലഹങ്ങളും വാഗ്ധോരണികളും. വാക്കുകൾ കൈവിട്ട അസ്ത്രങ്ങളാണ്. അവ പുറപ്പെട്ടുകഴിഞ്ഞാൽ അത് മനസ്സുകളെ വ്രണിതമാക്കുന്നു. വ്രണിതമായ മനസ്സുകളിൽ അസ്വസ്തതകൾ തളംകെട്ടുമ്പോൾ, കെട്ട വിചാരങ്ങൾ ഉയിർത്തുവരുകയും പൈശാചികത നമ്മെ നയിക്കുകയും ചെയ്യുന്നു. അതിനാൽ സമചിത്തതയായിരിക്കണം നമ്മുടെ കൈമുതൽ. അത് കൈവിടാതെ നാം നമ്മളിലേക്കുള്ള അന്വേഷണം, നമ്മുടെ സത്തയിലേക്കുള്ള അന്വേഷണം ആരംഭിക്കണം.

വാക്കാണ് സത്യം, സത്യമാണ് ഗുരു, ഗുരുവാണ് ദൈവം. നമ്മുടെ വാക്കുകളിലും പ്രവർത്തികളിലും സാഹോദര്യം നിറയട്ടെ.. മത മേതായാലും മനുഷ്യൻ നന്നായാൽ മതി. എന്നതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം. കാരണം നാമെല്ലാവരും മനുഷ്യരാണ്. നമ്മുടെ ഞരമ്പുകളിലൂടെ ഓടുന്ന ചോരയുടെ നിറം ഒന്നുതന്നെ. നമ്മുടെ ജനനവും മരണവും നാമറിയുന്നില്ല. ജനനത്തിന് മുൻപ് നമുക്ക് ജാതിയുണ്ടായിരുന്നോ. രണപ്പെട്ടുകഴിയുമ്പോൾ നമുക്ക് ജാതിയുണ്ടോ.. അപ്പോൾ നമ്മുടെ വിശ്വാസവും പ്രാർത്ഥനയും നാം അർപ്പിക്കുന്നതാർക്ക് ആണ്. പിന്നെയന്തിനാണ് ജീവിച്ചിക്കുമ്പോൾ നാം പരസ്പരം കലഹിച്ച് തമ്മിലടിച്ച് നശിക്കുന്നത്. ഇത്തരം ചിന്തകൾ ഓരോരുത്തരിലും എത്തുമ്പോൾ കുറെയൊക്കെ ഇന്നത്തെ കാലുഷ്യചിന്തകൾക്ക് അറുതിയുണ്ടാകും എന്ന് സമശ്വസിക്കാം.

●

www.malankaralibrary.com



കവർ സ്റ്റോറി

# മതസമന്വയത്തിന്റെ സംസ്ക്കാരം



ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ

ഏതൊരു ജനതയുടെയും ആത്മീയ സംസ്കാരത്തിന്റെ ഭാഗമാണ് മതം. ഒരു രാജ്യത്തിന്റെ രാഷ്ട്ര മീമാംസ, സാഹിത്യം, കല, തത്വചിന്ത, ധാർമ്മികത, ആലയ നിർമ്മാണം, ആചാരങ്ങൾ എന്നിവയുടെ മേൽ മതം വലിയൊരളവിൽ സ്വാധീനം ചെലുത്തുന്നുണ്ട്. അതുകൊണ്ട് മതത്തെ അവഗണിക്കാനോ തകർക്കാനോ ആർക്കും സാദ്ധ്യമല്ല. ഇതിന് ഉത്തമ ഉദാഹരണങ്ങൾ ചരിത്രത്തിൽ ധാരാളമുണ്ട്. ഗുജറാത്തിലെ സോമനാഥ ക്ഷേത്രം 16-ൽ പരം പ്രാവശ്യം വൈദേശിക ആക്രമണത്തിന് ഇരയായിട്ടുണ്ട്. പക്ഷേ ഒരു ഹിന്ദുവിന്റെ പോലും മതവിശ്വാസം മാറ്റുവാൻ ഈ ആക്രമണങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനു മുൻപ് ഉള്ളതിനേക്കാൾ ശക്തവും സംഘടിതവുമാണ് മുസ്ലീം സഹോദരങ്ങൾ. അതുകൊണ്ട് മതങ്ങളോട് നാം നിഷേധാത്മകമായ നിലപാട് പുലർത്തരുത്. മറിച്ച് അവയെ പരസ്പരം ബഹുമാനിക്കാനും ആദരിക്കാനും നാം തയ്യാറാകണം. എങ്കിൽ മാത്രമേ നമ്മുടെ നാട് പുരോഗമിക്കുകയുള്ളൂ. സമാധാനവും സംതൃപ്തിയും നിറഞ്ഞ ജീവിതം നമുക്ക് ലഭ്യമാകുകയുള്ളൂ.

ഭാരതം മതങ്ങളുടെ അമ്മയാണ്. ബുദ്ധ, ജൈന, സിക്കു മതങ്ങളുടെ ജന്മഭൂമിയാണ് ഈ നാട്. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി ബൊഹേമിയൻ മതങ്ങളുടെ പോറ്റമ്മയാണ് ഭാരതം. താവോയിസം, ഹിന്ദോയിസം, കൺഫ്യൂഷനിസം തുടങ്ങിയ ഏതാനും മതങ്ങൾ ഒഴിച്ച് മറ്റെല്ലാ മതങ്ങളും ഭാരതത്തിലുണ്ട്. ഈ മതങ്ങളുടെയെല്ലാം അന്തസത്ത ഒന്നാണ്. സ്നേഹം, സൗഹൃദം, സാഹോദര്യം. ഈ ദിവ്യ മൂല്യങ്ങളുടെ സ്വാംശീ

www.malankaralibrary.com



കരണത്തിനുവേണ്ടിയാണ് നാം അമ്പലങ്ങളിലും, പള്ളികളിലും, മോസ്കുകളിലും പോയി പ്രാർത്ഥിക്കുന്നത്. നമ്മുടെ രാഷ്ട്രമാകുന്ന മഹാഗോപുരത്തിൽ കൊളുത്തിയിട്ടിരിക്കുന്ന ആത്മീയസംസ്കാരത്തിന്റെ കെടാവിളക്കുകളാണ് അമ്പലങ്ങളും പള്ളികളും, മോസ്കുകളും. ഇവയെല്ലാം പാവനമായി സംരക്ഷിച്ച് സ്നേഹവും, സാഹോദര്യവും, സൗഹൃദവും സമന്വയവും പുലരുന്ന ഒരു നാടിന് നേതൃത്വം നല്കുകയാണ് എല്ലാ മതനേതാക്കളുടെയും കർത്തവ്യം. എന്നാൽ, ഇന്ന് മതങ്ങൾ ശക്തി പ്രാപിക്കുമ്പോൾ മനുഷ്യസ്നേഹവും, മാനവീകതയും ദുർബ്ബലമാക്കപ്പെടുന്നു. സംഘടിത മതശക്തി ഉപയോഗിച്ചുകൊണ്ട് രാഷ്ട്രീയ അധികാരവും, ഭൗതികനേട്ടങ്ങളും ധനവും ആർജിക്കാൻ സാദ്ധ്യമാണെന്നുള്ള ചിന്ത എല്ലാ മതവിഭാഗങ്ങളിലുംപെട്ട ഒരു ന്യൂനപക്ഷം വിശ്വസിക്കുന്നു. ഇവിടെ മനുഷ്യത്വവും മാനവികതയും നഷ്ടപ്പെട്ട മതം വർഗ്ഗീയതയിലേക്ക് വഴുതി വീഴുന്നു. മതങ്ങൾ വർഗീയതയിൽ ശക്തി പ്രാപിക്കുന്നത് മതത്തിന്റെ ദിവ്യമായ ദർശനങ്ങൾക്കു പകരം, അധികാരവും ഭൗതികനേട്ടങ്ങളും, ധനവും മതങ്ങളിൽ അമിതമായ

**“മതേതരമായ ആവശ്യങ്ങൾ നേടിയെടുക്കാൻ മതത്തെ ഉപയോഗപ്പെടുത്തുന്ന വർഗ്ഗീയ തീവ്രസമീപനങ്ങൾ ഏതു മതത്തിന്റെ ഭാഗത്തുനിന്നായാലും അത് അപകടകരമാണ്. അത് നമ്മുടെ മതസമന്വയത്തിന്റെ സംസ്കാരത്തെ ഇല്ലാതാക്കുന്നു”**

സ്വാധീനം ഉറപ്പിക്കുന്നതു കൊണ്ടാണ്.

പണത്തെ ദൈവമാക്കുമ്പോൾ, വ്യക്തികൾക്ക് ഉപരിയായ പണത്തിനും ഭൗതീകതയ്ക്കും പ്രാധാന്യം ഉണ്ടാകുമ്പോൾ തീവ്രവാദം വളരുന്നു എന്നാണ് ഫ്രാൻസിസ് പാപ്പ പറയുന്നത്. മാനവികതയെ തകർക്കുന്ന ബുദ്ധിശൂന്യതയാണ് തീവ്രവാദം. നാം വിശ്വാസമില്ലാത്തവരും, ആദർശമില്ലാത്തവരുമായ തലമുറയെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. സമൂഹത്തിൽ ആത്മീയതയും, ധാർമ്മികതയും ദുർബ്ബലപ്പെട്ടാൽ യുവാക്കൾ മദ്യത്തിലേക്കും, മയക്കുമരുന്നിലേക്കും, തീവ്രവാദത്തിലേക്കും തിരിയും. അവർ അപ്രകാരം ആകുന്നതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് മതങ്ങൾക്ക് പിൻതിരിയാൻ പറ്റുമോ ?

മലയാളികളുടെ മതേതര സംസ്കാരത്തിനും സഹവർത്തിത്വത്തിനും, നവോത്ഥാനചിന്തകൾക്കും വെല്ലുവിളി ഉയർത്തുന്ന കാര്യങ്ങൾ നമ്മുടെ സമൂഹത്തിൽ നിന്നും തുടച്ചുമാറ്റണം. മതസഹിഷ്ണുതയിൽ അടിയുറച്ച മാനവീകതയെ മാനിക്കാത്തവർ ഈശ്വരവിശ്വാസികളല്ല. മതത്തിന്റെ പ്രാകൃത തത്വങ്ങളിലേക്കും മാനസ്സിക ബന്ധനങ്ങളിലേക്കും സാമൂഹ്യമായ ഒറ്റപ്പെടലിലേക്കും മനുഷ്യനെ വലിച്ചിഴയ്ക്കുന്ന പ്രബോധകർ മാനവികതയുടെ അന്തകരാണ്. മതഗ്രന്ഥങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് വിശ്വാസികളെ മാനസിക അടിമത്വത്തിലേക്ക് നയിക്കുന്ന പ്രബോധകരെ വിദ്യാസമ്പന്നരും, വിശാലഹൃദയരുമായ മതവിശ്വാസികൾ ആട്ടിപ്പായിക്കണം. ശുദ്ധ മാനവികതയുടെ നിലയ്ക്കാത്ത പ്രവാഹമാണ് യേശുവിന്റെ പ്രബോധനം. “നീ ബലി പീഠത്തിങ്കൽ കാഴ്ച അർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട്

www.malankaralibrary.com

എന്തെങ്കിലും വെറുപ്പാണെന്ന് അവിടെവച്ച് ഓർമ്മിക്കുകയാണെങ്കിൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിന്റെ മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ച അർപ്പിക്കുക" (മത്താ: 5/23-25) എന്നു പറഞ്ഞ യേശുവാണ് ലോകത്തിന് സ്നേഹത്തിന്റെ ഭാഷയും, സംസ്കാരവും വിശാലഹൃദയത്തോടെ നല്കിയത്. സഹോദരനു നേരെയുള്ള സമീപനത്തിൽ (അവർ ശത്രുവായാൽപോലും) ഹൃദയവിശാലത ചുരുങ്ങുന്നിടത്ത് യേശുവിന്റെ പ്രബോധനം നിഷ്ഫലമാകുന്നു. സംഘർഷഭരിതമായ സാഹചര്യങ്ങളിലും സഹനത്തിന്റെ തീച്ചൂളകളിലും സ്നേഹദർശനം ഉയർത്തിപ്പിടിക്കാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു.

മതം ദിവ്യസ്നേഹം വളർത്തുവാൻ ഉപയോഗിക്കുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും, പാരമ്പര്യങ്ങളും, മനുഷ്യസ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും കൈത്തോടായി മാറണം. നമ്മുടെ മതവിശ്വാസം ഇന്നത്തെ മനുഷ്യന്റെ പ്രതിസന്ധികൾക്ക് പ്രത്യാശ നല്കുന്ന ഉത്തരമായി കാണാം. കാരണം, "സന്തോഷത്തോടെ ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്വം" ഈ കാഴ്ചപ്പാട് വിശാലമായി ഗ്രഹിച്ച വ്യക്തിയായിരുന്നു ശ്രീനാരായണഗുരു. അദ്ദേഹം പറഞ്ഞു "അവനവൻ ആത്മസുഖത്തിന് ആചരിക്കുന്നവ അപരന് സുഖത്തിനായി വരേണം". മനുഷ്യന്റെ ആത്യന്തികമായ നന്മയിലേക്കും, സാദ്ധ്യതയിലേക്കുമുള്ള വഴിയാണ് മതങ്ങൾ! അത് ഈ ലോകത്ത് ജീവിക്കുന്ന മനുഷ്യന്റെ മൗലികമായ രണ്ടു വിശപ്പുകൾക്ക് ഉത്തരം നല്കണം. ദൈവത്തിനുവേണ്ടിയുള്ള വിശപ്പും, അപ്പത്തിനു വേണ്ടിയുള്ള വിശപ്പും. ഇത് മതങ്ങളുടെ അടിസ്ഥാനശിലയായ സ്നേഹത്തിന്റെ രണ്ട് മാനങ്ങളാണ്. സ്നേഹം ഈശ്വരനിലേക്കു കടന്നു ചെല്ലുമ്പോൾ അത് ആരാധനയായി മാറുകയും, മനുഷ്യനിലേക്ക് കടന്നുചെല്ലുമ്പോൾ, സാഹോദര്യവും, സൗഹൃദവും, മാനവികതയുമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. യാഥാസ്ഥിതിക മനോഭാവത്തോടെ മതത്തെയും, മതത്തിന്റെ രാഗദ്വേഷങ്ങളെയും സംക്രമിപ്പിക്കുന്നവർ ഹീനമായ വർഗ്ഗീയതയുടെ ആൾരൂപമായി മാറുന്നു. ജനാധിപത്യവും പുരോഗതിയും നമ്മുടെ സമൂഹത്തിൽ നിലനില്ക്കണമെങ്കിൽ വർഗ്ഗീയവാദത്തിന്റെയും തീവ്രവാദത്തിന്റെയും എല്ലാ വേരുകളും നശിപ്പിക്കപ്പെടണം. ഈ തിരിച്ചറിവിന്റെ യുക്തിസഹമായ പരിണാമം എന്ന നിലയ്ക്കാണ് ഭാരതം മതനിരപേക്ഷ ജനാധിപത്യത്തിന്റെ പാത സ്വീകരിച്ചത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ മതാസ്പതമല്ലാത്ത പൗരത്വം എന്ന വിശാലവീക്ഷണം. മത-ജാതി-വംശ-ലിംഗവ്യത്യാസം കൂടാതെ ഭരണഘടനാപരമായി അംഗീകരിച്ച രാജ്യമാണിത്.

**"മലയാളികളുടെ മതേതര സംസ്കാരത്തിനും സഹവർത്തിത്വത്തിനും, നവോത്ഥാനചിന്തകൾക്കും വെല്ലുവിളി ഉയർത്തുന്ന കാര്യങ്ങൾ നമ്മുടെ സമൂഹത്തിൽ നിന്നും തുടച്ചുമാറ്റണം. മതസഹിഷ്ണുതയിൽ അടിയുറച്ച മാനവീകതയെ മാനിക്കാത്തവർ ഈശ്വര വിശ്വാസികളല്ല. മതത്തിന്റെ പ്രാകൃത തത്വങ്ങളിലേക്കും മാനസ്സിക ബന്ധനങ്ങളിലേക്കും സാമൂഹ്യമായ ഒറ്റപ്പെടലിലേക്കും മനുഷ്യനെ വലിച്ചിഴയ്ക്കുന്ന പ്രബോധകർ മാനവികതയുടെ അന്തകരാണ്"**

ഔദ്യോഗിക മതമില്ലാത്ത രാഷ്ട്രം, മതസ്പർശയില്ലാത്ത പൗരത്വം എന്നീ ദർശനത്തിൽ നിന്ന് എല്ലാ മതങ്ങളും ഒന്നുപോലെ ആദരിക്കപ്പെടുകയും, പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു സെക്കുലർ സ്റ്റേറ്റ് എന്ന പദവിയിലേക്ക് നാം ഉയരുകയും, ഒരു മതസമത്വമായ ലോകവീക്ഷണത്തിലേക്ക് വളരാൻ കഴിയുകയും ചെയ്യുന്ന ജനതയാണ് നമ്മുടെ നാട്ടിലുള്ളത്. എന്നാൽ മതേതരമായ ആവശ്യങ്ങൾ നേടിയെടുക്കാൻ മതത്തെ ഉപയോഗപ്പെടുത്തുന്ന വർഗ്ഗീയ തീവ്രസമീപനങ്ങൾ ഏതു മതത്തിന്റെ ഭാഗത്തു നിന്നായാലും അത് അപകടകരമാണ്. അത് നമ്മുടെ മതസമന്വയത്തിന്റെ സംസ്കാരത്തെ ഇല്ലാതാക്കും. അതിന് ഇടവരാതിരിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു.

www.malankaralibrary.com





# മതവും വികസനവും



ഡോ. സി.വി. ആനന്ദ ബോസ് ഐ.എ.എസ്
ഫോർമർ സെക്രട്ടറി ടു ഗവ. ഓഫ് ഇന്ത്യ

ഗാന്ധിജി പറഞ്ഞു മതവും രാഷ്ട്രീയവും തമ്മിൽ ബന്ധമില്ലെന്ന് കരുതുന്നവർക്ക് രണ്ടിനെയും കുറിച്ചും ധാരണയില്ല. മനുഷ്യ മനസ്സിന്റെ ആത്മീയ തലങ്ങൾ സംശുദ്ധമാക്കി ഈശ്വരനിലേയ്ക്ക് നയിക്കുന്ന ശക്തമായ മാധ്യമം ആണല്ലോ മതം. മനുഷ്യന്റെ ഭൗതീകമായ കാര്യങ്ങൾ ശ്രദ്ധിക്കുന്ന ഒരു വിഷയമാണല്ലോ രാഷ്ട്രീയം. രണ്ടും തമ്മിൽ ഒരു വൈരുധ്യാത്മകത തോന്നാം. ഇത് ഉപരിപ്ലവമായി നോക്കുമ്പോൾ കാണുന്ന ഒരു പ്രതിഭാസം ആണ്. ആന്തരികമായ മനുഷ്യന്റെ എല്ലാ മനോവ്യാപാരങ്ങളും ഈശ്വര ചൈതന്യത്തിന്റെ പ്രതിഫലനം തന്നെ ആണ്. അപ്പോൾ സൈദ്ധാന്തികമായി മതവും രാഷ്ട്രീയവും രണ്ടല്ല. പരസ്പരം പൂരിതമാണ്.
മതത്തിൽ അധിഷ്ഠിതമായ രാഷ്ട്രങ്ങൾ ചരിത്രത്തിൽ അന്യമല്ല. തിയോക്രറ്റിക് സ്റ്റേറ്റ്സ്. മതത്തെ പൂർണമായും അകറ്റി നിർത്തിയ ഭരണാധികാരികളും കുറവല്ല. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ് എന്ന മാർക്സിയൻ തത്വശാസ്ത്രം മതത്തെ രാഷ്ട്ര ഭരണത്തിൽ നിന്ന് പൂർണമായും ഒഴിച്ച് നിർത്താൻ ശ്രമിച്ചു .

രാഷ്ട്രീയ നേട്ടങ്ങൾക്കായി മതത്തെ ഉപയോഗിക്കുന്ന ശൈലി എക്കാലവും സമൂഹത്തിൽ ഉണ്ടായിരുന്നു. ഇന്ത്യയിൽ മാത്രമല്ല യൂറോപ്പിലും മറ്റ് രാജ്യങ്ങളിലും ഈ നില തുടരുന്നത് ചരിത്രത്തിൽ നാം കാണുന്നുണ്ട്. മതത്തിന്റെ പേരുള്ള യുദ്ധങ്ങൾ ആവോളം ഉണ്ടായിട്ടുണ്ട്. രണ്ടാം ലോക മഹായുദ്ധ കാലത്ത് 60 ലക്ഷം യൂദന്മാരെ കോൺസെൻട്രേഷൻ ക്യാമ്പുകളിൽ ഇട്ട് നരകയാതന അനുഭവിപ്പിച്ച കാലപുരിക്കയച്ചിരുന്നതും മതത്തിന്റെ പേരിൽ

ആയിരുന്നല്ലോ. മതവും രാഷ്ട്രീയവും കൂടിക്കലരുമ്പോൾ സമൂഹം വിഷലിപ്തമാക്കുന്നത് ചരിത്രം
നമ്മെ പഠിപ്പിക്കുന്നു

എന്നാൽ മതത്തെ നിർവീര്യമാക്കി രാഷ്ട്രീയധികാരം കൂട്ടിയുറപ്പിക്കാൻ ഇംഗ്ലണ്ടിലെ റ്യൂഡോർ വംശത്തിന്റെ സ്ഥാപകനായ ഹെന്രി ഏഴാമൻ ശ്രമിച്ചത് നാം ചരിത്രത്തിൽ വായിക്കുന്നു. സമൂഹത്തിൽ സേവനനിരതരായി പ്രവർത്തിച്ചിരുന്ന ആശ്രമ ദേവാലയങ്ങളുടെ ധന സ്ഥിതിൽ കണ്ണുവെച്ച ഹെന്രി ഏഴാമൻ ആശ്രമങ്ങൾ പിരിച്ച് വിട്ടു അവരുടെ സ്വത്ത് കണ്ടുകെട്ടി. എന്നാൽ മത ബോധനത്തെയും മത മൂല്യങ്ങളെയും മനുഷ്യ മനസ്സിൽ നിന്ന് തുടച്ച് മാറ്റാൻ ഭരണാധികാരികൾക്ക് കഴിയില്ല. ലെനിന്റെ കാര്യം എടുക്കുക, ഒരു കമ്മ്യൂണിസ്റ്റുകാരൻ നിരീശ്വര വാദി ആയിരിക്കണം എന്ന് ശഠിച്ച ആളാണ് ലെനിൻ. അദ്ദേഹത്തിന്റെ സുഹൃത്തായിരുന്നു Vladimir Cheknov . ധനികനായ കർഷകൻ. തികഞ്ഞ ഈശ്വര വിശ്വാസി. ഞായറാഴ്ചയും കടം ഉള്ള ദിവസങ്ങളിലും പള്ളിയിൽ പോകുന്നവൻ. ഒരിക്കൽ Cheknov ലെനിനോട് പറഞ്ഞു. സോവിയറ്റ് ഭരണത്തിൽ കർഷകർ അതൃപ്തരാണ് . കാരണം? ലെനിൻ തിരക്കി. പ്രത്യയശാസ്ത്രം വിതച്ചാൽ വയൽ വിളവ് തരില്ല. അതുതന്നെ കാരണം. വിവരങ്ങൾ ചോദിച്ച് മനസ്സിലാക്കിയ ലെനിൻ ചെക്കനോവിനോട് പറഞ്ഞു. നിങ്ങൾ തന്നെ കൃഷി വകുപ്പിന്റെ ചുമതല ഏറ്റെടുക്കണം. commissar ഓഫ് agriculture. Cheknov പറഞ്ഞു, എനിക്കതു പറ്റില്ലല്ലോ" എന്തുകൊണ്ട്? ഞാൻ വിശ്വാസി യല്ലെ പള്ളിയിൽ പോകുന്ന ആൾ അല്ലെ. ഒന്ന് ചിന്തിച്ചിട്ട് ലെനിൻ പറഞ്ഞു. വിശ്വാസികൾക്കും രാജ്യ വികസനത്തിൽ പങ്കാളികൾ ആകാം. Cheknovinu മാത്രമല്ല. മറ്റു പല വിശ്വാസികളെയും ലെനിൻ ഭരണ തലത്തിലേയ്ക്ക് കൊണ്ടുവന്നു. വികസനത്തിൽ മനുഷ്യത്വം കൂടിയേ തീരൂ എന്നതിൽ രണ്ടു വശമില്ല. development without deprivation എന്ന് നാം കൂടെ കൂടെ വിലപി ക്കാറും ഉണ്ടല്ലോ. സമൂഹത്തിൽ ഏത് വികസന പ്രവർത്തനങ്ങൾ നടന്നാലും സാധാരണ ജനങ്ങൾക്ക് അതിന്റെ പ്രയോജനം കിട്ടണം. അതല്ലെങ്കിൽ വികസനം തന്നെ ചൂഷണത്തിന്റെ ഒരു മാധ്യമമായി മാറും. പലപ്പോഴും നാം കണ്ടുകൊണ്ടിരിക്കുന്നതും അത് തന്നെ. വികസന പ്രവർത്തനത്തിന് മാനുഷിക ഭാവം നൽകുന്നതിലും മനുഷ്യത്വത്തിൽ അധിഷ്ഠിതമായ ഒരു ദിശാബോധം നൽകുന്നതിലും മത ബോധനത്തിനുള്ള പങ്ക് ചെറുതല്ല. മതങ്ങൾ സ്നേ ഹത്തിന്റെയും സാഹോദര്യ ത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും പാഠങ്ങൾ ആണല്ലോ പഠിപ്പിക്കുന്നത്. വികസന പ്രവർത്തനങ്ങളിലും ഈ മൂല്യങ്ങൾക്ക് പ്രസക്തിയുണ്ട് എന്ന് നാം മനസ്സിലാക്കണം. കേരളത്തിൽ ക്ഷേത്ര പ്രവേശന വിളംബരം നടന്ന ദിവസം മഹാത്മാഗാന്ധി തിരുവനന്ത പുരത്ത് എത്തി. ഇന്ത്യയിൽ ഏറ്റവും പുരോഗമനാത്മകമായ ഉള്ള നടപടിയാണിത് എന്ന് ഊറ്റം കൊണ്ട തിരുവിതാങ്കൂർ ദീവാനോട് ഗാന്ധിജി ചിരിച്ചുകൊണ്ട് ചോദിച്ചു, "ഇതിന്റെ പ്രയോജനം ഇവിടത്തെ നായാടികൾക്ക് ലഭിക്കുമോ എന്ന്". വികസനത്തിന്റെ വിജയം മാറ്റുരച്ച് നോക്കേണ്ടത് സമൂഹത്തിലെ ഏറ്റവും ദുർബല

**"വികസന പ്രവർത്തനത്തിന് മാനുഷിക ഭാവം നൽകുന്നതിലും മനുഷ്യത്വത്തിൽ അധിഷ്ഠിതമായ ഒരു ദിശാബോധം നൽകുന്നതിലും മത ബോധനത്തിനുള്ള പങ്ക് ചെറുതല്ല. മതങ്ങൾ സ്നേ ഹത്തിന്റെയും സാഹോദര്യ ത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും പാഠങ്ങൾ ആണല്ലോ പഠിപ്പിക്കുന്നത്. വികസന പ്രവർത്തനങ്ങളിലും ഈ മൂല്യങ്ങൾക് പ്രസക്തിയുണ്ട് എന്ന് നാം മനസ്സിലാക്കണം"**

വിഭാഗങ്ങൾക്ക് അതിന്റെ പ്രയോജനം എത്രമാത്രം കിട്ടുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം. കപ്പൽ വ്യൂഹത്തിന്റെ വേഗത ഒടുവിലത്തെ കപ്പലിന്റെ വേഗതയെ ആശ്രയിച്ചിരിക്കുന്നു എന്ന് പറയാറുണ്ട്. speed of the fleet is the speed of the last boat. ഒരു ചങ്ങലയുടെ ബലം അതിൽ ഏറ്റവും ദുർബലമായ കണ്ണിയുടെ ബലത്തെ ആശ്രയിച്ചിരിക്കും. ഒരു സമൂഹത്തിന്റെ ശക്തി അതിൽ ഏറ്റവും ദുർബല വിഭാഗങ്ങളുടെ ശക്തിയെ ആശ്രയിച്ചരിക്കും. അതു കൊണ്ട് തന്നെ മനുഷ്യനിൽ മൂല്യബോധം ജ്വലിപ്പിക്കുന്ന മതങ്ങൾക്ക് വികസനത്തിൽ അടിസ്ഥാനപരമായ ഒരു പങ്ക് വഹിക്കാൻ ഉണ്ട് .

ഇന്ന് നമ്മുടെ നാട്ടിൽ പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ, അത്യാപത്തുക്കൾ വരുമ്പോൾ, മഹാമാരിയെത്തുമ്പോൾ, എല്ലാ മത സംഘടനകളും സജീവമായി രംഗത്ത് വരാറുണ്ട്. ഇവർ ആരും തന്നെ ഏതെങ്കിലും പ്രത്യേക മത വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി സേവനം ചെയ്യുന്നവർ അല്ല . സാമൂഹ്യ സേവനം ജാതിമത ചിന്തകൾക്കതീതമായി ചെയ്യുന്ന ഒരു ശൈലിയാണ് കേരളത്തിൽ നാം കാണുന്നത്. പേമാരി ഉണ്ടായപ്പോൾ മൽസ്യ തൊഴിലാളികൾ ആയിരുന്നു സാമാന്യ ജനങ്ങളുടെ രക്ഷകരായി ആദ്യന്തം പ്രവർത്തിച്ചത് എന്ന് നമുക്കറിയാം. ഒരുത്തൻ അവനെ കളഞ്ഞ് ഒരിടം രക്ഷിക്കണം എന്ന് കേട്ടുവളരുന്നവരാണ് നാം. അവനവൻ ആത്മസുഖത്തിന് ആചരിക്കുന്നവ. അപരന് സുഖത്തിനായി വരണം എന്നും നമ്മെ പഠിപ്പിക്കുന്നു. ഇതെല്ലം നമ്മുടെ വികസന

**"മതത്തെ എതിർക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പോലും മത സംഘടനകളുടെ സേവനം വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. അതിന്റെ പ്രയോചനമെന്ത് എന്നവർ മനസിലാക്കിയിട്ടുണ്ട്.. സ്നേഹവും സാഹോദര്യവും പ്രോത്സാഹിപ്പിക്കുന്ന മതങ്ങൾ വികസനത്തിന്റെ പുതിയ ഭാവവും രൂപവും ശൈലിയും നൽകുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്, എന്നതാണ് വാസ്തവം"**

പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആധ്യാത്മികമായ അല്ലെങ്കിൽ മതപരമായ കാഴ്ചപ്പാടുകളാണ്. അതിന്റെ പ്രസക്തി എക്കാലവും നിലനിൽക്കുക തന്നെ ചെയ്യും. വർഷങ്ങൾക്ക് മുൻപ് കേരളം ഭവനനിർമ്മാണ രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് തുടക്കം കുറിച്ചു. അന്ന് സർക്കാരിനോട് യോജിച്ച് നിന്ന് പാവപ്പെട്ടവർക്ക് വീടുണ്ടാക്കി കൊടുക്കാൻ എല്ലാ മത സംഘടനകളും അഹം അഹം ഇഹ്യാ മുൻപോട്ട് വന്നത് നാം കണ്ടതാണ്. ലാത്തൂരിൽ ഭൂകമ്പത്തിന്ന് ഇരയായവർക്ക് പുനരധിവാസ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കാൻ കേരളം തീരുമാനിച്ചപ്പോൾ അതിന്റെ മുൻ പന്തിയിൽ എത്തിയതും നമ്മുടെ വിവിധ മതങ്ങളുടെ കീഴിൽ ഉള്ള സന്നദ്ധ സംഘടനകൾ ആണ് എന്ന് നാം മറക്കരുത് .

മതത്തെ എതിർക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പോലും മത സംഘടനകളുടെ സേവനം വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. അതിന്റെ പ്രയോജനമെന്ത് എന്നവർ മനസിലാക്കിയിട്ടുണ്ട്. സ്നേഹവും സാഹോദര്യവും പ്രോത്സാഹിപ്പിക്കുന്ന മതങ്ങൾ വികസനത്തിന്റെ പുതിയ ഭാവവും രൂപവും ശൈലിയും നൽകുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്, എന്നതാണ് വാസ്തവം. കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ മതങ്ങളുടെയും മത സംഘടനകളുടെയും പങ്ക് വികസന പ്രവർത്തനങ്ങളിൽ ഉറപ്പ് വരുത്തേണ്ടത് ഒരാവശ്യമാണ് . അതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാരുകൾ മുൻപോട്ട് വരുമെന്ന് പ്രതീക്ഷിക്കുന്നു. ●

കവർ സ്റ്റോറി




# മതം : ഇന്നലെ- ഇന്ന്-നാളെ



**പി.എം. ബിനുകുമാർ**
എഴുത്തുകാരൻ

ഇന്ന് നാം ഏറ്റവുമധികം ചർച്ച ചെയ്യുന്ന വാക്കുകളാണ് മതവും മതസൗഹാർദ്ദതയും. മതത്തെ കുറിച്ച് ചിന്തിക്കുമ്പോൾ ഒരു നൂറ്റാണ്ടു മുമ്പ് സ്വാമി വിവേകാനന്ദൻ പറഞ്ഞ വാക്കുകളാണ് ഓർമ്മ വരുന്നത്. പട്ടിണി പാവങ്ങൾക്ക് വേണ്ടത് മതവും ഈശ്വരനുമല്ലെന്നാണ് സ്വാമി പറഞ്ഞത്. അവർക്ക് വേണ്ടത് ഭക്ഷണവും വസ്ത്രവും  മരുന്നുമാണ്. എന്നാൽ മതത്തെക്കുറിച്ച് ചിന്തിക്കാതെയും മതത്തെ ശ്രദ്ധിക്കാതെയും നമുക്ക് മുന്നോട്ടു പോകാനാവില്ല. അതാണ് ഇന്നത്തെ സാഹചര്യം.

മതസൗഹാർദ്ദത എന്ന വാക്ക് നിർഭാഗ്യവശാൽ ഇന്ന് ഏറെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇന്നലെകളിലെ അവസ്ഥ ഇതായിരുന്നില്ല. മതങ്ങൾ തമ്മിലുള്ള സൗഹൃദം വളർത്താൻ രാജ്യത്തെ ആത്മീയാചാര്യൻമാരും സാമൂഹിക പരിഷ്കർത്താക്കളും നടത്തിയ ശ്രമങ്ങൾ ചരിത്രത്തിൻെറ ഭാഗമാണ്. മതത്തിന്റെ ആത്യന്തിക ലക്ഷ്യം സാമൂഹികപുരോഗതിയാണെന്നായിരുന്നു അവരുടെ വിചാരധാര. ഭർത്താവിന്റെ ചിതയിൽ ചാടി ഭാര്യ ജീവത്യാഗം ചെയ്യണമെന്ന

www.malankaralibrary.com

സതീസമ്പ്രദായം ഇല്ലാതാക്കിയത് രാജാറാം മോഹൻറോയിയാണ്. ഡോ.അംബേദ്ക്കർ ഉയർത്തിയ കലാപക്കൊടിയുടെ ഫലമായാണ് സമൂഹത്തിന്റെ പിന്നണിയിൽ നിലകൊണ്ടിരുന്ന ഒരു ജന വിഭാഗത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായത്. മഹാത്മാഗാന്ധി വിചാരിച്ചതു കൊണ്ടു മാത്രമാണ് അയിത്തം ഇല്ലാതായത്. അതായത് മതത്തിന്റെ ചട്ടക്കൂടുകൾ പൊളിച്ച് അവിടെ വെളിച്ചത്തിന്റെ പുലരിയെത്തിക്കുക എന്നതാണ് പഴയ കാലത്ത് മഹാരഥൻമാർ ചെയ്തത്.

എന്നാൽ സമീപകാലത്തായി മതനിന്ദനം വർധിച്ചുവരികയാണ്. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കിടയാക്കും. ഏതെങ്കിലുമൊരു മതത്തെ നിന്ദിക്കാനുള്ള അവകാശം ഇതര മതങ്ങൾക്കില്ല. നിന്ദ എന്നാൽ വെറുപ്പാണ്. അതേ സമയം മതങ്ങളുടെ നിലപാടുകൾ വിമർശിക്കാം. അതിനെ മതനിന്ദ യായി കരുതാനാവില്ല. മനസു തുറന്നുള്ള ചർച്ചകളെ എതിർക്കണം എന്നതല്ല വാദം. ചർച്ചകൾ പുരോഗമന പരമായിരിക്കണം. ക്രിയാത്മകമായിരിക്കണം.

മതവർഗീയതയാണ് മതസൗഹാർദ്ദത തകർക്കുന്ന ഒരു പ്രധാനഉപകരണം. സ്വന്തം മതംചെയ്യുന്നത് മാത്രമാണ് ഉന്നതമെന്ന് കരുതുമ്പോഴാണ് മതതീവ്രവാദം ഉടലെടുക്കുന്നത്. ഇത്തരക്കാർ സ്വന്തം മതത്തിലുള്ളവരെ ഒരുമിച്ച് നിർത്താൻ ശ്രമിക്കുന്നു. ഒരു നിസാര പ്രശ്നത്തെ പോലും ഊതിവീർപ്പിക്കാൻ ഇവർ ശ്രമിക്കാറുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന മതത്തിന്റെ പേരിലുള്ള കൊല പാതകങ്ങളിൽ നിറയുന്നത് മത വർഗീയതയാണ്. മത തീവ്രവാദികൾ അന്ധമായി തന്റെ മതത്തെ സ്നേഹിക്കുന്നു. ഇവർ തിരുത്തലുകൾ കേൾക്കാനോ അനുസരിക്കാനോ തയ്യാറല്ല. ഇവർ മറ്റ് മതങ്ങളുടെ കാര്യത്തിൽ അസ ഹിഷ്ണുത പുലർത്തും.

മതതീവ്രവാദം വളർത്താനുള്ള ശ്രമങ്ങൾക്ക് നിർഭാഗ്യവശാൽ രാഷ്ട്രീയ പിന്തുണ ലഭിക്കുന്നുണ്ട്. ഇത് രാജ്യത്ത് അസമാധാനം വളർത്താൻ മാത്രമേ സഹായി ക്കുകയുള്ളു. ഭരണകൂടങ്ങൾക്ക് മതമില്ല. അതിന് മതത്തിന്റെ നിറവുമില്ല. മതസൗഹാർദ്ദം തകർക്കുന്ന ശ്രമങ്ങൾ ഏതു ഭാഗത്ത് നിന്നുണ്ടായാലും അതിനെ എതിർക്കാൻ രാഷ്ട്രീയ നേതാക്കൾ തയ്യാറാവണം.

മതസൗഹാർദ്ദത ഒരു മനോഭാ വമാണ്. അത് മനുഷ്യാവകാ ശങ്ങൾ പോലെ മാനിക്കപ്പെടേ ണ്ടതാണ്. അത് നമ്മുടെ സംസ്കാരത്തിൻെറ ഭാഗമാണ്. അസഹിഷ്ണുതയുടെ കൊലവിളി കളെ ഒറ്റക്കെട്ടായി എതിർക്കാനുള്ള ബാധ്യത ഓരോ ഭാരതീയനുമുണ്ട്. പരസ്പരം അംഗീകരിക്കാനും ആശീർവദിക്കാനുമുള്ള അവസരം കൈവരും.

മതസഹിഷ്ണുതയാണ് അനുകര ണീയമായ ഏക മാർഗ്ഗം. അപരൻെറ അവകാശം അംഗീകരിച്ചാൽ തീരുന്ന പ്രശ്നം മാത്രമാണ് നമ്മുടെ രാജ്യത്തുള്ളത്. അത് തന്നെയാണ് നമ്മുടെ ഭരണഘടനയും പറയുന്നത്.

മതസൗഹാർദ്ദത്തിന് മുമ്പില്ലാത്ത ഭീഷണികളാണ് ഇന്നുണ്ടായി കൊണ്ടിരിക്കുന്നത്.ഇതിന് പിന്നിൽ സ്വാർത്ഥ താത്പര്യങ്ങളുടെ ഉത്സവമേളം നമുക്ക് കാണാ നാവും. മതങ്ങൾ ഒരു പൊതു പ്ലാറ്റ്ഫോമിലേക്ക് മാറുകയും മത നേതാക്കൾ തമ്മിൽ തുറന്നചർച്ചയും സൗഹാർദ്ദതയും നിലനിൽക്കുകയും വേണം. മതത്തിന്റെ ഉദ്ദേശ്യലക്ഷ്യംസ്നേ ഹമാണെന്ന് തിരിച്ചറിയണം. മതങ്ങൾ സമൂഹത്തിന് പരിവർത്തനം നൽകുന്ന ചാലക ശക്തികളായി മാറണം. മതം മനുഷ്യന് വേണ്ടിയുള്ള ഒരു ഉപ കരണം മാത്രമാണെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ തിരിച്ചറിവ് മതനേ താക്കൾക്കെങ്കിലും മിനിമം ഉണ്ടായിരിക്കണം. മതങ്ങൾ തമ്മിലടിക്കുന്ന സന്ദർഭങ്ങൾ മതനേതാക്കൾ തന്നെ ഇടപെട്ട് ഇല്ലാതാക്കണം. പരസ്പരം കൈകോർത്ത് പിടിക്കുന്നവരായി രിക്കണം മതങ്ങളെ നയിക്കുന്നവർ. സ്നേഹമാവണം മതത്തിന്റെ അടിത്തറ. ഒരു മേശക്ക് ചുറ്റുമിരുന്ന് സംസാരിച്ച് തീർക്കാൻ കഴിയുന്ന പ്രശ്നങ്ങൾ മാത്രമാണ് നമുക്ക് ചുറ്റുമുള്ളത്. ഇത് തിരിച്ചറിയാതെ പോകുന്നതാണ് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

ഇന്നലെകളിൽ നിന്നുള്ള ഊർജമാണ് ഇന്നുള്ളവർ ഉൾക്കൊള്ളേണ്ടത്. അത് ഭാരതീയ സംസ്കാരത്തിൽ നിന്നുയുർക്കൊള്ളണം. ഭാരതത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്നഉന്നത മൂല്യങ്ങൾ സ്കൂൾ ക്ലാസുകൾ മുതലേ കുഞ്ഞുങ്ങളെ പഠിപ്പിക്കേ ണ്ടിയിരിക്കുന്നു. ശാസ്ത്ര വിഷയങ്ങൾക്ക് നൽകുന്ന പ്രാധാന്യം തന്നെ ഭരണഘടനാ വിദ്യാഭ്യാസത്തിനും നൽകണം. അന്യരെ നോവിക്കുന്നത് അധമ സംസ്കാര മാണെന്ന തിരിച്ചറിവ് കുഞ്ഞുനാൾ മുതൽ മനസിലേക്ക് കുടിയേറേണ്ടിയിരിക്കുന്നു. ഞാനും നീയും രണ്ടല്ല ഒന്നാണെന്ന തിരിച്ചറിവ് നമ്മെ നയിക്കേണ്ടിയിരിക്കുന്നു.

മനുഷ്യരാവണം മതത്തിന്റെ അടിസ്ഥാന ശില. മനുഷ്യന് വേണ്ടിയുള്ളതാവണം മതം. സിരയിലോടുന്ന ചോരയുടെ നിറം ചുവപ്പാണെന്ന് എല്ലാവരും തിരിച്ചറിയണം.

●

www.malankaralibrary.com





# നമ്മളെന്നാൽ നമ്മളാകണം



**രമേഷ് എഴുത്തച്ഛൻ**
ചീഫ് റിപ്പോർട്ടർ, മലയാള മനോരമ, പാലക്കാട്

'നമ്മളെന്നു' പറഞ്ഞാൽ ഒരു കാലത്ത് 'നമ്മളെല്ലാം' അതിൽ ഉൾപ്പെടുമായിരുന്നു. ഈ ഭൂലോകത്തിലെ പൂക്കളും പുഴുക്കളും മനുഷ്യരും തുടങ്ങി സർവചരാചരങ്ങളും ഉണ്ടായിരുന്നു. ഇപ്പോൾ നമ്മളെന്നു പറഞ്ഞാൽ അനുദിനം ചുരുങ്ങിച്ചുരുങ്ങി ഓരോവീടുകളിലേക്കും ഒതുങ്ങി. പലപ്പോഴും നമ്മൾ നമ്മളിൽ തന്നെ ഒതുങ്ങി. അടുത്തവീട്ടിൽ പുതിയ താമസക്കാരൻ വന്നാൽ ആദ്യ ചോദ്യം 'അവർ നമ്മുടെ കൂട്ടരാണോ 'എന്നതാണ്.

സത്യത്തിൽ കേരളത്തിൽ ഇതു കേൾക്കുമെന്ന് നമ്മൾ ചിന്തിച്ചിരുന്നില്ല. മതനിരപേക്ഷതയുടെ കളിത്തൊട്ടിലാണ് എന്നു പറയുന്നകേരളത്തിലാണ് ഈ അവസ്ഥയെങ്കിൽ ദിനം പ്രതി തീവ്രവാദത്തിന്റെയുംമതവാദത്തിന്റെയും കഥകൾ കേൾക്കുന്ന മറ്റിടങ്ങളിൽ എന്താകും അവസ്ഥ?.

കേരളം ഭ്രാന്താലയമാണ് എന്നു പറഞ്ഞിടത്തു നിന്ന് തിരിച്ചു പിടിച്ചതാണ് നമ്മൾ ഈ നാടിനെ. പക്ഷേ, ഈ നാട്ടിലിപ്പോൾ എത്രയെത്ര ഭ്രാന്താലയങ്ങളാണ്?

മതം ഒരു ഭ്രാന്തിനെയും പിന്തുണയ്ക്കുന്നില്ല. എന്നാൽ ഭ്രാന്തുള്ളവർ മതത്തെ എടുത്ത് ഉപയോഗിക്കുമ്പോൾ ഏതു മതവും ഭ്രാന്താകും.

മതവുംവിശ്വാസവും വളക്കൂറു ചേർത്ത മണ്ണിലാണ് നമ്മുടെ സംസ്കാരം തഴച്ചുവളർന്നത്. നമ്മുടെ ഉത്സവങ്ങൾ, ആഘോഷങ്ങൾ

എന്നിവയെല്ലാം സർവമതസംഗമ ഭൂമികളായിരുന്നു. ഉത്സവും പള്ളിപ്പെരുന്നാളും ചന്ദനക്കുടവുമെല്ലാം ഒരുമിച്ച് ആഘോഷിച്ചു. ക്രിസ്മസും ഓണവും പെരുന്നാളുമെല്ലാം നമ്മുടെ ആഘോഷമായി.

കേരളം ഏതുസാഹചര്യത്തിലും മതസൗഹാർദവും മതസഹിഷ്ണുതയും കാത്തുസൂക്ഷിച്ചുകൊണ്ടു രാജ്യത്തിനുതന്നെ മാതൃകയായി നിലകൊണ്ടിട്ടുണ്ട്. രാജ്യത്തിന്റെ മറ്റുഭാഗങ്ങൾ ഇടുങ്ങിയ മതചിന്തകളുടെ ഊരാക്കുടുക്കിൽപെട്ടുഴലുമ്പോഴും സ്വന്തംവിശ്വാസങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടു പരസ്പരം സ്നേഹിക്കാനും സ്നേഹപൂർവം വർത്തിക്കാനും കഴിഞ്ഞവരാണു കേരളീയർ. ഈ യശസ്സിനും പാരമ്പര്യത്തിനും മങ്ങലേൽക്കുകയാണോയെന്ന് സംശയം തോന്നുന്ന ഒട്ടേറെ നടപടികൾ കഴിഞ്ഞ ഏതാനും കാലങ്ങളിലായി നടന്നുവരുന്നു.

മതത്തിന്റെയും ജാതിയുടെയും കാര്യത്തിൽ മലയാളി പുലർത്തുന്നത് ദ്വന്ദ്വവ്യക്തിത്വമാണ്. ജാതിയും മതവും ഇല്ലെന്നത് പരിഷ്കൃത നിലപാടാണെന്നു പറയുമ്പോഴും വ്യക്തിപരമായ തലത്തിൽ അവന്റെ അല്ലെങ്കിൽ അവളുടെ അന്തർബോധത്തെ ജാതിയും മതവും ശക്തമായി ഭരിക്കുന്നു. അടുത്തകാലത്തായി വിശ്വാസങ്ങൾക്കു നേരെ പലതലങ്ങളിൽ ആക്രമണം നേരിട്ടുകൊണ്ടിരിക്കുന്നു. എനിക്ക് എന്റെ മതം നിനക്ക് നിന്റെ മതം എന്ന രീതി മാറി എന്റെ മതം മാത്രമാണ് ശരി എന്ന നിലപാട് പലരും സ്വീകരിച്ചുതുടങ്ങുന്നു. രാഷ്ട്രീയത്തിൽ മതം ഇടപെടാൻ തുടങ്ങിയ ഇക്കാലത്ത് വോട്ട് ബാങ്ക് മുന്നിൽ കണ്ട് ഇതിനെ

**"കേരളം ഭ്രാന്താലയമാണ് എന്നു പറഞ്ഞിടത്തു നിന്ന് തിരിച്ചു പിടിച്ചതാണ് നമ്മൾ ഈ നാടിനെ. പക്ഷേ, ഈ നാട്ടിലിപ്പോൾ എത്രയെത്ര ഭ്രാന്താലയങ്ങളാണ്? മതം ഒരു ഭ്രാന്തിനെയും പിന്തുണയ്ക്കുന്നില്ല. എന്നാൽ ഭ്രാന്തുള്ളവർ മതത്തെ എടുത്ത് ഉപയോഗിക്കുമ്പോൾ ഏതു മതവും ഭ്രാന്താകും"**

പിന്തുണയ്ക്കാൻ ചിലർ തയാറായി വരുന്നു. സ്വന്തം മതവിശ്വാസം കാത്തുസൂക്ഷിക്കുകയെന്നത് യുദ്ധസമാനമായി നടത്തേണ്ട ഒന്നാണെന്ന ചിന്ത ചിലർക്കൊക്കെ തോന്നിത്തുടങ്ങി.

ഇതിനെയെല്ലാം നമുക്ക് കഥകൾ പറഞ്ഞു മറിമടക്കാം. നന്മയൂറുന്ന കഥകൾ നമുക്കു മുന്നിലുണ്ട്. ഒരു തരിമണ്ണിനു വേണ്ടി ചോര ചിന്തുന്ന കാലത്ത് സഹോദര സമുദായത്തിന്റെ ദേവാലയം നിർമിക്കാൻ സൗജന്യമായി ഭൂമി നൽകിയ മലങ്കര കത്തോലിക്ക സഭ ബത്തേരി രൂപതയുടെ കഥ കാലാതിവർത്തിയാണ്. ബത്തേരിക്കടുത്ത് പുത്തൻകുന്നിൽ മുസ്‌ലിം പള്ളി ഉയർന്നിരിക്കുന്നത് മലങ്കര കത്തോലിക്ക സഭയുടെ ബത്തേരി രൂപത സൗജന്യമായി നൽകിയ ഭൂമിയിലാണ്. പള്ളിക്കു മാത്രമല്ല കണ്ടംപുലി ക്ഷേത്രത്തിനായും ഒരേക്കറോളം ഭൂമി രൂപത സൗജന്യമായി നൽകിയിട്ടുണ്ട്. പുത്തൻകുന്നിൽ പള്ളി നിർമിക്കാൻ ഭൂമിയില്ലാത്ത വിഷമത്തിലായിരുന്നു മുസ്‌ലിം വിഭാഗക്കാർ. മലങ്കര കത്തോലിക്കാ സഭയ്ക്കുള്ള ഭൂമിയിൽനിന്നു പത്തു സെന്റെങ്കിലും വിലയ്ക്കുതരുമോ എന്നു ചോദിക്കാൻ സമുദായനേതാക്കൾ ബത്തേരി ബിഷപ്പ് ഡോ. ജോസഫ് മാർ തോമസിനെ സമീപിച്ചതിൽ നിന്നാണു തുടക്കം. ആലോചിക്കാമെന്നു പറഞ്ഞു ബിഷപ്പ് അവരെ മടക്കിയയച്ചു. സഭയ്ക്ക് സ്കൂൾ ഉൾപ്പെടെ സ്ഥാപനങ്ങളുള്ള പ്രദേശമായതുകൊണ്ടു ഭാവി വികസനത്തിന് ഇനിയും ഭൂമി ആവശ്യമുണ്ടെന്നിരിക്കേ എങ്ങനെ ഭൂമി കൊടുക്കുമെന്ന ചോദ്യമാണു ബിഷപ്പിന്റെ മനസ്സിനെ അലട്ടിയത്.

പക്ഷേ, ഒരു സന്ധ്യാ പ്രാർഥനയിൽ ആ ചോദ്യത്തിനുള്ള ഉത്തരമുണ്ടായി: 'നിന്റെ സഹോദര സമുദായക്കാർ ആരാധനയ്ക്ക് ഇടമില്ലാതെ വിഷമിക്കുമ്പോൾ നിന്റെ പ്രാർഥന എങ്ങനെ സമ്പൂർണമാകും?' ബിഷപ് തിരിച്ചറിഞ്ഞു, ദൈവം തോന്നിച്ചതായിരുന്നു ആ ഉത്തരം.പിറ്റേന്നു തന്നെ മുസ്‌ലിം സമുദായ നേതാക്കളെ ബിഷപ് അരമനയിലേക്കു ക്ഷണിച്ചു, എന്നിട്ടു പറഞ്ഞു: "പതിനഞ്ചു സെന്റ് തരാം. ഇഷ്ടമുള്ള ഭൂമിയെടുത്തോളൂ. അതിന് ഒരു ചില്ലിക്കാശുപോലും തരികയും വേണ്ട". സൗഹാർദത്തിന്റെ ദേവാലയംപണിയാൻ സമുദായത്തിന്റെ മണ്ണ് ഇങ്ങനെ പങ്കിട്ടതു പോലെയുള്ള പ്രചോദനാത്മകവാർത്തകൾ അടുത്തകാലത്ത് നമുക്ക് കേൾക്കാൻ കഴിയുന്നില്ല. മതവും വിശ്വാസവും എതിർക്കപ്പെടേണ്ടതല്ല. സമത്വബോധത്തിന്റെയും സാഹോദര്യത്തിന്റെയും പൈതൃകം പോറലേൽപിക്കാതെ സൂക്ഷിക്കുകയാണ് എല്ലാവരുടെയും കർത്തവ്യം. ●

www.malankaralibrary.com



# ക്രിസ്തു എല്ലാവർക്കും വേണ്ടി



**ഫാ. ജി. കടൂപ്പാറയിൽ** MCBS
ചീഫ് എഡിറ്റർ, ലൈഫ് ഡേ

**2021** ഒക്ടോബർ 22 -ന് എം.എസ്.റ്റി. സമൂഹാംഗമായ ഫാ. സിബി നെല്ലൂർ മരണമടഞ്ഞു. 48 വയസ്സേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. ലൂക്കീമിയ - രക്താർബുദം ആയിരുന്നു മരണകാരണം. ഹിമാചൽപ്രദേശിലെ ഷിംലയിൽ നിന്നും 115 കിലോമീറ്റർ അകലെയുള്ള പാബർ നദി ഒഴുകുന്ന റോഡ്രു ഗ്രാമത്തിലേക്ക് ക്രിസ്തുസന്ദേശം എത്തിച്ച ആളായിരുന്നു സിബിയച്ചൻ. അവിടേക്ക് ആദ്യമായി ക്രിസ്തുവിന്റെ രക്ഷാദൂതുമായി കടന്നുചെന്ന ആളായിരുന്നു അദ്ദേഹം. 2018 -ലായിരുന്നു അത്. താൻ കണ്ട, അറിഞ്ഞ ജനങ്ങളോട് താൻ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. അങ്ങനെ 2018 -ലെ ഡിസംബർ മാസം അടുത്തുവന്നു. അപ്പോൾ സിബിയച്ചൻ, കേരളത്തിലെ ജനങ്ങൾ ക്രിസ്തുമസ് കാലത്ത് വീടുകളിൽ നക്ഷത്രങ്ങൾ തൂക്കിയിടാറുണ്ട് എന്നു പറഞ്ഞു. എന്തുകൊണ്ടാണ് അങ്ങനെ നക്ഷത്രങ്ങൾ തൂക്കു

www.malankaralibrary.com



ന്നത് എന്നായി റോഡ്രുവിലെ ജനങ്ങൾ.

ക്രിസ്തുവിന്റെ ജനനം ആഘോഷിക്കാനാണ് നക്ഷത്രങ്ങൾ അങ്ങനെ ഭവനങ്ങളിൽ അലങ്കരിക്കുന്നത് എന്ന് സിബിയച്ചൻ മറുപടി നൽകി. അങ്ങനെയെങ്കിൽ ക്രിസ്ത്യാനികൾ മാത്രം അത് ചെയ്താൽ പോരേ, ക്രിസ്തു ക്രിസ്ത്യാനികളുടേതല്ലേ എന്നായി റോഡ്രുവിലെ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ. അപ്പോൾ സിബിയച്ചൻ മറുപടി നൽകി,

“ക്രിസ്തു ക്രിസ്ത്യാനികളുടേതു മാത്രമല്ല. ക്രിസ്തു എല്ലാവരുടേതുമാണ്. എല്ലാ ജനങ്ങൾക്കും വേണ്ടിയാണ് ക്രിസ്തു ജനിച്ചിരിക്കുന്നത്. ഈ ലോകത്തിന്റെ എല്ലാ തരത്തിലുമുള്ള ജനങ്ങൾക്കായി, എല്ലാ കാലങ്ങളിലേക്കുമുള്ള ജനങ്ങൾക്കായി. സമ്പന്നനും ദരിദ്രനും ആരോഗ്യവാനും രോഗിക്കും ഉയർന്നവനും താഴ്ന്നവനും കറുത്തവനും വെളുത്തവനും പൊക്കം കൂടിയവനും പൊക്കം കുറഞ്ഞവനും എല്ലാവർക്കുമായാണ് അദ്ദേഹത്തിന്റെ ജനനം. അതിനാൽ ആ ജനനം എല്ലാവരും ഓർമ്മിക്കുന്നത് നല്ലതാണ്. ആ ഓർമ്മയിൽ നക്ഷത്രങ്ങൾ ഉയർത്തുന്നത് മനോഹരവും.”

ഇത് കേട്ടപ്പോൾ ആളുകൾക്ക് മനസിലായി, ക്രിസ്തു എല്ലാവർക്കും വേണ്ടി ജനിച്ചയാളാണ് എന്ന്. ആ ബോധ്യം അവരുടെ ഉള്ളിൽ പ്രവേശിച്ചു. അവർ പറഞ്ഞു:

“ഞങ്ങൾക്ക് നക്ഷത്രങ്ങൾ വേണം. ഞങ്ങളുടെ ഭവനങ്ങളിൽ തൂക്കിയിടാനായി ഞങ്ങൾക്ക് നക്ഷത്രങ്ങൾ വേണം.”

അച്ചൻ കേരളത്തിൽ നിന്നും നക്ഷത്രങ്ങളെത്തിച്ചു. ആ ഗ്രാമത്തിലെ എൺപതോളം ഭവനങ്ങളിൽ 2018 ഡിസംബറിൽ നക്ഷത്രങ്ങൾ ഉയർന്നു എന്നത് ചരിത്രം.

എല്ലാവർക്കും വേണ്ടിയുള്ളവനാണ് ക്രിസ്തു എന്ന സത്യം ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചതുകൊണ്ടാണ് അത്തരമൊരു മാറ്റം ആ ഗ്രാമത്തിൽ വന്നത്.

ഇപ്പോൾ മൂന്നു വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ 2021 -ലെ ക്രിസ്തുമസിന് റോഡ്രുവിൽ ആദ്യമായി നക്ഷത്രം ഉയർത്തിയ ഫാ. സിബി നെല്ലൂർ നമ്മോടൊപ്പമില്ല. പക്ഷേ, ആ ഗ്രാമത്തിലെ ജനങ്ങൾ, സിബിയച്ചൻ പരിചയപ്പെടുത്തിയ എല്ലാ ജനങ്ങൾക്കും വേണ്ടി ജനിച്ച ക്രിസ്തുവിന്റെ ജനനം ഈ വർഷവും ആഘോഷിക്കുമെന്ന് തീർച്ചയാണ്.

**ക്രിസ്തു എല്ലാവരുടേതും**

ലോകത്തിന് ക്രിസ്തുവിനെ പരിചയപ്പെടുത്താനുള്ള ഏറ്റവും നല്ല വിശേഷണം അദ്ദേഹം എല്ലാവരുടേതുമാണ് എന്നതാണ്. ഈ ലോകത്തിലെ എല്ലാ മനുഷ്യർക്കും വേണ്ടിയാണ് അദ്ദേഹം ഭൂമിയിൽ വരുന്നതും ജീവിക്കുന്നതും മരിക്കുന്നതും ഉയിർക്കുന്നതും. ക്രിസ്തു ഒരു മതത്തിന്റെയോ, സംസ്കാരത്തിന്റെയോ, കാലഘട്ടത്തിന്റെയോ മാത്രം ആളല്ല.

“ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു” (ലൂക്കാ 2,10) എന്ന വചനം ക്രിസ്തു എല്ലാവർക്കും വേണ്ടിയുള്ളവനാണ്, ക്രിസ്തുവിന്റെ സന്ദേശം എല്ലാവർക്കും വേണ്ടിയുള്ളതാണ് എന്ന സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

**എല്ലാവർക്കുമായി ജനനം**

വയലുകളിൽ രാത്രികാലങ്ങളിൽ ആടുകളെ കാത്തുകൊണ്ടിരിക്കുന്ന ഇടയന്മാരോടാണ് കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് സകല ജനത്തിനും വേണ്ടിയുള്ള ഈ സദ്വാർത്ത അറിയിക്കുന്നത്. ഇടയന്മാർ ക്രിസ്തുവിന്റെ ജനനം അറിയുന്നു, സന്ദർശിക്കുന്നു. ജ്ഞാനികൾ ക്രിസ്തുവിന്റെ ജനനം അറിയുന്നു, സന്ദർശിക്കുന്നു. ജ്ഞാനികളുടെ വരവിൽനിന്നും ഹേറോദേസ്, ക്രിസ്തുവിന്റെ ജനനം അറിയുന്നു. സമൂഹത്തിലെ വിവിധ തട്ടുകളിലുള്ളവർ അവന്റെ ജനനം അറിയണം എന്നതുതന്നെ അവന്റെ ജനനത്തിന്റെ സാർവ്വത്രികമാനം വെളിപ്പെടുത്തുന്ന കാര്യമാണ്.

**എല്ലാവർക്കുമായി ജീവിതം**

ക്രിസ്തുവിന്റെ ജീവിതത്തിലൂടെ കടന്നുപോകുമ്പോൾ നമ്മൾ

www.malankaralibrary.com

കാണുന്ന ഒരു പ്രത്യേകത, അദ്ദേഹം എല്ലാത്തരം മനുഷ്യരുമായി ബന്ധം പുലർത്തിയിരുന്നു എന്നതു തന്നെ. ഫരിസേയർ, സദൂക്കായർ, യഹൂദപ്രമാണികൾ, മുക്കുവർ, ചുങ്കക്കാർ, കുഷ്ഠരോഗികൾ, ദരിദ്രർ, സ്ത്രീകൾ, കുട്ടികൾ, വിധവകൾ തുടങ്ങി അക്കാലത്ത് ആ സമൂഹത്തിലുണ്ടായിരുന്ന എല്ലാ തലങ്ങളിലുമുള്ള ആളുകളുമായി ക്രിസ്തു ഇടപെട്ടിരുന്നു. അവന്റെ പ്രസംഗങ്ങൾ ശ്രവിക്കാൻ എല്ലാ തരത്തിലുംപെട്ട ആളുകൾ വന്നിരുന്നു. എല്ലാ വിഭാഗങ്ങളിലുംപെട്ട ആളുകൾ അവനിൽ നിന്നും സൗഖ്യം പ്രാപിക്കുകയും ചെയ്തു. എല്ലാവരെയും ഉൾപ്പെടുത്തുന്ന ജീവിതവീക്ഷണവും ചൈതന്യവുമായിരുന്നു ക്രിസ്തുവിന്റേത്. അവന്റെ പാഠശാലയിൽ എല്ലാവർക്കും ഇരിപ്പിടമുണ്ടായിരുന്നു. അവന്റെ പന്തിയിൽ എല്ലാവർക്കും വിരുന്ന് വിളമ്പിയിരുന്നു. അവന്റെ ആകാശത്ത് എല്ലാവർക്കും വേണ്ടി വെളിച്ചം തെളിഞ്ഞിരുന്നു.

**മാറ്റിനിർത്തൽ ക്രിസ്തുവിന്റെ ചൈതന്യമല്ല**

ക്രിസ്തുവിന്റേതല്ലാതായി ആരും ഉണ്ടാകാൻ പാടില്ല എന്ന ഒരു ചിന്ത ക്രിസ്തുവിനുണ്ടായിരുന്നു എന്ന് നമ്മൾ മനസിലാക്കണം. അന്ത്യ അത്താഴവേളയിൽ ഒറ്റിക്കൊടുക്കാനിരുന്നവനെയും തള്ളിപ്പറയാനിരുന്നവനെയും അവിടുന്ന് ഒഴിവാക്കുന്നില്ല. അവരെയും ചേർത്തുനിർത്തുകയാണ്. ഒറ്റിക്കൊടുക്കുന്ന യൂദാസ്, സ്വയമേ അന്ത്യ അത്താഴമേശയിൽ നിന്നും ഇറങ്ങിപ്പോവുകയാണ് ചെയ്യുന്നത്. വിഘടിച്ചു നിൽക്കുന്നവനും വീഴുന്നവനും ഇടം നൽകിയവനാണ് ക്രിസ്തു എന്നതാണ് ഈ ലോകത്തിലെ മറ്റെല്ലാ വ്യക്തികളിൽ നിന്നും അദ്ദേഹത്തെ വ്യതിരിക്തനാക്കുന്നത്. നമ്മളും ഓർമ്മിക്കുക, എല്ലാവർക്കും വേണ്ടി വന്നവന്റെ കൂട്ടത്തിൽ നിന്നും ആരെയും മാറ്റിനിർത്താൻ നമുക്ക് അവകാശവും അധികാരവുമില്ല എന്ന യാഥാർത്ഥ്യം. ക്രിസ്തുവിന്റെ പക്കൽ നിന്നും ആളെ മാറ്റാൻ നമുക്ക് എന്തു യോഗ്യതയാണുള്ളത്. “ശിശുക്കൾ എന്റെ അടുത്തു വരട്ടെ; അവരെ തടയേണ്ട” എന്ന് പണ്ട് ക്രിസ്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞതുപോലെ, ഇന്ന് നമ്മളോടും പറയാൻ ഇടവരാതിരിക്കട്ടെ.

ക്രിസ്തുവിനെ വേലികൾ കെട്ടി, അതിരുകളിൽ നിർത്താൻ നമുക്ക് യാതൊരു യോഗ്യതയും ഇല്ലായെന്നത് നമ്മൾ എപ്പോഴും ഓർമ്മിക്കേണ്ടതാണ്.

**നമ്മുടെ കടമ**

“എല്ലാ ജനത്തിനും വേണ്ടിയുള്ള സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു” എന്നാണ് മാലാഖ ഇടയന്മാരോടു പറയുന്നത്. അപ്പോൾ, ആ വാർത്ത മറ്റുള്ളവരെ അറിയിക്കുക എന്നത് ഇടയന്മാരുടെ കടമയായി മാറുകയാണ്. ഇടയന്മാരുടെ അതേ ദൗത്യം ഇക്കാലത്ത് ഏൽപിക്കപ്പെട്ടിരിക്കുന്നത് നമ്മെയാണ്. എല്ലാ ജനത്തിനും വേണ്ടി ജനിച്ച ക്രിസ്തുവിനെ എല്ലാ ജനത്തിനും എത്തിച്ചുകൊടുക്കുക എന്റെ ഉത്തരവാദിത്വമാണ് എന്ന് ഓരോരുത്തരും മനസിലാക്കുകയും അതിനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യണം. ഞാൻ അറിഞ്ഞ സദ്വാർത്ത ഞാൻ മറ്റുള്ളവരെ അറിയിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് ആത്മാർത്ഥമായ ഒരു ധ്യാനം നമുക്ക് ഉത്തരം നൽകും.

**എ മാൻ ഫോർ ഓൾ സീസൺസ് (A Man for all Seasons)**

എ മാൻ ഫോർ ഓൾ സീസൺസ് എന്നത് വി. തോമസ് മൂറിനെക്കുറിച്ചുള്ള ഒരു നാടകമാണ്. റോബർട്ട് ബോൾട്ടാണ് ആ നാടകത്തിന്റെ രചയിതാവ്. ഈ നാടകത്തെ ആസ്പദമാക്കി 1966 -ൽ ഒരു സിനിമയും ഇറങ്ങി. വി. തോമസ് മൂറിന്റെ സ്വഭാവഗുണങ്ങൾ മൂലം അദ്ദേഹത്തെ വിശേഷിപ്പിക്കുന്ന പദമാണ് “എ മാൻ ഫോർ ഓൾ സീസൺസ്” - എല്ലാ കാലങ്ങളിലേക്കുമുള്ള മനുഷ്യൻ. യഥാർത്ഥത്തിൽ ഈ പ്രയോഗം വി. തോമസ് മൂറിനെക്കുറിച്ച് ആദ്യം ഉപയോഗിച്ചത് വിശുദ്ധന്റെ സമകാലീനനായിരുന്ന റോബർട്ട് വിറ്റിംഗ്ടൺ ആണ്; 1520 -ൽ.

“എല്ലാ കാലങ്ങളിലേക്കുമുള്ള മനുഷ്യൻ” എന്ന് വി. തോമസ് മൂറിനെ വിശേഷിപ്പിക്കാമെങ്കിൽ ക്രിസ്തുവിനെ നമ്മൾ എങ്ങനെ വിശേഷിപ്പിക്കും.

എല്ലാ കാലങ്ങൾക്കും ദേശങ്ങൾക്കും എല്ലാ ജനതകൾക്കും വേണ്ടിയുള്ള ദൈവ-മനുഷ്യൻ. അതാണ് ക്രിസ്തു. അതിൽ നിന്നും അദ്ദേഹത്തെ ആരും കുറച്ചുകാട്ടരുത്.

www.malankaralibrary.com



# ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി മതേതരത്വത്തിന്റെ മഹനീയ മാതൃക





ഡോ .കെ.വി. തോമസ്കുട്ടി
കൈമലയിൽ
മുൻ പ്രിൻസിപ്പാൾ, സെന്റ്
ജോൺസ് കോളേജ്, അഞ്ചൽ

വിശ്വസിക്കാനാവില്ല. അത്രകണ്ടു അവിശ്വസനീയമായ ഒരു ജീവിതം. "വരാനിരിക്കുന്ന തലമുറകൾ, മാംസത്തിലും രക്തത്തിലും ഇത്തരത്തിലുള്ള ഒരു മനുഷ്യൻ ഈ ഭൂമിയിൽ നടന്നുവെന്ന് വിശ്വസിക്കില്ല". നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിജിയെപ്പറ്റി ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞ വളരെ പ്രശസ്തമായ ഈ പരാമർശം എല്ലാവിധത്തിലും ഭാഗ്യസ്മരണാർഹ നായ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിക്കും യോഗ്യമായ പ്രസ്താവനയാണ്. 1916 ൽ തുടങ്ങി 1994 ൽ അവസാനിച്ച, സംഭവ ബഹുലവും വർണാഭവുമായ, ഏകദേശം എട്ടു പതിറ്റാണ്ടുകളിൽ തന്റെ കയ്യൊപ്പു പതിപ്പിച്ച, ആർച്ചു ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മതസൗഹാർദ്ദ പ്രവർത്തനങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ചില ചിന്തകൾ പങ്കുവയ്ക്കുകയാണ് എന്റെ ദൗത്യം.

www.malankaralibrary.com

കേരളത്തിലെ മതസൗഹാർദ്ദ നിലപാടുകളുടെ നായക സ്ഥാനമായിരുന്നു മാർ ഗ്രീഗോറിയോസ് പിതാവിനു ണ്ടായിരുന്നത്. വൈവിധ്യമായ ആചാരാനുഷ്ഠാന ങ്ങളുടെയും വിശ്വാസ ധാരകളുടെയും നടുവിൽ, സവിശേഷവും വന്ദ്യവുമായ ഒരു സ്ഥാനത്താണ് അദ്ദേഹം നിലകൊള്ളുന്നത്. അദ്ദേഹം സ്വന്തമായ മതദർശനം ഉള്ള ആളായിരുന്നു. ദൈവദർശനം ഉള്ള ആളായിരുന്നു. ഒരു മതമേലധ്യക്ഷനായിരുന്നു. പക്ഷെ ആ മത ദൈവ ദർശനത്തിന്റെ അനന്യത മതത്തിന്റെ, ഒരു മതാചാര്യന്റെ സാമ്പ്രദായികമായ അതിർത്തികളിൽ നിന്ന് അദ്ദേഹത്തെ വളരെ ദൂരം മുന്നോട്ട്കൊണ്ടു പോയിരുന്നു.

അദ്ദേഹം ജീവിച്ചിരുന്നത് തീവ്രജാതിവ്യവസ്ഥയുടെയും മതചിന്തയുടെയും കാലത്താണ്. ഭാരതത്തിലാകമാനം നവോഥാന പ്രസ്ഥാനം ശക്തിപ്രാപിക്കുന്ന കാലം. എന്നാൽ കേരളത്തിലാണ് ശക്തമായനിലയിൽ ജാതി സമ്പ്രദായത്തിനും, ഉച്ചനീചത്വങ്ങൾക്കും എതിരായ സംഘടിത പ്രവർത്തനം നടന്നത്. അതു കൊണ്ടു തന്നെ കേരളത്തിലെ നവോഥാന പ്രവർത്തനങ്ങൾ ഉത്തരേന്ത്യയിൽ നടന്ന നവോഥാന പ്രവർത്തനങ്ങളിൽ നിന്നും വേറിട്ട് നിന്നിരുന്നു എന്ന് കാണാം. തൈക്കാട് അയ്യാവും അയ്യാവൈകുണ്ഡരും, ചട്ടമ്പിസ്വാമികളും, ശ്രീനാരായണഗുരുവും, ഡോ. പൽപ്പുവും, അയ്യങ്കാളിയും, ചാവറകുര്യാക്കോസ് ഏലിയാസ് അച്ചൻ, മാർ ഇവാനിയോസ് എന്നിങ്ങനെ ഒരു പിടി സാമൂഹ്യ പരിഷ്കർത്താക്കളുടെ പ്രവർത്തന പശ്ചാത്തലത്തിലാണ് മാർ ഗ്രീഗോറിയോസ് പിതാവ് മുഖ്യധാരയിലേക്ക് വരുന്നത്.

അതിൽ മാർ ഇവാനിയോസ് പിതാവിന്റെ പിൻഗാമിയായി മലങ്കരസഭയുടെയും തിരുവനന്തപുരം അതിരൂപതയുടെയും അധ്യക്ഷസ്ഥാനത്തേക്കു വന്നപ്പോൾ മാർ ഇവാനിയോസ് പിതാവ് തുറന്നിട്ട മതസൗഹാർദ്ദ നിലപാടുകളുടെ കൂടി പിൻതുടർച്ചക്കാരനായാണ് അദ്ദേഹം പ്രവർത്തിച്ചത്. മതവിശ്വാസം, മതങ്ങൾക്കു പൂർണത നൽകുന്നു എന്ന് മാത്രമല്ല, മറ്റൊരു മതത്തിനും നിലനിൽക്കാൻ യോഗ്യത ഇല്ലാതാക്കുകയും ചെയ്യുന്നു എന്ന ചിന്താഗതിയെ അദ്ദേഹം പ്രതിരോധിച്ചത് മത വർഗീയതക്ക് മതവുമായി എത്രബന്ധമുണ്ട് എന്നചോദ്യം കൊണ്ടാ ണ്. തന്റെ പ്രഭാഷണങ്ങളിലും സംവാദങ്ങളിലും നിരന്തരം അദ്ദേഹം ഈ ചോദ്യം ഉന്നയിച്ചു. ഒരു മതവർഗീയതക്കും അത് പ്രതിനിധീകരിക്കുന്ന മതത്തിന്റെ ആന്തരിക ഘടനയോടു പ്രത്യേകിച്ച് ബന്ധം ഒന്നും ഇല്ല എന്ന് അദ്ദേഹം സമർഥിച്ചു. ഇപ്രകാരം മതനിരപേക്ഷതയി ലധിഷ്ഠിതമായ ഒരുസമൂഹ മതാധ്യക്ഷനായിരിക്കെ, അദ്ദേഹം മനുഷ്യ ജീവിതത്തെ സമഗ്രമായി കാണാൻ ശ്രമിച്ചു. മാർ ഗ്രീഗോറിയോസ് പിതാവിന്റെ മതസൗഹാർദ്ദ പ്രവർത്തനങ്ങളുടെ ദാർശനിക അടിത്തറ രൂപപ്പെട്ടത് ഇപ്രകാരമാണെന്നാണ് ഞാൻ കരുതുന്നത്. തന്റെ സമുദായം ആത്യന്തിക മൂല്യ മായി ഉയർത്തിക്കാട്ടിയ സ്നേഹനീതിയെ ഒരു അമൂർത്തമായ തത്വമായി അവസാനിക്കാൻ അദ്ദേഹം അനുവദിച്ചില്ല. സ്നേഹവും, നീതിയും കെട്ടടങ്ങാത്ത തൃഷ്ണയായി തന്റെ ജീവിതത്തിൽ നിലനിർത്താനായി എന്ന് മാത്രമല്ല മനുഷ്യ നിർമ്മിതമായ വേലിക്കെട്ടുകൾക്കപ്പുറത്തേക്കു പ്രസരിപ്പിക്കുന്നതിന് കഴിഞ്ഞു എന്നിടത്താണ് മാർ ഗ്രീഗോറിയോസ് പിതാവിന്റെ അനന്യത.

മതത്തിന്റെ അടിസ്ഥാനമൂല്യങ്ങളെ ഉൾകൊള്ളുമ്പോഴാണ് ഒരാൾക്ക് മതാതീതമായ തലത്തിലേക്ക് ഉയർന്നു മതത്തിന്റെ ശ്രേഷ്ഠമായ തലങ്ങളിൽ വ്യാപാരിക്കുവാൻ കഴിയുന്നത്. മതം ഏകമാനമായ ഒരു പ്രതിഭാസമല്ല എന്ന് നമുക്കറിയാം. മതത്തിനു ധാരാളം ആന്തരിക ശാഖകളും തലങ്ങളുമുണ്ട്. ദാർശനികതലമുണ്ട്, ദൈവ വിജ്ഞാനീയമുണ്ട്, അതിനെനയിക്കുന്ന ചില മൂലതത്വങ്ങളുണ്ട്. ഈമൂല്യങ്ങളാണ് അതിനെ കാതലായി സംഗ്രഹിക്കുന്നത് ഒരു സന്യാസിയായി ജീവിക്കുകയും, മനുഷ്യനെ പറ്റിയുള്ള അടിസ്ഥാന അന്വേഷണത്തിന്റെയും, ജീവിതത്തിന്റെ പരമമായ പൊരുളെന്തെന്ന അന്വേഷണങ്ങളുടെയും വ്യത്യസ്ത മണ്ഡലത്തിൽ വ്യാപാരിക്കുകയും ചെയ്ത ഒരാളാണ് അദ്ദേഹം. തന്റെ ആശ്രമം അദ്ദേഹം ചിട്ടപ്പെടുത്തിയത് ജനഹൃദയങ്ങളിലാണ്. വൈവിധ്യമായ ജനസഹസ്രങ്ങളുടെ ഭിന്നപ്രകാരങ്ങളെ തിരിച്ചറിയുക വഴി മനുഷ്യനോടുള്ള അടക്കാനാവാത്ത സ്നേഹത്തിന്റെയും അനുകമ്പയുടെയും നനവ് ആ ജീവിതത്തെ ചൂഴ്ന്നുനിന്നു. ‘സ്നേഹം മമ ദീപം’ എന്ന സങ്കല്പത്തിലൂടെ തന്റെ ദൈവബോധത്തെ ലോകത്തിനു പരിചയപ്പെടുത്തിക്കൊടുത്തു.

വീട്ടുമുറ്റത്തു വന്നു നിൽക്കുന്ന ഭിക്ഷക്കാരന് രണ്ടു രൂപകൊടുക്കുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ ദൈവബോധം. ഇത്തരം, കേവല സൗജന്യ ബുദ്ധിയിൽ ഒതുങ്ങി നില്കുന്നതായിരുന്നില്ല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവിത ദർശനം. അത് സ്നേഹത്തിൽ, അനുകമ്പയിൽ, നീതിബോധ ത്തിൽ, തന്റെ വിശ്വാസബോധ്യങ്ങളിൽ, ദൈവ സ്നേഹത്തിൽ സമ്മിശ്രമായി സമന്വയിപ്പിച്ചു താൻ അല്ലാത്തവർക്കു വേണ്ടി തന്റെ ജീവിതം സമർപ്പിക്കാനുള്ള സമർപ്പണത്തിന്റെ

മറുപേരായിതന്നെത്തന്നെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചു അദ്ദേഹം. ഫ്രഞ്ച് ചിന്തകനും എഴുത്തുകാരനുമായ വിക്ടർ ഹ്യൂഗോ പാവങ്ങൾ (1862) എന്ന നോവലിൽ വരച്ചിട്ട ബിഷപ്പ് മ്യൂരിയലിനെപ്പോലെ ഒരു പരിചയവും ഇല്ലാത്ത മനുഷ്യനെയും സ്വന്തം സഹോദരനായി കാണത്തക്ക വിധം മറ്റുള്ളവരിലേക്ക് തുറന്നു വച്ച അനുകമ്പയുടെയും സ്നേഹത്തിന്റെയും നീതിബോധത്തിന്റെയും ജീവിത ദർശനമായിരുന്നു മാർ ഗ്രീഗോറിയോസ് തിരുമേനിയെ നയിച്ചത്. അദ്ദേഹത്തിന്റെ ചിന്തകളും ദർശനവും തത്വികമായതലത്തിൽ പരിമിതിപ്പെട്ടു നിൽക്കുകയല്ല അതിനപ്പുറത്തേക്ക്, നാനാജാതി മതത്തിൽപ്പെട്ട സാധാരണ മനുഷ്യരുടെ ജീവിതമണ്ഡലത്തിൽ ഇടപെടാൻ കഴിയുന്ന സാഹോദര്യത്തിന്റെ വലിയ ലോകത്തേക്ക് പ്രവേശിക്കുകയാണ്. സാധാരണ മനുഷ്യരുടെ ദൈനംദിന ജീവിത വ്യവഹാരങ്ങളിൽ ഇടപെട്ട് അവന്റെ യാതനകളും ക്ലേശങ്ങളും ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ തുടങ്ങി. ഒരു സന്യാസി, ശാസ്ത്രം, കൃഷി, കാട, കോഴി, മാഞ്ചിയം, കൂൺ കൃഷി, ചെറുകിട വ്യവസായങ്ങൾ, എന്നിങ്ങനെ വൈവിധ്യമായ ലോക വിഷയങ്ങളിൽ വ്യാപാരിക്കുവാൻ തുടങ്ങുന്നത് അങ്ങനെയാണ്. ഇതൊന്നും ഒരു സാധാരണ മതാചാര്യന്റെ വിഷയങ്ങളല്ല.

അദ്ദേഹം അനുഭവിച്ച പട്ടിണിക്കും, ക്ലേശകരമായ ജീവിതാനുഭവങ്ങൾക്കു, നേരിട്ട് കണ്ട, തൊട്ടറിഞ്ഞ ദുരിതങ്ങൾക്കു ജാതിയുടെയും മതത്തിന്റെയും അപ്പുറമുള്ള ഒരു മാനമാണുള്ളത് എന്ന ബോധ്യം മാർ ഗ്രീഗോറിയോസ് പിതാവിന്റെ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിൽ  എല്ലാം പ്രതിഫലിച്ചിരുന്നു..

ഒരു ഉദാഹരണം പറയാം. ഒരുദിവസം, തിരുവനന്തപുരം അരമനയിൽ നിൽക്കുമ്പോൾ ഒരു വലിയ ടെമ്പോയിൽ ആയിരക്കണക്കിന് മൽസ്യക്കുഞ്ഞുങ്ങളെ കൊണ്ടുവന്നിരിക്കുന്നു. അന്ന് അരമനക്കു മുൻപിൽ ഒരു വലിയകുളം ഉണ്ടായിരുന്നു. എല്ലാവരും കരുതി അത് കുളത്തിൽ നിക്ഷേപിക്കാനാവുമെന്ന്. പക്ഷെ, അതിന് ഇത്രയേറെ മൽസ്യക്കുഞ്ഞുങ്ങൾ എന്തിനെന്നു സന്ദേഹവും ഉണ്ടായി. ഗ്രീഗോറിയോസ് പിതാവ് താഴെ ഇറങ്ങിവന്നു, എല്ലാം നോക്കി, എന്നിട്ട് നിർദേശിച്ചു, ആ മൽസ്യക്കുഞ്ഞുങ്ങളെ മുഴുവൻ മണ്ണന്തലക്കുളത്തിൽ നിക്ഷേപിക്കുവാൻ. വന്ദ്യകുരുവിള അച്ഛനും മറ്റുള്ളവരും ഒന്നും പറയാനാകാതെ നിന്നു. കാര്യം മനസിലാക്കി അദ്ദേഹം തുടർന്ന്, ഇതു വളർന്നാൽ ധാരാളം മനുഷ്യർക്ക് പ്രയോജനപ്പെടും. മൽസ്യം പിടിക്കുന്നവർക്കു നല്ല ഭക്ഷണമാകും, അത് വില്ക്കുന്നവർക്കു പണമാകും. അതെ, അദ്ദേഹം മറ്റു മനുഷ്യർക്കു വേണ്ടിയാണ് ചിന്തിച്ചത്. മാനവികതയുടെ ആൾരൂപമായിരുന്നു അദ്ദേഹം.

ഇത്തരം ഒരു സാധുക്കളുടെ പക്ഷം ചേരൽ യാദൃശ്ചികമായി രൂപപ്പെട്ടതാണെന്നു നാം കരുതരുത്. തന്റെ കുടുംബ പാരമ്പര്യത്തിൽ നിന്നും, ജീവിതാനുഭവങ്ങളിൽ നിന്നും രൂപപ്പെട്ടതാണ്. കല്ലൂപ്പാറ തങ്ങളത്തിൽ, ഇടുക്കള, അന്നമ്മ ദമ്പതികളുടെ മകനായി 1916 ൽ ജനിച്ചതു മുതൽ താൻ തൊട്ടറിഞ്ഞത്, കുടുംബത്തിനു വേണ്ടി, സഹോദരങ്ങൾക്കു വേണ്ടി രാപകലില്ലാതെ അധ്വാനിക്കുന്ന പിതാവിനെയും എല്ലാം സ്നേഹനിധിയായ ദൈവത്തിൽ അർപ്പിച്ചു പ്രർസ്ഥാനയും, ഉപവാസവും, വിശ്രമമില്ലാതെ അദ്ധ്വാനിക്കുകയും ചെയ്ത മാതാപിതാക്കളുടെ സമർപ്പണ ജീവിതമാണ്.

താൻ വളർന്നു വന്ന സാമൂഹിക ചുറ്റുപാടുകളും അദ്ദേഹത്തിൽ പ്രകടമായമാനവീകതക്ക് കാരണമായിട്ടുണ്ടാകാം എന്നാണു ഞാൻ കരുതുന്നത്.  അദ്ദേഹത്തിന്റെ ബാല്യവും യൗവനവും മുഴുവൻ കടന്നുപോയത് രണ്ടു ലോകമഹായുദ്ധങ്ങൾക്കിടയിലാണ്.

1953 ജനുവരി 29 -മെത്രാഭിഷേക അനുമോദന യോഗത്തിൽ  നന്ദിപറഞ്ഞു കൊണ്ട് നടത്തിയ പ്രഭാഷണത്തിൽ 'പട്ടിണിയുടെ വിഷമത നേരിട്ടറിയുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്' എന്ന് പറയുമ്പോൾ ഇത്തരം ജീവിതാനുഭവങ്ങൾ ഒക്കെ അതിനു പിന്നിലുണ്ട്. അദ്ദേഹം കണ്ടറിഞ്ഞ പട്ടിണിക്കും ജാതി ഉണ്ടായിരുന്നില്ല. അതു കൊണ്ടു തന്നെ പട്ടിണിയകറ്റാനുള്ള എല്ലാ പദ്ധതികളും അദ്ദേഹം സകല മനുഷ്യർക്കുമായി ചിട്ടപ്പെടുത്തി. മനുഷ്യന്റെ അടിസ്ഥാനആവശ്യങ്ങൾ നിറവേറ്റുക തന്റെ പ്രധാന ദൗത്യമായി കരുതി.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയിൽ ആഹാരമാണ് ഏറ്റം പ്രധാനം. ഇന്ത്യയുടെ പ്രത്യേക പരിതസ്ഥിതിയിൽ ദാരിദ്ര്യം അകറ്റാനുള്ള ശാസ്ത്രീയമായ വഴികൾ അദ്ദേഹം തേടി. കാർഷികവിളകൾക്കൊപ്പം ജന്തു - ജീവി - മൃഗപരിപാലനം, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി.

കർഷകന് പരമാവധി ആദായം ഉറപ്പാക്കുന്ന മികച്ച കൃഷിരീതി എന്ന നിലയിൽ സംയോജിത കൃഷിരീതിയെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഓരോ പ്രദേശത്തേയ്ക്കും അവിടുത്തെ മണ്ണിനും കാലാവസ്ഥയ്ക്കും ഭൗതിക, സാമൂഹിക

www.malankaralibrary.com

സാഹചര്യങ്ങൾക്കും യോജിച്ച കൃഷിരീതികൾ രൂപപ്പെടുത്തി, ആളുകളെ പഠിപ്പിച്ചു, പരിശീലിപ്പിച്ചു, പ്രോത്സാഹിപ്പിച്ചു. കോഴി, കാട, ആട്, മൽസ്യം, കൂൺ കൃഷി, കപ്പ, തേനീച്ചവളർത്തൽ എന്നിവയുടെ ശാസ്ത്രീയ അറിവുനേടി എന്ന് മാത്രമല്ല, ആ അറിവ് രാജ്യം മുഴുവൻ പ്രചരിപ്പിക്കുകയുംചെയ്തു. ജാതിമതിഭേദമില്ലാതെ എല്ലാ മനുഷ്യരുടെയും പട്ടിണി അകറ്റുക എന്നതായിരുന്നു അദ്ദേഹത്തിന്റെ മതസൗഹാർദ്ദ പ്രവർത്തനങ്ങളുടെ കാതൽ.

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അവിടെ അവസാനിച്ചില്ല. ജീവിതത്തിന്റെ വിളുമ്പിൽ ജീവിക്കുന്ന മനുഷ്യർക്ക് കിടന്നുറങ്ങാൻ ഒരുകൂര, അദ്ദേഹത്തിന്റെ വലിയ ആഗ്രഹങ്ങളിൽ ഒന്നായിരുന്നു. അതിനായി കുറഞ്ഞചിലവിൽ ഒരുവീട് നിർമിക്കാൻ ലാറി ബക്കറുമായി ചേർന്ന് വലിയ ശ്രമമാണ് അദ്ദേഹം നടത്തിയത്. കേരള സർക്കാരിന്റെ ലക്ഷംവീട് പദ്ധതിയുടെ പിന്നിൽ ആശയം കൊണ്ടും പിന്തുണ കൊണ്ടും വിജയിപ്പിച്ചത് മാർ ഗ്രീഗോറിയോസ് തിരുമേനിയായിരുന്നു.

1944 അഗസ്റ് 24 നു വൈദികനായി അഭിഷേകം ചെയ്യപ്പെട്ടതു മുതൽ കർമ്മനിരതവും സേവനോന്മുഖവുമായ ഒരു ജീവിതപന്ഥാവാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. അത്ഭുതത്തിന്റെയും ആദരവിന്റെയും വികാരമുണർത്തുന്ന ജീവിതം. 'സ്നേഹംമമദീപം'എന്ന ആദർശസൂക്തം അക്ഷരാർഥത്തിൽ സാക്ഷാത്ക്കരിക്കുന്നതിനുള്ള അശ്രാന്ത പരിസീമമായിരുന്നു ആ ജീവിതം.

ഒരു സമൂഹത്തിൽ നിലനിക്കുന്ന സാമ്പത്തിക അസന്തുലാവസ്ഥ മതസൗഹാർദ്ദത്തെതകർക്കുമെന്ന് അദ്ദേഹംവിശ്വസിച്ചു. അതു കൊണ്ട് ഒരുനൂറ്റാണ്ടിനപ്പുറത്തേക്ക് അദ്ദേഹം പദ്ധതിയിട്ടു. ചെറുകിട വ്യവസായ സംരംഭണങ്ങൾ മാത്രമല്ല ക്യാഷ് ക്രോപ്പ്സും സുബ്ബബൂളും മാഞ്ചിയം കൃഷിയും ദീർഘകാല സമ്പാദ്യ ഉപാധിയായാണ് അദ്ദേഹം കണ്ടത്.

വീടുകളിൽ തളച്ചിടപ്പെടുന്ന, പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകളുടെ ഉന്നമനമാണ് സ്ത്രീ ശാക്തീകരണത്തിന്റെ അടിത്തറയെന്നു അദ്ദേഹം വിശ്വസിച്ചു. തൊഴിൽ പരിശീലനം കൊണ്ടും വിദ്യാഭാസം കൊണ്ടും ഒരു ഉയർത്തെഴുനേൽപ്പു അദ്ദേഹം സ്വപ്നം കണ്ടു. ഗാർമെന്റ്സ് ഫാക്ടറിയും കയർ ഫാക്ടറിയും, ലാറ്റക്സ് ഫാക്ടറിയും ഒക്കെ, ഇപ്രകാരം, തൊഴിൽ ചെയ്തുകൂലി വാങ്ങി സ്വയം പര്യാപ്തമായി ജീവിക്കുന്ന സ്ത്രീ എന്ന ആശയത്തെ മുൻനിർത്തി ആരംഭിച്ചതാണ്.

സാധാരണ മെത്രാന്മാർ തന്റെ അനുയായികളുടെ ആല്മീയ കാര്യങ്ങളിൽ മാത്രം ജാഗരൂകരായിരിക്കുമ്പോൾ, ബെനഡിക്ട് തിരുമേനി സമൂഹ മനുഷ്യന്റെ സമസ്തജീവിത വ്യാപാരങ്ങളിലും തല്പരനായി അവയെഎല്ലാം തന്റെ നിയുക്ത കർമമണ്ഡലമായി അംഗീകരിച്ചു. രാഷ്ട്രീയക്കാർ കണ്ടമാനം പ്രയോഗിച്ചുഅർത്ഥചോരിച്ച വരുത്തിയ സെക്കുലർ എന്നതിനപ്പുറം ഒരു മതനിരപേക്ഷ മതാധ്യക്ഷനായിരുന്നു അദ്ദേഹം.

മതനിരപേക്ഷമതാധ്യക്ഷൻ ഒരു വൈരുധ്യമാണ്. അദ്ദേഹം നന്മനിറഞ്ഞ ക്രിസ്ത്യാനി ആയിരിക്കെ ഭിന്നമതാനുയായികളും മനുഷ്യരാണെന്നു അംഗീകരിച്ചു. മനുഷ്യനു മതമുണ്ട്. എന്നാൽ മനുഷ്യത്വത്തിന് മതമില്ല. അതാണ് സർവ്വമത സാമരസ്യം .

കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്ന കെ. കരുണാകരൻ മാർ ഗ്രീഗോറിയോസ് പിതാവിനെ അനുസ്മരിച്ചെടുക്കുന്നതു ഇപ്രകാരമാണ്: തിരുമേനിയുടെ മുൻപിൽ എല്ലാവരും ഈശ്വരപുത്രന്മാരാണ്. അതുകൊണ്ടുതന്നെ ആ സന്നിധിയിൽ ചെല്ലുമ്പോൾ അവിടെ ജാതിക്കു സ്ഥാനമില്ല. മതത്തിന്റെ ഇടുങ്ങിയ ചിന്താഗതിക്ക് സ്ഥാനമില്ല. മഹത്തായ, പരിപൂർണമായ മനുഷ്യത്വം. ഹിന്ദുവായാലും ക്രിസ്ത്യാനി ആയാലും മുസ്ലിം ആയാലും, ബൗദ്ധനായാലും, പാഴ്സിയായാലും എല്ലാം അദ്ദേഹത്തിന്റെ സുഹൃത്തുക്കാളാണ്. ശിഷ്യന്മാരാണ്, സഹപ്രവർത്തകരാണ്, എല്ലാമെല്ലാമാണ് .

വിദ്യാഭാസവും മതസൗഹാർദ്ദവും തമ്മിൽ എന്ത് ബന്ധമാണുള്ളത്? പ്രത്യേകിച്ച് വിദ്യാഭാസമുള്ള മതമൗലികവാദികൾ നമുക്കുചുറ്റും ഉള്ളപ്പോൾ!. വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചക്ക് വിദ്യാഭാസം ഏറ്റവും സഹായകമായ അഥവാ അനിവാര്യമായ ഘടകമായി കണ്ടു, പ്രോത്സാഹിപ്പിച്ചു. അറിവിന്റെ വെളിച്ചം കടന്നു ചെന്നിട്ടില്ലാത്ത ഗ്രാമീണ മേഖലകളിൽ പുതിയ വിദ്യാഭാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് പരസ്പര ബഹുമാനത്തിലും സാഹോദര്യത്തിലും പുരോഗതി പ്രാപിക്കുന്ന സാമൂഹ്യ സാഹചര്യം രൂപപ്പെടും എന്ന് മാർ ഗ്രീഗോറിയോസ് പിതാവ് മുൻകൂട്ടി കണ്ടു. വിവിധ വിശ്വാസ ധാരകളിൽ ജീവിക്കുന്ന മനുഷ്യരെ കൂട്ടിയിണക്കുന്ന മാർ ഈവാനിയോസ് കോളേജിലും, സർവോദയസ്ഥാപനങ്ങളും, അഞ്ചൽ സെന്റ്ജോൺസ് കോളേജിലും പഴശ്ശിരാജ കോളേജ് , ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ് , ബധനിസ്ഥാപ

www.malankaralibrary.com

നങ്ങൾ എന്നിങ്ങനെ അദ്ദേഹത്തിന്റ കാലത്തു ആരംഭിച്ചതും പിൽക്കാലത്തു സ്ഥാപിച്ചതുമായ നൂറുകണക്കിന് വിദ്യാഭാസ സംരംഭങ്ങൾക്ക് പിന്നിലുള്ള ദർശനം മാർ ഗ്രീഗോറിയോസ് പിതാവ് ഉയർത്തിക്കാട്ടിയ, പരസ്പര സ്നേഹത്തിലും ബന്ധത്തിലും പുരോഗമിക്കുന്ന വിശ്വമാനവിക സമൂഹസൃഷ്ടിയാണ്.

നാടിന്റെ വികസനം നാട്ടാരുടെ വികസനം എന്നതായിരുന്നു മാർ ഗ്രിഗോറിയൽ വികസനമന്ത്രം അവിടെ ജാതിയും മതവുമില്ല. വ്യത്യാസങ്ങളില്ല. മാറ്റിനിർത്തലില്ല. ചെറിയ ഡിസ്പെൻസറികൾ, കുഷ്ഠം, ക്ഷയം എന്നിവക്കുള്ള ചികിത്സാകേന്ദ്രങ്ങൾ, അന്ധ ബധിര വിദ്യാലയങ്ങൾ, മാനസിക ശാരീരിക വൈകല്യം ഉള്ളവരുടെ ശുശ്രൂഷകേന്ദ്രങ്ങൾ, എന്നിങ്ങനെ നിരവധി സംരംഭങ്ങൾ ആരംഭിച്ചു.

ആർഷഭാരത ആത്മീയതയോട് വലിയ ആദരവ് പുലർത്തിയിരുന്നു അദ്ദേഹം. പൊതുവേദിയിൽ പലപ്പോഴും ഉദ്ധരിക്കുന്ന ഒരു ഭാരതീയ സന്യാസ സൂക്തം ഓർക്കുന്നു.

‘അസതോ മ സദ്ഗമായ,
തമസം മ ജ്യോതികമായ,
മൃത്യോ മ അമൃതംഗമായ’

എല്ലായിടങ്ങളിലും മാർഗ്രീഗോറിയോസ് പിതാവ് ഈ ശ്ലോകം ഉദ്ധരിച്ചു. അറിവിന്റെയും, സ്നേഹത്തിന്റെയും, വെളിച്ചത്തിന്റെയും, ജീവന്റെയും സംസ്കാരത്തിലേക്ക് സകല മനുഷ്യർക്കുമുള്ള ക്ഷണമായിരുന്നു ആ ജീവിതം.

മാർ ഗ്രീഗോറിയോസ് പിതാവ് മലങ്കരസഭയുടെ അധ്യക്ഷൻ മാത്രമായിരുന്നില്ല, അദ്ദേഹം ക്രൈസ്തവ സഭയുടെ മുഴുവൻ പ്രതിനിധി ആയിരുന്നു, ന്യൂനപക്ഷവിഭാഗത്തിന്റെ മുഴുവൻ പ്രതിനിധി ആയിരുന്നു, നന്മ ആഗ്രഹിക്കുന്ന സകല മനുഷ്യരുടെയും പ്രതിനിധി ആയിരുന്നു.

1986 -87 രാജീവ്ഗാന്ധി കേരളത്തിൽ എത്തിയപ്പോൾ ആദ്ദേഹം കാണാൻ ആഗ്രഹിച്ച ആദ്യത്തെ മതാചാര്യൻ മാർ ഗ്രീഗോറിയോസ് പിതാവായിരുന്നു.

1992 ൽ ബാബറി മസ്ജിദ് തകർത്തതുമായി ബന്ധപ്പെട്ടു ഇന്ത്യ മുഴുവൻ വ്യാപിച്ച കലാപത്തിന്റെ നാളുകളിൽ പ്രധാനമന്ത്രി പി. വി. നരസിംഹറാവു വിളിച്ചു കൂട്ടിയ മീറ്റിംഗിൽ ക്രിസ്ത്യൻ സമൂഹത്തെ മുഴുവൻ പ്രതിനിധീകരിച്ചു പങ്കെടുത്തത് മാർ ഗ്രീഗോറിയോസ് പിതാവായിരുന്നു.

1993 ൽ കന്യാകുമാരിയിൽ നടന്ന വിവേകാനന്ദ Chicago Centenary ദേശീയ സെമിനാറിലും മാത്രമല്ല ഭാരതത്തിലെ മതസൗഹാർദ്ദ വേദികളിലെല്ലാം നിറസാന്നിധ്യമായിരുന്നു മാർഗ്രീഗോറിയോസ് പിതാവ്.

1983 -ൽ ചാലയിൽ കലാപമുണ്ടായപ്പോൾ, ചാല കത്തി എരിയുന്ന സമയത്തു രണ്ടു വിഭാഗങ്ങളെയും സമാധാനത്തിന്റെ പാതയിലേക്ക് കൊണ്ടു വന്നത് അർച്ച ബിഷപ് ഗ്രിഗോറിയോസ് തിരുമേനിയാണ്. മൂന്നു നാലുപേർ കൊല്ലപ്പെട്ട, കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടാക്കിയ, കേരളം മുഴുവൻ പടരാവുന്ന ഒരു വർഗീയകലാപം തന്റെ സ്നേഹസാന്നിധ്യം കൊണ്ട് അവസാനിപ്പിച്ചു.

പൂവാർ കലാപം നൂറുകണക്കിന് വീടുകൾ അഗ്നിക്കിരയാക്കി, നിരവധിപ്പേർക്കു മുറിവേറ്റു, വലിയ പോലീസ് സന്നാഹത്തോടെ പോലും അടിച്ചമർത്താൻ കഴിയാത്ത സാഹചര്യം. അന്ന് മുഖ്യമന്ത്രി ആയിരുന്ന കെ. കരുണാകരൻ ഗ്രീഗോറിയോസ് പിതാവിന്റെ സഹായം തേടി. ഇരുപത്തിനാലു മണിക്കൂറുകൾക്കകം രണ്ടു പക്ഷത്തേയും നേതാക്കന്മാരെ ഒരു മേശക്കു ചുറ്റും എത്തിച്ചു മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ആ പ്രതിസന്ധി പരിഹരിച്ചു.

അദ്ദേഹത്തിന്റെ മൂല്യങ്ങളിലൂടെ മതത്തെ ഉൾക്കൊള്ളുന്നവർക്ക് തങ്ങളുടെ മതത്തെ അനുവർത്തിക്കാനും മതാതീതമെന്നു വിളിക്കാവുന്ന ഒരനുഭവമായി സ്വന്തം മതബോധത്തെ കൊണ്ട് നടക്കാനും സാധിക്കും. അദ്ദേഹത്തിന ക്രിസ്തുമതം കേവലം സഭാ മാത്രമല്ല, അടിസ്ഥാനപരമായി സ്നേഹമാണ്. ഇന്നും പ്രസക്തമായ. വർത്തമാന കാലത്തേക്കുള്ള വലിയ സന്ദേശമാണ് അദ്ദേഹത്തിന്റെ ചിന്തകൾ. വർത്തമാന കാലത്തു ഫ്രാൻസിസ് മാർപ്പാപ്പ പറയാൻ ശ്രമിക്കുന്നതും ഇതുതന്നെയാണ്. അജ്ഞതയിൽ നിന്നും അറിവിലേക്കും, ഇരുളിൽ നിന്നും വെളിച്ചത്തിലേക്കും, മരണത്തിൽ നിന്നും ജീവന്റെ സംസ്കാരത്തിലേക്കും നയിക്കപ്പെടുന്നതിനു മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജീവിതദർശനം ഉൾക്കൊള്ളുന്ന ഏതൊരാൾക്കും സാധിക്കും എന്നതിൽ സംശയമില്ല.

www.malankaralibrary.com





# കരുണയുടെ മുഖം : ജേക്കബ് മാർ ബർണാബാസ് മെത്രാപ്പോലീത്താ



**ഫാ. സാം പതാക്കൽ**
ഗുഡ്ഗാവ് രൂപത

ദൈവസ്നേഹത്താൽ നിറഞ്ഞ്, കരുണയുടെ മുഖഭാവം ഉൾക്കൊണ്ട്, ആത്മാവിൽ ജ്വലിച്ചു നിന്ന് സുവിശേഷം പകർന്നു നൽകിയ ശ്രേഷ്ഠ ആചാര്യനാണ് ഗുഡ്ഗാവ് രൂപതയുടെ പ്രഥമ അധ്യക്ഷൻ ഡോ. ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്ത. ആശ്വാസപുത്രൻ എന്ന അർത്ഥം ഉള്ള തന്റെ പേര്, ജീവിതം കൊണ്ട് അന്വർത്ഥമാക്കിയ ഈ പിതാവിന്റെ ജീവനുള്ള ഓർമ്മകൾ പങ്കുവെക്കുക എന്നത് ; ഈ തിരുമേനിയിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച നന്മകളെ പ്രതി ദൈവത്തെ മഹത്വപ്പെടുത്തുന്ന അവസരമായികാണുന്നു. സഭയ്ക്കും സമൂഹത്തിനുമായി ദൈവം തന്ന അനുഗ്രഹമാണ് അഭിവന്ദ്യ ബർണ

ബാസ് തിരുമേനി. ബാഹ്യ ഭദ്രാസന മിഷനിലും തുടർന്ന് ഗുഡ്ഗാവ് രൂപതയിലും ഈ ശ്രേഷ്ഠ ആചാര്യന്റെ ശുശ്രൂഷാ നേതൃത്വത്തിൻ കീഴിൽ വൈദിക ശുശ്രൂഷ ചെയ്യുവാൻകഴിഞ്ഞു എന്നത് വലിയ ദൈവീക അനുഗ്രഹവും ഭാഗ്യവുമായി കരുതുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസ, ആരാധനാ രീതികളിൽ ചെറുപ്പം മുതലേ വളർന്നു വന്ന്, ബഥനി സന്യാസ സമൂഹത്തിലൂടെ രൂപ പ്പെട്ട്, സഭയുടെ ശ്രേഷ്ഠ പൗരോഹിത്യ ശുശ്രൂഷയിലേക്ക് ഉയർത്തപ്പെട്ട ഈ അഭിവന്ദ്യ തിരുമേനിയുടെ ജീവിതംഎന്നും എപ്പോഴും എല്ലാവരെയും ക്രിസ്തുവിലേക്ക് ആകർഷിക്കുന്നത് ആയിരുന്നു. താൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും തികച്ചും തന തായ വ്യക്തിമുദ്രപതിപ്പിക്കുവാൻ അഭിവന്ദ്യ പിതാവിന് സാധിച്ചിരുന്നു. ഗുഡ്ഗാവ് രൂപതയുടെ വിവിധ പ്രദേശങ്ങളിലേക്കും, ഭാഷകളുടെ അതിർവരമ്പുകൾക്കപ്പുറത്തേക്കും മലങ്കരകത്തോലിക്കാ സഭാ കൂട്ടായ്മ വളർച്ച പ്രാപിച്ചു തുടങ്ങുമ്പോഴും വിശ്വാസ, ആരാധനാ, പാരമ്പര്യ രീതികളെ അഭംഗുരം കാത്തുസൂക്ഷിക്കുന്നതിന് ഈ ശ്രേഷ്ഠ ആചാര്യൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

തികച്ചും ആകസ്മികമായി നമ്മിൽ നിന്ന് വേർപെട്ട് നിത്യജീവനോട് ചേർക്കപ്പെട്ട ഈ വന്ദ്യ താതന്റെ ദേഹവിയോഗം ഉളവാക്കിയ വേദനയിൽ നിന്നും, വരുത്തിയ വലിയശൂന്യ തയിൽ നിന്നും ഗുഡ്ഗാവ് രൂപത മാറിവരുവാൻ വളരെയധികം സമയം എടുക്കും. എന്നാൽ, എല്ലാം ദൈവ പരിപാലനയിൽ കാണുവാനും ദൈവത്തിൽ ആശ്രയിച്ചു കൂടുതൽ തീക്ഷ്ണതയോടെ മുമ്പോട്ട് പോകുവാനും ഒരു ക്രൈസ്തവ വിശ്വാസിക്ക് സാധിക്കും, സാധിക്കണം.

അപ്പസ്തോല പ്രവർത്തനങ്ങളിൽ ബാർണാവാസിനെ അവതരിപ്പിക്കുന്നത് പോലെതന്നെ, വിശ്വാസത്തിൽ അടിയുറച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കർത്താവിലേക്ക് അനേകരെ ആനയിച്ച്, സഭാ ഗാത്രത്തോട് കൂട്ടിച്ചേർത്ത്, സുവിശേഷ പരിമളം പകർന്നു നൽകിയ, കാലഘട്ടത്തിന്റെ പ്രവാചകദൗത്യം ഏറ്റെടുത്ത ധീരയോദ്ധാവാണ് കാലം ചെയ്ത അഭിവന്ദ്യ ബർണാബാസ് മെത്രാപ്പോലീത്ത. അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം ഇപ്രകാരം കാണുന്നു; 'കാരണം, അവൻ പരിശുദ്ധാത്മാവിനാലും വിശ്വാസത്താലുംനിറഞ്ഞ ഒരു നല്ല മനുഷ്യനായിരുന്നു. നിരവധി ആളുകൾ കർത്താവിന്റെ അനുയായികളായിത്തീർന്നു. (അപ്പ. 11:25).

അതിരുകൾ ഇല്ലാത്ത ദൈവത്തിന്റെ സ്നേഹവും കരുണയും താൻ കണ്ടുമുട്ടുന്നവർക്കെല്ലാം പകർന്നു നൽകുന്നതിൽ ബദ്ധശ്രദ്ധാലുവായിരുന്നു ഈ പുണ്യ പിതാവ്. താൻ കണ്ടുമുട്ടുന്നവരെ സ്വാഭാവികമായിത്തന്നെ സുവിശേ ഷചൈതന്യത്താൽ നിറയ്ക്കുവാനും സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ അവരെ ഉൾചേർക്കുവാനും അന ന്യസാധാരണമായ കഴിവും പ്രാഗൽഭ്യവും ഈ പിതാവിൽ നിറഞ്ഞുനിന്നിരുന്നു. എല്ലാറ്റി ലും ഉപരിയായി യഥാർത്ഥ ഉറവിടമായദൈവത്തിലേക്ക് എല്ലാ വരെയും ആകർഷിക്കുവാനും പരിശുദ്ധ കത്തോലിക്കാ സഭയുടെ മക്കളായി തീർക്കുവാനുള്ള ദൈവീകമായ ഒരു ആകർഷണവലയം ഇപ്പോഴും പിതാവിന്റെ പ്രവർത്തനങ്ങളിൽ പ്രകടമായിരുന്നു. ഗുഡ്ഗാവ് രൂപതയുടെ എല്ലാ പ്രവർത്തനങ്ങളിലും, സർവ്വമഹത്വവും സ്രഷ്ടാവായ ദൈവത്തിന് നൽകുന്നു എന്ന് ഉറപ്പു വരുത്തുവാൻ സ്വയം പരിശ്രമിക്കുകയും അതിനായി നിരന്തരം മറ്റുള്ളവരെആഹ്വാനം ചെയ്യുകയും ചെയ്തിരുന്നു. ചിലപ്പോഴെങ്കിലും പിതാവിന്റെ വാക്കുകൾകൂടുതൽ തീക്ഷ്ണതയേറിയതും നിലവിലുള്ള ഘടനാരീതികളെ ചോദ്യം ചെയ്യുന്നരീതിയിലുള്ളത് ആവുകയും ചെയ്തിരുന്നതിന് കാരണം സുവിശേഷ പ്രചരണത്തെകുറിച്ചുള്ള തീഷ്ണത ഒന്നുമാത്രമായിരുന്നു എന്ന് ആ ജീവിതം മുഴുവൻ മനസിലാക്കുമ്പോൾ ഗ്രഹിക്കുവാൻ സാധിക്കും.

ദൈവസ്നേഹവും മനുഷ്യ സ്നേ ഹവും വിശ്വാസ ജീവിതത്തിന്റെ വേർപ്പെടുത്താനാവാത്ത തലങ്ങളാണ്എന്ന ക്രിസ്തു ദർശനത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായി പിതാവ് എപ്പോഴും, തലമുറകളിൽ നിലനിൽക്കും. ദൈവവിശ്വാസവും മാനുഷിക പ്രവർത്തനതലങ്ങളുംതമ്മിൽ അഭേദ്യമായ ബന്ധം നില നിർത്തുന്നതിൽ പിതാവ് എപ്പോഴും ശ്രദ്ധേയനായിരുന്നു. തന്റെ ക്രിസ്തു വിശ്വാസത്തിൽ നിന്ന് രൂപപ്പെടുന്ന ദൗത്യം ആയിട്ടാണ് സാമൂഹിക പ്രവർത്തനങ്ങളെ കണ്ടിരുന്നത്. ക്രിസ്തുവിനെപങ്ക് വെക്കുന്നതി നുള്ള മാർഗം ആയിരിക്കണം രൂപ

www.malankaralibrary.com

തയുടെ എല്ലാ പ്രവർത്തനമേഖല കളും എന്ന് എപ്പോഴും പ്രസംഗിക്കുകയും ജീവിതം കൊണ്ട് സാക്ഷ്യപെടുത്തുകയും ചെയ്തു. അഭിവന്ദ്യ തിരുമേനി തന്റെ ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി; "ഈ സഹോദരങ്ങളുടെ വിശ്വാ സവും ജാതിയും നിറവും ഭാഷയും നോക്കാതെ ദൈവത്തിന്റെ സ്നേഹവും കരുണയും അവരിലേക്ക് എത്തിക്കുവാനാണ് ദൈവം എന്നെ നിയോഗിച്ചിരി ക്കുന്നത്. അവർ ഈ കത്തീഡ്രൽ ദേവാലയത്തെ അവരുടെ ആശ്വാസസ്ഥലമായി കണ്ടെത്തുന്നു". ഗുഡ്ഗാവ് രൂപത സ്ഥാപിതമാകുന്നതിനു മുമ്പുതന്നെ MCCETRI യുടെ അപ്പസ്തോലിക് വിസിറ്റേറ്ററായി ഇരിക്കുമ്പോൾ തിരുമേനി പ്രചോദന സോഷ്യൽ സർവീസ് സൊസൈറ്റി ആരംഭിക്കുകയും അതിന്റെ പ്രഥമപ്രവർത്തനമായിത്തന്നെ, കുടുംബങ്ങളുടെ സഹായ ത്തോടെ ഡൽഹിയിലെ തെരുവു കളിൽ പട്ടിണി കിടക്കുന്നവർക്ക് നിത്യവും ആഹാരം നൽകുവാ നുള്ള പദ്ധതി ആരംഭിക്കു കയുംചെയ്തു. പ്രചോദന സോഷ്യൽ സർവീസ് സൊസൈറ്റി യുടെ രൂപീകരണത്തിലും അതിന്റെ ആദ്യഡയറക്ടർ എന്ന നിലയിലും പ്രവർത്തിച്ചപ്പോൾ, തിരുമേനിയുടെ ഹൃദയത്തിൽ പാവപ്പെട്ടവരോടുള്ള സ്നേഹത്തിന്റെ ആഴം കാണുവാനും അനുഭവിക്കുവാനും ഉള്ളഭാഗ്യം ലഭിച്ചിട്ടുണ്ട്.

ഡൽഹി നഗരത്തിൽ, ജസോല മലങ്കര കത്തോലിക്ക ദൈവാലയം പണിയുമ്പോൾ തന്നെ, മറ്റ്സാമൂഹി കമായ സാഹചര്യങ്ങളുടെയും നിയമങ്ങളുടെയും ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടും അതിനെയെല്ലാം അഭിമുഖീകരിച്ചു കൊണ്ട് തന്നെ ഭവനരഹിതരായി തെരുവുകളിൽ കിടക്കുന്ന പാവപ്പെട്ടവർക്ക് വേണ്ടി ഒരു ഭവനം (ശാന്തി ആശ്രമം) ദൈവാലയത്തോട് ചേർന്ന് പണിയണമെന്ന ഉറച്ച തീരുമാനം എടുക്കുവാൻ പിതാവിന് സാധിച്ചത് ദൈവ ആരാധന മനുഷ്യസ്നേഹത്തിലേക്ക് നയിക്കപ്പെടണം എന്ന തികഞ്ഞ ബോദ്ധ്യം ആയിരുന്നു.

ദൈവസ്നേഹം, മനുഷസ്നേ ഹമായി പകർന്നു നൽകുന്നു എന്നതുകൊണ്ട് തന്നെ പിതാവിന്റെ സാമൂഹിക പ്രവർത്തനങ്ങളും, പാവങ്ങളോടുള്ള പ്രത്യേ കമായ പക്ഷം ചേരലും വെറുംസാധാരണയുള്ള മാനുഷിക പരിഗണനയിൽ നിന്ന് ഉളവായ പ്രവർത്തനങ്ങൾ എന്നതിനപ്പുറം തന്റെ ഹൃദയത്തിൽ നിറഞ്ഞു നിന്ന ക്രിസ്തു സ്നേഹത്തിൽ നിന്ന് ഒഴുകിവന്ന കരുണയുടെ ചാലുകളായിരുന്നു എന്ന് മനസ്സിലാക്കുവാൻ സാധിക്കും. അങ്ങനെമനസ്സിലാക്കുവാൻ പരാജയപ്പെടുന്ന പക്ഷം സാധാരണയുള്ള ഒരു സംഘട യുടെസാമൂഹ്യപ്രവർത്തനങ്ങൾ പോലെ മാത്രം, പിതാവിന്റെ ദൈവീക ശുശ്രൂഷകളെ, ഒരു സാമൂഹിക പ്രവർത്തനതലത്തിൽ മാത്രം ചുരുക്കി കാണുവാനുമുള്ള സാധ്യത നമ്മുടെചുറ്റും ഉണ്ട് എന്ന ഒരു ഓർമ്മപ്പെടുത്തലൂടെ കൂടെ നടത്തുവാൻആഗ്രഹിക്കുന്നു. വന്ദ്യ പിതാവിന് എല്ലാം ക്രിസ്തുവും, സഭയും മാത്രമായിരുന്നു.

കോവിഡ് 19 എന്ന മഹാമാരിയുടെ ഭീതിയിൽ ലോകം മുഴുവൻ സ്വന്തം മേൽക്കൂരയുടെ കീഴിൽ കുടുങ്ങി പോയ സമയത്ത് പോലും, തന്റെ ഭവനത്തിന്റെ ചുവരുകൾക്ക് പുറത്തേക്ക് ഇറങ്ങി ചൊല്ലുവാനും നേബ്സറായി കത്തീഡ്രൽ പരിസരം ഒരുതാൽക്കാലിക സാമൂഹിക അടുക്കളയായി മാറ്റുവാനും കാണിച്ച നല്ല മനസ്സാണ്ക്രിസ്തു സ്നേ ഹത്തിൽ നിന്ന് രൂപപ്പെടുന്ന മനുഷ സേവനത്തിന്റെ ഉദാത്തമായമാതൃക.

അഭിവന്ദ്യബർണബാസ് തിരുമേനിയുടെ സാന്നിധ്യം എപ്പോഴും വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും അൽമായ രുടെയും ആത്മവീര്യത്തെ ഉണർത്തുകയും ഗുഡ്ഗാവ് രൂപതയുടെ മിഷൻ സ്വപ്നങ്ങൾ പൂവണിയുന്നതിന് വിശ്രമമില്ലാതെ പിതാവിനോടൊപ്പം പ്രവർത്തിക്കു ന്നതിന് പ്രചോദനം ആവുകയും ചെയ്തു എന്നതു തന്നെ ദൈവീക സ്നേഹത്താൽ നിറയപ്പെട്ട വിശുദ്ധനായിരുന്നു പിതാവ് എന്ന വസ്തുത വെളിവാക്കുന്നു. ജീവിതം കൊണ്ട് ദരിദ്രരോട് അനു രൂപപ്പെട്ട ഒരു മനുഷ്യനായിരുന്നു അഭിവന്ദ്യ ബർണബാസ് തിരുമേനി. സാധാരണ രീതിയിൽ ഉള്ള ഒരു ബിഷപ്പ് ഹൗസിന്റെ പ്രൗഢിയോ, സൗകര്യങ്ങളോ, മറ്റ് സാഹചര്യങ്ങളോ ഇല്ലായിരുന്നു എന്നതതിലല്ല മറിച്ച്, മിതമായ ഈ സൗകര്യങ്ങളുടെ നടുവിലും സന്തോഷത്തോടെ ജീവിച്ചുകൊണ്ട് അതിവിസ്തൃതമായ തന്റെ രൂപ തയുടെ വിവിധഗ്രാമ പ്രദേശ ങ്ങളിൽ സുവിശേഷത്തിന്റെ പരിമളം എത്തിക്കുന്നതിന് സാധിച്ചുഎന്നതാണ് ഈ പിതാവിനെ വ്യത്യസ്തനാക്കുന്നത്. സുവിശേഷ പ്രഘോഷണത്തിൽ മുന്നേറുന്നതിനുള്ളതിനുള്ള മാർഗങ്ങൾ കണ്ടെത്തുക ആയിരുന്നു പിതാവിന്റെ പ്രധാന ശുശ്രൂഷ എന്ന് എടുത്തു പറയുവാൻ ആഗ്രഹിക്കുന്നു.

നാൽപത്തേഴാമത്തെ വയസ്സിൽ തന്നെ ശ്രേഷ്ഠ ആചാര്യനായി നിയമിതനായ മാർ ബർണബാസ്

തിരുമേനി വർഷങ്ങൾ കടന്നു പോകുമ്പോഴും തന്റെ യൗവനത്തിന്റെ പ്രസരിപ്പും ഊർജ്ജസ്വലതയും നഷ്ടപ്പെടുത്തിയിരുന്നില്ല എന്നു മാത്രമല്ല, നിലവിലുള്ളരീതികളിൽ നിന്നും പ്രവർത്തനമേഖലകളിൽ നിന്നും അല്പം മാറി ചിന്തിക്കുവാനും തനതായ ഒരു പ്രവർത്തനശൈലി രൂപപ്പെടുത്തുവാനും പരിശ്രമിച്ചിരുന്നു. അതേസമയംതന്നെ, തന്റെ പ്രവർത്തനങ്ങൾ സഭയുടെ ക്രമീകരണങ്ങളോട് ചേർന്നു നിൽക്കുന്നതും, പാരമ്പര്യങ്ങളിൽ നിന്ന് മാറി പോകാത്തതും എന്നാൽ മിഷൻപ്രവർത്തനങ്ങൾക്കും തന്റെ പ്രവർത്തന പ്രദേശങ്ങൾക്കും ഗുണകരം ആകുന്നതും ആകണമെന്ന് നിർബന്ധം പുലർത്തിയിരുന്നു. പിതാവിന്റെ ഈ മിഷൻ സമീപന രീതികളെ ആഴത്തിൽ മനസിലാക്കുവാനും സജീവമായി സഹകരിക്കുവാനും എത്രത്തോളം സാധിച്ചിരുന്നു എന്ന് നാം വിലയിരുത്തുന്നതും നല്ലതാണ്. തന്റെ വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും അനേകരെ ക്രിസ്തുവിലേക്ക് ആകർഷിച്ച്, സഭയോട് ചേർത്ത് നിർത്തിയ ഒരു യഥാർത്ഥ മിഷനറിയായി പിതാവ് തന്റെ ജീവിതം അർപ്പിച്ചു. അതിന് മുദ്ര ഇടുന്ന രീതിയിൽ ആ വലിയ മിഷനറിയുടെ അവസാന യാത്ര പഞ്ചാബ് മിഷൻ പ്രദേശത്തേക്ക് ആയിരുന്നു.

ദൈവീക സ്നേഹവും മിഷൻ തീക്ഷ്ണതയും കൊണ്ട് നിറഞ്ഞതും, കരുണാദ്രമായ പെരുമാറ്റരീതികൾ കൊണ്ട് ഏത് വ്യക്തിയെയും ക്രിസ്തുവിലേക്ക് ആകർഷിക്കുകയും, സഭയോട് കൂട്ടിച്ചേർക്കുകയും ചെയ്തിരുന്ന ഈ വലിയ മിഷനറിയുടെ ജീവിതത്തെ അത്ഭുതത്തോടെ മാത്രമേ നോക്കി നിൽക്കാൻ സാധിക്കുകയുള്ളൂ. പിതാവിനെക്കുറിച്ചുള്ള ഒരു അനുസ്മരണ പ്രസംഗത്തിൽ 'മനുഷ്യനെ പരിപോഷിപ്പിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തിയ ഒരു അതുല്യനായ ദൈവീക മനുഷ്യനായിരുന്നുബർണബാസ് തിരുമേനി' എന്ന് കേൾക്കുവാൻ ഇടയായി. തിരുമേനിയിൽ കത്തിജ്വലിച്ചുനിന്ന ദൈവ-മനുഷ്യ സ്നേഹവും, മിഷൻ തീഷ്ണതയും നമ്മളിലും ജ്വലിക്കട്ടെഎന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

മലങ്കരസുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യത്തെയും അതിന്റെ ആത്യന്തികമായലക്ഷ്യങ്ങളെയും, മിഷൻ പ്രവർത്തന രീതികളെയും കൂടുതൽ ആഴത്തിൽ പുനർവായന നടത്തുന്നതിനും കാലഘട്ടത്തിന് അനുസൃതമായി പുനർവ്യാഖ്യാനിക്കുന്നതിനും, അത് വിശദീകരിക്കുന്നതിനും അഭിവന്ദ്യ തിരുമേനി പ്രത്യേകം പരിശ്രമിച്ചിരുന്നു.സഭയുടെ പുനരൈക്യ പ്രവർത്തനങ്ങളെ കൂടുതൽ വിശാലവും പ്രായോഗികവുമായ തലങ്ങളിൽഅവതരിപ്പിക്കുവാനും, സാധിക്കുന്ന സ്ഥലങ്ങളിലെല്ലാം പുതിയ മിഷൻ കൂട്ടായ്മകൾ ആരംഭിക്കുവാനും പ്രത്യേകം പരിശ്രമിക്കുകയും അതിനായി മുന്നിട്ടിറങ്ങുകയും ചെയ്തു. ഗുഡ്ഗാവ് രൂപതയുടെ പുതിയ മിഷൻ പ്രവർത്തന മേഖലകളും മിഷൻവില്ലേജുകളും എല്ലാം തന്നെ ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായിരൂപപ്പെട്ടതാണ്. അകത്തോലിക്കാ മിഷനറിമാരോട് പ്രത്യേകിച്ച് പ്രൊട്ടസ്റ്റന്റ് മിഷനറിമാരുമായി വ്യക്തിപരമായ ബന്ധം നിലനിർത്തുവാനും, അവരുടെ ശുശ്രൂഷകളെ ബഹുമാനത്തോടെ കാണുവാനും, അവരെ പ്രോത്സാഹിപ്പിക്കുവാനും; അതേസമയം തന്നെ കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങളെ കുറിച്ച് അവരെ പഠിപ്പിക്കുവാനും ഈ സഭാ കൂട്ടായ്മയിലേക്ക് കടന്നു വരുവാൻ നേരിട്ട് ക്ഷണിക്കുവാനും സാധിക്കുന്ന ഒരു തുറന്ന സമീപന രീതി പിതാവിന് എപ്പോഴുമുണ്ടായിരുന്നു. ഇപ്രകാരമുള്ള പിതാവിന്റെ ജീവിത ബോധ്യങ്ങളിൽനിന്ന് ഉരുതിരിഞ്ഞു വന്ന മിഷൻ - പുനരൈക്യ പ്രവർത്തങ്ങളിലൂടെ അനേകർ മലങ്കരകത്തോലിക്കാ സഭയോട് കൂട്ടിച്ചേർക്കപ്പെട്ടു എന്നുള്ള വസ്തുതഎടുത്തു പറയുന്നതാണ് പിതാവിനെ കുറിച്ചുള്ള എറ്റവും വലിയ അനുസ്മരണം.

മാനുഷികമായി ചിന്തിക്കുമ്പോൾ പെട്ടെന്ന് ഉള്ളതും അകാലത്തിൽ സംഭവിച്ചതും ആയ ഒരുവേർപാടാണ് അഭിവന്ദ്യ തിരുമേനിയുടെ ഈ ലോകത്തിൽ നിന്നുള്ള കടന്നുപോകൽ. എന്നാൽ മാനുഷികവും ബുദ്ധിപരവുമായ ചിന്തകളുടെ മൂടുപടത്തിന് അപ്പുറത്തേക്ക് വിശ്വാസത്തിന്റെയും നിത്യതയെ കുറിച്ചുള്ളബോധ്യങ്ങളുടെയും കണ്ണിലൂടെ നോക്കുമ്പോൾ ദൈവം ഏൽപ്പിച്ച ദൗത്യം അതിന്റെ പൂർണ്ണതയിൽ നിർവഹിക്കുകയും ദൈവത്തിൽ എത്തിച്ചേരുവാൻ എപ്പോഴുംആഗ്രഹിക്കുകയും ചെയ്തിരുന്ന ബർണബാസ് തിരുമേനിയെ കണ്ടെത്തുവാൻ സാധിക്കും. ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ നടത്തിയിട്ടുള്ള പ്രസംഗങ്ങളിലും വാക്കുകളിലും നിത്യയെക്കുറിച്ചും രക്തസാക്ഷിത്വമരണത്തെക്കുറിച്ചും ആണ് കൂടുതലും സംസാരിച്ചിരുന്നത് മനുഷ്യബുദ്ധിയിൽ നിന്ന് രൂപപ്പെടുന്ന

ഉത്തരങ്ങൾക്ക് ജീവിതത്തിൽ പെന്നെുണ്ടാകുന്ന സഹനങ്ങൾക്കും, മരണങ്ങൾക്കുമുള്ള പൂർണ്ണമായ ഉത്തരം നൽകുവാൻ സാധിക്കില്ല. എന്നാൽ ദൈവം നിത്യ സമ്മാനത്തിന്നായി ഈ ശ്രേഷ്ഠ ആചാര്യനെ സഹനങ്ങളിലൂടെ ഒരുക്കിയിരുന്നു എന്ന് തിരിച്ചറിയുന്നിടത്ത് മാത്രമേ, ദൈവീകമായ സമാശ്വാസവും മാനുഷികചോദ്യങ്ങൾക്ക് ഉത്തരങ്ങളും കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. ദൈവം തന്നെ ഏൽപ്പിച്ച ദൗത്യം അതിന്റെ മാനുഷികമായ പൂർണ്ണതയിൽ നിർവഹിക്കുവാനും അതിന്റെ വളർച്ചയുടെ ആദ്യഫലങ്ങൾ കാണുവാനുള്ള ഉള്ള ഭാഗ്യം തിരുമേനിക്ക് ലഭിച്ചു എന്നത് മനസിലാക്കുമ്പോഴാണ്, തന്റെ ദൗത്യം പൂർത്തീകരിച്ച ഒരു ദൈവദാസനെ ഈ പിതാവിൽ കണ്ടെത്തുവാൻ കഴിയുക. അതു കൊണ്ട് പിതാവിന്റെ മരണത്തിൽ പെട്ടെന്നുള്ള ഒരു വേർപാട് അല്ല മറിച്ച് ദൈവിക ദൗത്യത്തിന്റെ പൂർത്തീകരണമാണ് കണ്ടെത്തുവാൻ പരിശ്രമിക്കേണ്ടുന്നത്.

ഈ പുണ്യ പിതാവിന്റെ ദീർഘവീക്ഷണവും സഭാദർശനവും പലകാര്യങ്ങളും സാധാരണ അനുവർത്തിക്കുന്ന രീതികൾക്കും മുമ്പേ ആരംഭിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഗുഡ്ഗാവ്, കട്കി രൂപതകളുടെ രൂപീകരണത്തിന് മുമ്പ്തന്നെ MCCETRI അപ്പസ്തോലിക് വിസിറ്റേറ്റർ എന്ന നിലയിൽ ഈ മിഷൻ പ്രദേശങ്ങൾക്കുവേണ്ടി ഒരു മൈനർ സെമിനാരി ആരംഭിച്ചതും, രൂപതാ സ്ഥാപനത്തിന് മുമ്പു തന്നെ ഒറീസയിൽ മിഷൻ വില്ലേജുകൾ ആരംഭിച്ചതും, പ്രചോദന സോഷ്യൽ സർവീസ് സൊസൈറ്റി ആരംഭിച്ചതും തുടങ്ങി അനേക

> **"അനുസ്മരണം അർത്ഥവത്തായിത്തീരുന്നത് അത് പുതിയ അനുഭവങ്ങളിലേക്കും, ആ അനുഭവങ്ങൾ ജീവിത നവീകരണത്തലേക്കും പുനർസമർപ്പണത്തിലേക്കും നയിക്കപ്പെടുമ്പോഴാണ്"**

കാര്യങ്ങൾ മുകളിൽ പറഞ്ഞ ദൗത്യ പൂർത്തീകരണത്തോട് കൂട്ടിവായിക്കാൻ സാധിക്കണം.

ഗുഡ്ഗാവ് രൂപതാ സ്ഥാപനത്തിനു ശേഷം വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ രൂപതയുടെ ഭാഗമായുള്ള ഒട്ടുമിക്ക സംസ്ഥാനങ്ങളിലും മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻസാധിച്ചു എന്നത് ഈ ദൈവീക വളർച്ചയുടെയും പിതാവിലൂടെ ഉള്ള ദൗത്യം പൂർത്തീകരിക്കപ്പെട്ടു എന്നുള്ളതിന്റെ ഉദാഹരണമായി മനസ്സിലാക്കുവാൻസാധിക്കും. അതുകൊണ്ട് MCCETRI യുടെ അപ്പസ്തോലിക് വിസിറ്റേറ്ററായും, രൂപയുടെ ആദ്യ ബിഷപ്പ് എന്ന നിലയിലും തന്നെ ഏൽപ്പിച്ച മെത്രാൻ പദവിയിലുള്ള ശുശ്രൂഷയുടെ ഫലവത്തായ പൂർത്തീകരണം പിതാവിന്റെ ഈ ലോക ജീവിതകാലത്തെ ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് ഫലവത്തായി നടപ്പായി എന്ന് വേണം കരുതുവാൻ.

അനുസ്മരണം അർത്ഥവത്തായിത്തീരുന്നത് അത് പുതിയ അനുഭവങ്ങളിലേക്കും, ആ അനുഭവങ്ങൾ ജീവിത നവീകരണത്തലേക്കും പുനർ സമർപ്പണത്തിലേക്കും നയിക്കപ്പെടുമ്പോഴാണ്. അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി സഭയ്ക്കും സമൂഹത്തിനുമായി തന്റെ ജീവിതം സമർപ്പിച്ചു എന്ന് എടുത്ത് പറയുവാൻ സാധിക്കുക എന്നത് വലിയ കാര്യമാണ് എങ്കിൽത്തന്നെയും, ആ പ്രവർത്തനമേഖലകളിലൂടെ കടന്ന് ചെല്ലുവാനും, മിഷൻ പ്രവർത്തനങ്ങളിൽ ഓരോ വ്യക്തിക്കും സാധിക്കുന്ന രീതി യിൽ പങ്കുചേർന്ന് പ്രവർത്തിക്കുവാനും സാധിക്കുമ്പോഴാണ് പിതാവിനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ ജീവനുള്ള പുതിയ അനുഭവങ്ങളായി മാറുക. അതിനുവേണ്ടി വ്യക്തികളായി, കുടുംബങ്ങളായി, സഭയായി പുതിയ മുന്നേറ്റങ്ങൾ ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. 'നിത്യനിദ്രപ്രാപിച്ചതിനു ശേഷം പോലും അവൻ പ്രവചിച്ചു' (പ്രഭാഷകൻ 46:20) എന്ന് സാമുവൽ പ്രവാചകനെപ്പറ്റി വചനം സാക്ഷിക്കുന്നതുപോലെ, സ്വർഗത്തിൽ ഇരുന്നു കൊണ്ട് സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും പ്രവചനം നടത്തുന്നതിനും നമുക്ക് ഒരു വിശുദ്ധനെ കൂടി ലഭിച്ചരിക്കുന്നുഎന്ന് വിശ്വസിക്കാം.. ദൈവ സ്നേ ഹത്തിന്റെയും കരുണയുടെയും പ്രേഘോഷകർ ആയിത്തീർന്നു കൊണ്ട് ജീവിക്കുന്ന ഓർമ്മകളുടെ സാക്ഷികളാകാം.

www.malankaralibrary.com





# ഉള്ളിലേക്കൊരു നിക്ഷേപം



**ഡോ. ജോജു ജോൺ**
മാർ തെയോഫിലോസ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ്
തിരുവനന്തപുരം

"ഒരു വ്യക്തിയുടെ തലയിൽ 100 ബില്യൻ ന്യൂറോണുണ്ട്. ഓരോ ന്യൂറോണിനും 1000 മുതൽ 10000 വരെ ന്യൂറോൺ കണക്ഷൻ ഉണ്ടാക്കാം. ചുരുക്കത്തിൽ ഒരു വ്യക്തിയുടെ തലയിലുള്ള കണക്ഷൻസിന്റെ സാധ്യതയുടെ എണ്ണം പ്രപഞ്ചത്തിലെ എലമെന്ററി പാർട്ടിക്കിളിനേക്കാൾ അധികമാണ്." ലോകപ്രശസ്ത ന്യൂറോ സയന്റിസ്റ്റ് വി.എസ്. രാമചന്ദ്രന്റെ വാക്കുകളാണിത്. ഒരു മനുഷ്യവ്യക്തിയുടെ തലച്ചോറിന്റെയത്ര നല്ല സൂപ്പർ കമ്പ്യൂട്ടർ ആരും ഉണ്ടാക്കിയിട്ടില്ല. നമ്മളുടെ കണ്ണുകളുടെയത്ര നല്ല ക്യാമറയും ആരും ഉണ്ടാക്കിയിട്ടില്ല. അപാരമായ സാധ്യതകൾ ഉറങ്ങിക്കിടക്കുന്ന നമ്മുടെ തലച്ചോറിന്റെ സാധ്യതകൾ അറിഞ്ഞാൽ നമ്മൾ തന്നെ ഞെട്ടും. എന്നാൽ നമ്മൾ അത് തിരിച്ചറിയുന്നില്ല എന്നതാണ് വലിയ ദുരന്തം. വില്യം ഒബ്രയാൻ പറയുന്നതുപോലെ "The greatest unexplored territory in the world is the space between two ears." ഏറ്റവുമധികം ഗവേഷണം നടത്തപ്പെടാത്ത സ്ഥലം നമ്മുടെ ഇരു കാതുകളുടെയും ഇടയിലുള്ള സ്ഥലമാണ്") ഉള്ളിലുള്ള ഈ പ്രതിഭാശാലിയെ പുറത്തെടുക്കാൻ നല്ല നിക്ഷേപം നടത്തണം. ഉയർന്നു പറക്കാൻ പ്രതിസന്ധികളുടെയും മുകളിലേക്കുയരാൻ ഒരു മനസ്സുവേണം. നാം ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആയിരിക്കേണ്ട അവസ്ഥയിലേക്കുള്ള ദൂരം ഒരു മനസ്സിന്റെ ദൂരം തന്നെയാണ്. പ്രതിസന്ധികളുടെ നടുവിലൂടെ സഞ്ചരിച്ച് വിജയഗാഥ രചിച്ച ഒരു മഹാപ്രതിഭാശാലിയാണ് ഒപ്രവിൻഫ്രി. 1954 ജനുവരി 29ന് ജനനം. ദാരിദ്ര്യം വീർപ്പു മുട്ടിച്ച ബാല്യം ഓപ്രയെ തകർക്കാൻ

ഒപ്ര സമ്മതിക്കണ്ടെ. തോല്ക്കാൻ ഓപ്ര തയ്യാറല്ല തന്നെ.
വിവാഹം കഴിക്കാത്ത ഒരു കൗമാരക്കാരിയാണ് 1954 ൽ ഓപ്രയെ പ്രസവിച്ചത്.
ഉരുളക്കിഴങ്ങ് ചാക്കുകൾ തുന്നിക്കെട്ടി വസ്ത്രമാക്കി. വൈദ്യുതിയും വെളിച്ചവുമില്ലാത്ത വീട്ടിലിരുന്ന് ഓപ്ര ചിന്തിച്ചതെന്തെന്നോ - ഞാൻ ഇവിടെയിരിക്കാനുള്ളവളല്ല എന്ന്. 61 വയസ്സിലാണ് ആദ്യമായി ചെരുപ്പിട്ടത്.
കിന്റർ ഗാർട്ടണനിലെ ആദ്യ ദിവസം ഓപ്ര ടീച്ചറിന്റെ അടുത്തു ചെന്ന് പറഞ്ഞു. "ഞാൻ ഇവിടിരിക്കേണ്ടവളല്ല. ഇവിടെ ചെറിയ വാക്കുകളാണ് പഠിപ്പിക്കുന്നത്. എനിക്ക് വലിയ വാക്കുകളറിയാം ടീച്ചർ. അടുത്ത ദിവസം മുതൽ ടീച്ചർ അടുത്ത ക്ലാസ്സിലിരുത്തി. 9-ാം വയസ്സിൽ ഒരു ബന്ധു ഓപ്രയെ പീഢിപ്പിച്ചു. ഓപ്ര ചിന്തിച്ചു. "ഞാൻ അഴുക്കായിട്ടില്ല. അഴുക്ക് പറ്റിയതേ ഉള്ളൂ. കഴുകാം, ജീവിതത്തിലേക്ക് മടങ്ങാം." നമ്മുടെ ചിന്തകൾക്ക് കുതിക്കാനുള്ള കരുത്തു നല്കാൻ ശക്തിയുണ്ടെന്ന് ഓപ്ര ചിന്തിച്ചു. ഓപ്ര പറയുന്നു "നിങ്ങളുടെ ചിന്തകൾ പ്രപഞ്ചത്തിന് നല്കുക. നിങ്ങൾ വിജയത്തിലേക്ക് ആകർഷിക്കപ്പെടും."
14-ാം വയസ്സിൽ ഓപ്ര ഗർഭിണിയായി. അച്ഛൻ പറഞ്ഞു "കുടുംബത്തിന്റെ പേര് കളയുന്ന മകളുണ്ട് എന്ന് പറയുന്നതിനേക്കാൾ എന്റെ മകൾ മരിച്ച് പോയി എന്ന് പറയാനാണെനിക്കിഷ്ടം. ഓപ്ര ഒരു നിമിഷം തളർന്നുപോയി. ജീവിതം തന്നെ അവസാനിപ്പിച്ചാലോ എന്നു പോലും ചിന്തിച്ചു. പക്ഷേ അതു പാടില്ല അത് ഭീരുക്കളുടെ പണിയല്ലേ. എനിക്ക് കാണിച്ചുകൊടുക്കണം തന്റേടത്തോടെ മുന്നോട്ടു നീങ്ങിയാൽ നമ്മുടെ ചാരെ വിജയം ഓടിയണയുമെന്ന്.
16-ാം വയസ്സിൽ റേഡിയോ ജോക്കി; 19-ാം വയസ്സിൽ വാർത്തവായനയിലേക്ക് പ്രമോഷൻ; പ്രതിസന്ധികൾ അവസാനിക്കുന്നില്ല. വാർത്ത വായന പോര എന്ന് പറഞ്ഞ് താഴേക്കടിച്ചു. ഒരു പ്രമോഷൻ പ്രതീക്ഷിച്ചപ്പോൾ കിട്ടിയത് ഇരുട്ടടി. ഓപ്ര ചിന്തിച്ചു, "തകർച്ചകൾക്ക് ആയുസ്സില്ല. വിജയത്തിനാണ് ദീർഘായുസ്സ്." 1984 ൽ പൊട്ടിപ്പോളിഞ്ഞു പോയ ചിക്കാഗോ മോർണിംഗ് ടോക് ഷോ ഓപ്രയെ ഏല്പിച്ചു. ഒരു വർഷത്തിനുള്ളിൽ ചിക്കാഗോക്കാർ ഏറ്റവും ഓമനിക്കുന്ന ടി.വി ഷോയായി അത് മാറി. 1986 ൽ നാഷണൽ പ്രോഗ്രാമിലേക്ക് ഓപ്ര കടന്നു - ഓപ്ര വിൻഫ്രി ഷോ. 25 വർഷം ഏറ്റവും റേറ്റിംഗ് കിട്ടിയ ഷോ ആയി തുടർന്നു. 4400 എപ്പിസോഡുകൾ 37000 അഭിമുഖങ്ങൾ.
ധാരാളം അമേരിക്കക്കാർ ഓപ്ര അമേരിക്കയുടെ പ്രസിഡന്റാവും എന്ന് വിശ്വസിച്ചു. ഇന്നും വിശ്വസിക്കുന്നു. അത് കാലത്തിനു വിട്ടുകൊടുക്കാം.
"എല്ലാ മാധ്യമങ്ങളുടെ രാജകുമാരി" എന്ന വിളിപ്പേര് നേടി, ആദ്യത്തെ കറുത്തവർഗ്ഗക്കാരിയായി ബില്യണയർ ആയി. അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും വലിയ സാമൂഹ്യപ്രവർത്തക എന്ന ഖ്യാതി നേടി - ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള വനിതയായി ഓപ്ര കുതിക്കുകയാണ് ചരിത്രത്തിലേക്ക് മനുഷ്യഹൃദയങ്ങളിലേക്കും.
ഓപ്രയ്ക്കു പറ്റുമെങ്കിൽ കലാമിനു പറ്റുമെങ്കിൽ നിക്കിനുപറ്റുമെങ്കിൽ കെ ആർ നാരായണനു പറ്റുമെങ്കിൽ എനിക്കും പറ്റും. ഒരേ ഒരു താക്കോൽ - "ഉള്ളിലേക്കുള്ള നിക്ഷേപം" അതേ, വിജയത്തിലേക്കുള്ള ദൂരം ഒരു മനസ്സിന്റെ ദൂരമാണ്.
നാം ആയിരിക്കുന്ന അവസ്ഥയിൽ നിന്നും ആയിരിക്കേണ്ട അവസ്ഥയിലേക്കുള്ള ദൂരം ഒരു മനസ്സിന്റെ ദൂരമാണ്.

●



www.malankaralibrary.com





# അന്നമ്മ അമ്മച്ചിയുടെ
# കള്ളപ്പവും ബീഫ്കറിയും



## കള്ളപ്പം

### വേണ്ട സാധനങ്ങൾ

| | | |
|---|---|---|
| അരി | - | 1 കപ്പ് |
| ജീരകം | - | 1 നുള്ള് |
| ചെറിയഉള്ളി | - | 4 എണ്ണം |
| തേങ്ങ- | - | 1 എണ്ണം |
| കള്ള് | - | 1 ഗ്ലാസ് |
| ഉപ്പ് | - | പാകത്തിന് |

### തയ്യാറാക്കുന്ന വിധം

അരി 4 മണിക്കൂർ കുതിർത്തതിന് ശേഷം ജീരകം, ചെറിയ ഉള്ളി, തേങ്ങ ചേർത്ത് അരച്ചതിനുശേഷം കള്ളും ഉപ്പും ചേർത്ത് ഇളക്കിവെക്കുക. 4 മണിക്കൂറിനു ശേഷം ചുട്ടെടുക്കുക.

## ബീഫ് കറി

### വേണ്ട സാധനങ്ങൾ

| | | |
|---|---|---|
| ബീഫ് | - | 1 കിലോ |
| സവോള | - | 2 എണ്ണം |
| ഇഞ്ചി വെളുത്തുള്ളി പേസ്റ്റ് | - | 2 സ്പൂൺ |
| പച്ചമുളക് | - | 4 എണ്ണം |
| മല്ലിപ്പൊടി | - | 2 സ്പൂൺ |
| മുളക് പൊടി | - | 1 സ്പൂൺ |
| കശ്മീരി പൊടി | - | 2 സ്പൂൺ |
| മീറ്റ് മസാല | - | 2 സ്പൂൺ |
| മഞ്ഞൾപൊടി | - | 1/2 സ്പൂൺ |
| ഗരം മസാല | - | 1/2 സ്പൂൺ |
| ഉപ്പ് | - | പാകത്തിന് |
| ഓയിൽ | - | 2 സ്പൂൺ |
| കടുക് | | |
| കറിവേപ്പില | | |

### തയ്യാറാക്കുന്ന വിധം

പാത്രത്തിൽ എണ്ണ ഒഴിച്ച് ചൂടാകുമ്പോൾ കടുക് പൊട്ടിച്ച ശേഷം സവോള ചേർത്ത് വഴറ്റുക. അതിലേക്ക് ഇഞ്ചി വെളുത്തുള്ളി പേസ്റ്റും പച്ചമുളകും ചേർത്ത് നന്നായി വഴറ്റുക. പിന്നീട് പൊടികൾ ചേർത്ത് പച്ചമണം പോകുന്നതു വരെ വഴറ്റുക. ശേഷം ബീഫ് ചേർത്തിളക്കി ആവശ്യത്തിന് വെള്ളം ചേർത്ത് വേവിക്കുക. (അവസാനം ഒരു ഗ്ലാസ് തേങ്ങാപാൽ ആവശ്യമെങ്കിൽ ചേർക്കാവുന്നതാണ്.)

www.malankaralibrary.com



## അന്നമ്മ അമ്മച്ചിയുടെ

# കാരറ്റ് പായസം

### വേണ്ട സാധനങ്ങൾ

| | | |
|---|---|---|
| കാരറ്റ് | - | 500 ഗ്രാം |
| പാൽ | - | 1 ലിറ്റർ |
| തേങ്ങാപാൽ | - | 1/2 ലിറ്റർ |
| പഞ്ചസാര | - | 1 കിലോ |
| ഏലക്ക | - | 2 എണ്ണം |
| ക്യാഷ്യു | - | 10 ഗ്രാം |
| കിസ്മിസ് | - | 10 ഗ്രാം |
| നെയ്യ് | - | 100 ഗ്രാം |

### തയ്യാറാക്കുന്ന വിധം

ക്യാരറ്റ് ചെറു കഷ്ണങ്ങളായി ആവിയിൽ വേവിച്ചെടുക്കുക. പാത്രം ചൂടാക്കി നെയ്യ് ഒഴിച്ച് ക്യാഷ്യു, കിസ്മിസ് വറുത്തു മാറ്റിവക്കുക. ആ പാത്രത്തിലേക്ക് വേവിച്ചുവെച്ച ക്യാരറ്റ് ചേർത്ത് ഇളക്കുക. ശേഷം അതിൽ പാൽ, പഞ്ചസാര ഇവ ചേർത്ത് നല്ല പോലെ തിളപ്പിക്കുക. ഏലക്ക അല്പം പഞ്ചസാര ചേർത്ത് പൊടിച്ച് ചേർക്കുക ക്യാരറ്റ് നല്ലപോലെ വെന്ത് മധുരം പാകത്തിനാണോ എന്ന് നോക്കിയതിനു ശേഷം തേങ്ങാപ്പാൽ ഒഴിച്ച് തിളപ്പിക്കാതെ വാങ്ങി വറുത്തുവച്ചിരിക്കുന്ന ക്യാഷ്യു, കിസ്മിസ് ചേർത്ത് ഉപയോഗിക്കുക.

www.malankaralibrary.com





# ഇന്ധന വിലവർദ്ധനവിനെതിരെ എങ്ങനെ പ്രതികരിക്കണം?



**വിനോദ് നെല്ലയ്ക്കൽ**
**മാധ്യമ പ്രവർത്തകൻ**

ഏകദേശം രണ്ടു വർഷത്തോളമായി കേരളത്തിന്റെ നിരത്തുകളിൽ പതിവില്ലാതിരുന്ന പ്രക്ഷോഭങ്ങളും സമരങ്ങളും വീണ്ടും ഉയർത്തെഴുന്നേൽക്കുകയായി.കലഹരണപ്പെട്ടതെന്നും അപ രിഷ്കൃതമെന്നും ബഹുഭൂരിപക്ഷവും അഭിപ്രായപ്പെടുന്നവഴിതടയൽ, ജന ജീവിതം സ്തംഭിപ്പിച്ചുള്ള ഹർത്താൽ തുടങ്ങിയവ ഇനിയും നമ്മെവിട്ടു പിരിയുകയില്ലെന്ന് വ്യക്തം. കക്ഷി രാഷ്ട്രീയ ഭേദമന്യേ പ്രതിഷേധം പ്രകടിപ്പിക്കപ്പെടേണ്ടതായുള്ള ഒട്ടേറെ വിഷയങ്ങൾ ഇന്ന് സജീവമായി നിലനിൽക്കുന്നുണ്ട്. അതിൽ മുഖ്യസ്ഥാനത്തുള്ള വിഷയങ്ങളിലൊന്നാണ് ഇന്ധനവിലവർദ്ധനവ് എന്നുള്ളതിൽ സംശയമില്ല. എന്നാൽ, പലവിധ ദുരിതങ്ങളിൽ പെട്ട്നട്ടം തിരിയുന്ന അതേ ജനങ്ങളെ തന്നെ ബുദ്ധിമുട്ടിച്ചുകൊണ്ടു വേണോ ഇത്തരം സമരപരിപാടികൾ എന്ന ചോദ്യം അവശേഷിക്കുന്നു.

ഇന്ധന വിലവർദ്ധനവിൽപ്രതിഷേധിച്ച് കേരളപ്പിറവി ദിനത്തിൽ എറണാകുളം നഗരത്തിലെ ഒരു പ്രധാനപാതയിൽഉപരോധം ഏർപ്പെടുത്തിയ ദേശീയ പാർട്ടിയുടെ നടപടി വ്യാപകമായ വിമർശനങ്ങൾക്കുവഴിവയ്ക്കുകയുണ്ടായി. മണിക്കൂറുകളോളം ഗതാഗതക്കുരുക്കിൽ അകപ്പെട്ട ഒരുപ്രമുഖ നടന്റെ ഇടപെടലാണ് വിവാദങ്ങൾക്ക് വഴിയൊരുക്കിയത്. അതേത്തുടർന്ന്, പെട്ടെന്നുള്ള

www.malankaralibrary.com

വഴിതടയലിൽ പെട്ടുപോയ കുറെപ്പേരും ഇടപെട്ടതോടെ സമരരീതിക്കെതിരെ പൊതുവികാരം ഉണരുകയും സമരം അവസാനിപ്പിക്കേണ്ടതായി വരികയുംചെയ്തു. പിന്നീട് സ്വയം ന്യായീകരിക്കാനായി പാർട്ടിപ്ര വർത്തകരും നേതാക്കളും ചെയ്തുകൂട്ടിയതെല്ലാം അവർക്കു തന്നെ വിനയായി മാറുകയുമുണ്ടായി. പോലീസ് ഇടപെടലും സമരക്കാർക്ക് ദോഷകരമായി ഭവിച്ചു. നടന്റെ കാറിനുണ്ടായ കേടു പാടുകളും മറ്റും പരിഗണിച്ച് കേസുമുണ്ടായി. കേരളത്തിൽ ഏറ്റവും കൂടുതൽ ദൂരയാത്രക്കാർ ഓരോ മിനിട്ടിലും കടന്നുപോകുന്ന ഒരു ദേശീയപാതയിൽ മുന്നറിയിപ്പില്ലാതെ വഴിതടഞ്ഞാൽ എത്രയായിരം പേരെ അത് ദോഷകരമായി ബാധിച്ചേക്കുമെന്ന് ചിന്തിക്കാൻസമരം ആഹ്വാനം ചെയ്തവർക്ക് കഴിഞ്ഞില്ല. മുൻകാലങ്ങൾപ്പോലെയല്ല, മണിക്കൂറുകൾക്ക് ജീവിതം തന്നെ വിലകൊടുക്കേണ്ടതായി വന്നേക്കാവുന്ന ഒരു പാടുപേർ നമുക്ക്ചുറ്റുമുണ്ട്. അത്തരം കാരണങ്ങളാൽ തന്നെ കലഹരണപ്പെട്ടതും ഈകാലഘട്ടത്തിൽ അപ്രായോഗികവുമായ ഒരു സമരമുറയ്ക്കെ തിരെയുള്ള സാധാരണജനങ്ങളുടെ പ്രതിഷേധമായി കേരളപ്പിറവിദിനത്തിലെ ചർച്ചകൾ വഴിമാറുകയു മുണ്ടായി. ഈഘട്ടത്തിലെങ്കിലും രാഷ്ട്രീയക്കാർ ഇത്തരത്തിലുള്ള സമര രീതികൾ പുനഃപരിശോധിക്കാൻ തയ്യാറാകണം.

രാഷ്ട്രീയമായ പ്രതിഷേധങ്ങളുംപ്രതികരണങ്ങളും എപ്രകാരമായിരിക്കണമെന്ന് രാഷ്ട്രീയക്കാരെ പഠിപ്പിക്കേണ്ടതായി വരുന്ന ദുരവസ്ഥയിലാണ് കേരളത്തിലെ ജനങ്ങൾ. സമരത്തിന്നേതൃത്വം നൽകുന്നവരുടെ സമൂഹത്തിലെ സ്ഥാനവും, ഇടപെടുന്ന വിഷയത്തിന്റെസ്വഭാവവും തുടങ്ങി പല ഘടകങ്ങളെ ആശ്രയിച്ച് പ്രതിഷേധ - പ്രതികരണ രീതികൾപലതുണ്ട്. ചില സാഹചര്യങ്ങളിൽ പ്രതിഷേധത്തെക്കാൾ ഫലപ്രദം ബുദ്ധിയും വിവേകവുംഉപയോഗിച്ചുള്ള പ്രതികരണമാണ്. പ്രത്യേകിച്ച് ദേശീയ തലത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു രാഷ്ട്രീയപ്പാർട്ടിയെ സംബന്ധിച്ച് പ്രതികരണത്തിന് ഒട്ടേറെ മാർഗ്ഗങ്ങളുണ്ട്. പാർലമെന്റിലും നിയമസഭയിലും ആവശ്യങ്ങൾ ശക്തമായിഉന്നയിച്ചുകൊണ്ട് മുതൽ തങ്ങൾക്ക് സ്വാധീനമുള്ള ഇടങ്ങളിൽ മാതൃക കാണിച്ചുകൊണ്ടു വരെയാകാം പ്രതികരണങ്ങൾ. അത്തരത്തിലുള്ള ഒരു പ്രമുഖരാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രതിഷേധങ്ങൾ നടക്കേണ്ടത് അധികാരം കയ്യാളുന്നവർക്കും, തീരുമാനങ്ങൾ എടുക്കേണ്ടവർക്കും മുന്നിലാണ്. അധികാരംകയ്യിലുള്ളവർ ഇതൊന്നുമില്ലാത്ത ജനങ്ങളുടെ മുന്നിൽ പ്രതികരിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നതിന്റെ യുക്തി എന്താണ്?

രാഷ്ട്രീയമായി പലവിധത്തിലും രാജ്യത്തും സംസ്ഥാനത്തും ഇടപെടാൻ കെൽപ്പുള്ള ഒരു പാർട്ടിയെ സംബന്ധിച്ച് പൊതുജനങ്ങളെ വലിയ ബുദ്ധിമുട്ടിലാഴ്ത്തുന്ന വിധത്തിലുള്ള സമരരീതി അവർ തെരഞ്ഞെടുക്കുന്നെങ്കിൽ അതിനെ പ്രഹസനം എന്നേ വിലയിരുത്താൻ കഴിയൂ. അധികാരവും അവകാശങ്ങളുമില്ലാത്ത, സാധാരണക്കാരെ കൂടുതൽ ബുദ്ധിമുട്ടിലാഴ്ത്തുന്നതു വഴി എന്തെങ്കിലും മാറ്റമുണ്ടാക്കാൻ കഴിയുമെന്ന ധാരണ ബുദ്ധിശൂന്യത യാണ്.

ഇന്ത്യയിലെ എല്ലാ സംസ്ഥാങ്ങളെയും ഒരു പോലെ വീർപ്പുമുട്ടിക്കുന്ന ഒന്നാണ് ഇന്ധന വില വർദ്ധന. കേന്ദ്രസർക്കാരിനെപ്പോലെ തന്നെ സംസ്ഥാന സർക്കാരുകൾക്കും ഇന്ധന നികുതിയുടെ മോശമല്ലാത്ത ഒരു പങ്ക് ലഭിക്കുന്നുണ്ട്. ഓരോ തവണ വർദ്ധിക്കുമ്പോഴും സംസ്ഥാനത്തിന്റെ നികുതിവരു മാനവുമാണ് വർദ്ധിക്കുന്നത്. കേരളത്തിൽ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ, ഇന്ത്യയിൽ രണ്ടാം സ്ഥാനമുള്ള ദേശീയ പാർട്ടിക്ക് അഞ്ച് സംസ്ഥാനങ്ങളിൽ അധികാരമുണ്ട്. ആ പാർട്ടിക്ക് ഇന്ധന വിലവർദ്ധനവ് എന്ന വലിയ പ്രതിസന്ധി സാധാരണ ജനങ്ങൾ നേരിട്ടു കൊണ്ടിരിക്കുന്ന തങ്ങളുടെ സംസ്ഥാനങ്ങളിൽ നികുതിയിളവിലൂടെ പരിഹാരം കണ്ടെത്തുകയും അത് മറ്റു സംസ്ഥാനങ്ങൾക്ക് മുന്നിൽ മാതൃകയായി അവതരിപ്പിക്കുകയും ചെയ്യാമായിരുന്നു. അല്ലെങ്കിൽ, ഇന്ധനവിലയെ ജിഎസ്ടിയുടെ പരിധിയിൽ കൊണ്ടുവരാൻ ശക്തമായി ആവശ്യപ്പെടാമായിരുന്നു. ഇതിനൊന്നും തയ്യാറാകാതെ സാധാരണ ജനങ്ങളുടെ വഴിമുടക്കുക എന്ന പ്രാകൃതമായ സമരമുറയ്ക്ക് ഒരുമ്പെട്ടതിനെ അവിവേകം എന്നേപറയാൻ കഴിയൂ.

www.malankaralibrary.com

"ജീവനെടുക്കുന്നതല്ല
ജീവനേകുന്നതാണ് പ്രണയം"

ആനുകാലികം



# പ്രണയത്തിന് പകയുണ്ടോ, പ്രതികാരമുണ്ടോ?



പ്രിൻസ് എബ്രഹാം
ഡപ്യൂട്ടീ കമ്മീഷണർ ഓഫ് പോലീസ്, കണ്ണൂർ സിറ്റി

"പ്രണയം സംഗീതത്തിന് വേണ്ടി സജ്ജമാക്കിയ സൗഹൃദമാണ്" എന്നു കരുതിയിരിക്കെ 2021 ഒക്ടോബർ 13 -ാം തീയതി നട്ടുച്ചനേരത്ത് കൊല്ലം അഡീഷണൽ സെക്ഷൻസ് കോടതി 6 ൽ നിന്ന് മലയാളിയെ ഏറെ വേദനിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത ഒരു കൊലപാതകത്തിന്റെ വിധി വാർത്തയായി വന്നു. മൂർഖൻ പാമ്പിനെകൊണ്ട് കടിപ്പിച്ച് ഉത്രയെ കൊന്ന കൊടും ക്രൂരനായ ഭർത്താവിന് കോടതി ഇരട്ട ജീവപര്യന്തം ശിക്ഷകൊടുത്തു. സമാനതകളില്ലാത്ത പൈശാചികമായ ആസൂത്രണം, മരണം ഉറപ്പുവരുത്തുന്നതിനായി രാത്രി പുലരുവോളം ഉള്ള പ്രതിയുടെ കാത്തിരിപ്പ് മലയാളക്കരയിലെ ഒരു പ്രധാന ചർച്ചാവിഷയമായിരുന്നു. അനിതരസാധാരണമായ മാർഗങ്ങളിലൂടെ അന്വേഷണം നടത്തി കേരളാ പോലീസ് തെളിയിച്ച് ഈ അപൂർവ്വ കുറ്റകൃത്യം, കപട സ്നേഹത്തിന്റെ ദുഷ്ടവിഷയമായി നമ്മെ അലട്ടിക്കൊണ്ടിരുന്നു.

www.malankaralibrary.com



ഈ സുപ്രധാന വിധിക്ക് 12 ദിവസം മുമ്പ് പ്രശസ്തമായ പാലാ സെന്റ് തോമസ് കോളേജ് കാമ്പസിനുള്ളിൽ വച്ച് നിതിന മോൾ എന്ന 21 വയസ്സുകാരിയെ സഹപാഠിയായ അഭിഷേക്, പേപ്പർ കട്ടർ ഉപയോഗിച്ച് കൊലപ്പെടുത്തി. പ്രണയത്തിൽ നിന്ന് പെൺകുട്ടി പിൻമാറുകയാണ് എന്ന സംശയമാണ് പ്രതിയെകൊണ്ട് ഈ കൊലപാതകം ചെയ്യിപ്പിച്ചത് കാരണം എന്നു പറയപ്പെടുന്നു. ഒരു പാവപ്പെട്ട വീടിന്റെ ആകെ പ്രതീക്ഷയായിരുന്ന കോളേജ് വിദ്യാർത്ഥിനി ഭൂമിയിൽ നിന്ന് ഇല്ലാതായതിന്റെ നീറിപ്പിടിക്കുന്ന വേദന ആ അമ്മയടുടെ കണ്ണീരിൽ നാം കണ്ടു. ആർത്തനാദത്തിൽ നാം കേട്ടു. തീരാ ദുഃഖത്തിലേക്ക് ഒരു മാതാവിനെ തള്ളിവിട്ട ക്രൂരത; ആ പെൺകുഞ്ഞിന്റെ ജീവന്, അവളുടെ പ്രണയത്തിന്, അവളെ സ്നേഹിച്ചവൻ പേപ്പർ കട്ടറിന്റെ വിലയാണ് ഇട്ടത്. പാറിപ്പറന്ന ക്യാമ്പസിൽ പ്രണയപ്പകയിൽ ഒരു ചിത്രശലഭംകൂടി പിടഞ്ഞുവീണു. കേരളം അവസാനമായി കണ്ട പ്രണയം കാരണമായ കൊല നിതിനയുടെ കൊലപാതകമാണ് എന്ന് കുറേ നാളത്തേക്ക് എങ്കിലും നമുക്ക് പറയാൻ ആകുമോ ? അങ്ങനെ ചിന്തിക്കുവാനും പറയുവാനുമാണ് നമുക്ക് ഇഷ്ടം. കടന്നുപോയ നാല് വർഷങ്ങൾകൊണ്ട് പ്രണയം മൂലം എട്ട് കൊലപാതകങ്ങൾ കേരളത്തിൽ നടന്നു. കണ്ണൂർകാരിയായ മാനസയെ കാമുകൻ രാത്രിയിൽ അവൾ താമസിച്ചിരുന്ന വാടകവീട്ടിൽ അതിക്രമിച്ച് കടന്ന് വെടിവെച്ച് കൊന്നു. തുടർന്ന് സ്വയം വെടിവെച്ച് അയാളും മരണത്തിന് കീഴടങ്ങി. വളരെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ കൊലപാതകമായിരുന്നു ഇത്. ബീഹാറിൽപോയി തോക്ക് വാങ്ങി വെടിവയ്ക്കാൻ പരിശീലനം നേടി, കാമുകിയെ പിൻതുടർന്ന് നടത്തിയ ആസൂത്രിത കൊലപാതകം, ആ വെടിവയ്പിൽ രണ്ട് കുടുംബങ്ങൾ പാടെ തകർന്നു. മാനസയുടെ കൂടെ സംഭവസ്ഥലത്തുണ്ടായിരുന്ന കൂട്ടുകാരിയുടെ ചിന്തയിൽ നിന്ന് ആ കാഴ്ചകൾ എന്നെങ്കിലും മായുമൊ? അച്ഛനമ്മമാരെ നിത്യവേദനയിലാഴ്ത്തിയ ഈ കൊലപാതകവും, തുടർന്നുള്ള ആത്മഹത്യയും പ്രേമിച്ച് കൊണ്ടിരിക്കുന്ന യൗവ്വനക്കാരിലും ആശങ്കകൾ ഉണ്ടാക്കി. കാക്കനാട്ടെ നീതുവിന്റെ കൊലപാതകവും പ്രണയം മൂലമായിരുന്നു. വീടിന്റെ പിറക് വശത്ത് കൂടി അകത്ത് കടന്ന നിധീഷ് 12 തവണ നീതുവിന്റെ കഴുത്തിലും നെഞ്ചിലും, പിറകിലും, കുത്തി പരിക്കേൽപ്പിച്ചു. അരിശം തീരാതെ കയ്യിൽ കരുതിയ പെട്രോൾ അവളുടെ ദേഹത്ത് ഒഴിച്ച് ആ പാവം പെൺകുട്ടിയെ കത്തിച്ച് കളഞ്ഞു. ബന്ധു ജനങ്ങൾക്ക് വേദന നൽകി ഒരു പ്രണയം കൂടി ചാരമായിത്തീർന്നു. അജിൻ റജി മാത്യു എന്ന പ്രണയിതാവ് തന്റെ 12-ാം ക്ലാസിൽ പഠിക്കുന്ന കൂട്ടുകാരിയെ കുത്തി മുറിവേൽപ്പിച്ച ശേഷം പെട്രോൾ ഒഴിച്ച് കത്തിച്ചതും കമ്പനാട്ട്കാരെ മാത്രമല്ല കരയിപ്പിച്ചത്. കല്യാണാലോചന നടത്തിയത് നിരസിച്ചതിലുള്ള പകമൂലം അജാസ് എന്ന പോലീസുകാരൻ സൗമ്യ എന്ന പോലീസ്കാരിയെ കൊന്നത് പോലീസ് സേനയിൽ പോലും അമ്പരപ്പ് ഉളവാക്കി. പ്രണയം നിരസിച്ചതിന് കാമുകിയുടെ അച്ഛന്റെ കടയ്ക്ക് തീ വയ്ക്കുകയും, അവളെ കൊലപ്പെടുത്തുകയും ചെയ്ത വിനീഷ് എന്ന കുറ്റവാളി ജയിലിൽ ജൂഡീ

www.malankaralibrary.com

ഷ്യൽ കസ്റ്റഡിയിൽ കഴിയവെ, ആത്മഹത്യക്ക് ശ്രമിച്ച് ആശുപത്രിയിലായതും ഇത്തരം വാർത്തകളിലെ മറ്റൊന്ന് ആയിരുന്നു.

പ്രണയം തകർന്നത് മൂലമോ മാനസിക പിരിമുറക്കം കാരണമോ ഈ കഴിഞ്ഞ വർഷം ഏതാണ്ട് 350 ഓളം പേര് മരണപ്പെട്ടു എന്ന വാർത്തയും ഇതിനോട് കൂട്ടി വായിക്കേണ്ടതാണ്. ഈ സംഭവങ്ങളിൽ നിന്നുമെല്ലാം സാധാരണ മനുഷ്യരിൽ ഉണ്ടാകുന്നൊരു ചോദ്യം ഉണ്ട്, “പ്രണയത്തിന് പകയുണ്ടോ” എന്തുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ കേരളത്തെപോലെ പ്രബുദ്ധമായ ഒരു നാട്ടിൽ നടക്കുന്നത്? ഇത് സൃഷ്ടിക്കുന്ന സാമൂഹ്യ പ്രത്യാഘാതം എന്താണ്? ഈ പ്രണയ കൊലപാതകങ്ങൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് ഇതെല്ലാം ചെയ്തത് വളരെ ആസൂത്രണം ചെയ്തും, മരണം ഉറപ്പുവരുത്തണം എന്ന ഉദ്ദേശത്തോടെയുമാണ് എന്നാണ്. പന്ത്രണ്ട് കുത്തുകൾ കുത്തിയതിനുശേഷം കത്തിക്കൽ, വെടിവയ്ക്കൽ, ഇവയെല്ലാം ചൂണ്ടിക്കാണിക്കുന്നത് തന്നെ പ്രണയിച്ചില്ലായെങ്കിൽ കാമുകി ജീവിച്ചിരിക്കേണ്ടതില്ല എന്ന പ്രതിയുടെ ക്രൂരമായ പ്രതികാരത്തെയാണ്. ജീവിതത്തിലും പ്രസക്തമായ എത്രയോ കൃതികളിലും പ്രണയത്തിന്റെ ആഴവും അതിന്റെ സൗന്ദര്യവും കണ്ടിരിക്കുന്നു. മുമ്പെങ്ങും കാണാത്ത തരത്തിൽ പുതിയ തലമുറ പ്രണയത്തെ സമീപിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നതാണ് നമ്മൾ ഈ കണ്ട സംഭവങ്ങളുടെതെല്ലാം മൂല കാരണമായി കാണുന്നത്. കാമുകന്മാർ ഇവിടെ അത്യാസക്തനാകുന്നു. മദ്യം, മയക്കുമരുന്ന്, ഇന്റർനെറ്റ് എന്നിവയുടെ അമിത ഉപയോഗം മൂലമുണ്ടാകുന്ന Addiction പ്രണയത്തിനോടും ഉണ്ടാകുന്നു എന്ന് കരുതേണ്ടിയിരിക്കുന്നു. പവിത്രമായ ഒന്നാണ് പ്രണയം എന്ന സങ്കല്പനത്തിൽ നിന്നും ബാഹ്യസൗന്ദര്യം പ്രണയ നിദാനമായി മാറുമ്പോൾ ഉണ്ടായേക്കാവുന്ന പ്രതികാര വിഷം തലച്ചോറിൽ കുത്തിവെയ്ക്കപ്പെടുന്നു. ഇത് ഒരു തലമുറയുടെ പ്രണയത്തെ ആകെ ബാധിച്ചുവെന്ന് ഒരിക്കലും നമ്മൾ തെറ്റിദ്ധരിക്കരുത്. പ്രണയിനി തനിക്ക് ശേഷവും ഏറെക്കാലം ജീവിച്ചിരുന്നാലെ തന്റെ പ്രണയത്തിന് നിലനില്പുള്ള അതിന്റെ ഓർമ്മകളുടെ പൂക്കൾ വിരിയൂ എന്ന ചിന്തയാണ്

---

**“കൊല്ലാനുള്ള ഉടമസ്ഥാവകാശം പ്രണയം മൂലം ആരെങ്കിലും കാമുകന് നൽകിയിട്ടുണ്ടോ. ഒരു Possessive Love കാമുകനിൽ ഉണ്ടാകുന്നത് കൊണ്ടാണ് തനിക്ക് കിട്ടിയില്ലെങ്കിൽ ഉന്മൂലനം എന്ന ചിന്ത ചെറുപ്പക്കാരിൽ വളർന്ന് വരുന്നത്”**

---

നല്ലത്. അല്പനേരത്തേക്കുള്ള സ്നേഹകുറവ് കൊണ്ടോ അല്ലെങ്കിൽ മറ്റൊരാളോട് കാമുകിയ്ക്ക് അടുപ്പമുണ്ടോ എന്ന സംശയം കൊണ്ടോ എങ്ങനെ കൊലപാതം ചെയ്യാനാകും. ഇനി മറ്റൊരാൾ അവളെ പ്രണയിച്ചാലും ആ പെൺകുട്ടിയെ ഇല്ലായ്മ ചെയ്യാൻ യഥാർത്ഥ കാമുകന് കഴിയുമോ, ഒരിക്കലും ഇല്ലായെന്ന് തന്നെ പറയാം. അല്ലെങ്കിൽ കൊല്ലാനുള്ള ഉടമസ്ഥാവകാശം പ്രണയം മൂലം ആരെങ്കിലും കാമുകന് നൽകിയിട്ടുണ്ടോ. ഒരു Possessive Love കാമുകനിൽ ഉണ്ടാകുന്നത് കൊണ്ടാണ് തനിക്ക് കിട്ടിയില്ലെങ്കിൽ ഉന്മൂലനം എന്ന ചിന്ത ചെറുപ്പക്കാരിൽ വളർന്ന് വരുന്നത്. പുരുഷാധിപത്യത്തിന്റെ മറ്റൊരു പുതിയ അധ്യായമാണ്. സ്ത്രീയുടെ സ്വതന്ത്ര ചിന്തയ്ക്കും തീരുമാനത്തിനും എതിരായി കാമുകന്റെ കുറ്റകരമായ, അതിക്രമിച്ച് കടക്കലാണ് ഇത്. വഴിയിൽ കാണുന്ന ഒരു പെൺകുട്ടിയോട് പ്രണയം അഭ്യർത്ഥിച്ച് കഴിഞ്ഞ മാത്രയിൽ തന്നെ അവൾ തന്റെ സ്വന്തമായിയെന്ന കാടൻ മനോഭാവം ഇതിന്റെയൊക്കെ പിന്നിലുണ്ട്. വ്യക്തിസ്വാതന്ത്ര്യത്തെ മാനിക്കുന്ന ഒരു പെരുമാറ്റ രീതി പ്രണയിക്കുന്നവർക്ക് ഉണ്ടാകേണ്ടതുണ്ട്. ഒരു കാമുകൻ സ്വഭാവദൂഷ്യമുള്ള ആളാണെന്ന് മനസ്സിലായാൽ അല്ലെങ്കിൽ തന്റെ രീതിയ്ക്ക് ചേരാത്ത ഒരാളാണെന്ന ബോധ്യം പ്രണയിക്കുന്ന ഒരാൾക്കുണ്ടായാൽ കൊടുക്കുന്ന പ്രണയാനുവാദം തിരികെയെടുക്കുന്നത് സ്വാഭാവികമല്ലെ. അങ്ങനെയെന്തെങ്കിലും സംഭവിച്ചാൽ സാധാരണ മനുഷ്യനിൽ ഉണ്ടാകുന്നത് നിരാശയാണ് ഇവിടെ അത് പ്രതികാരമായി മാറുന്നു. നല്ല സൗഹൃദങ്ങളുടെ അഭാവം മേല്പറഞ്ഞ സംഭവങ്ങൾക്കെല്ലാം കാരണമായി ഭവിച്ചിട്ടുണ്ട്. സ്നേഹമുള്ള മനസിൽ വെറുപ്പോ, പകയോ നിലനില്ക്കില്ല, നല്ല പ്രണയത്തിന് പകയില്ല, പ്രതികാരമില്ല, നിങ്ങൾ വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാല സഖി ഒന്ന് വായിക്കൂ. പ്രേമത്തിന്റെ, സ്നേഹത്തിന്റെ ഊഷ്മളത, ആർദ്രത എന്ത് എന്ന് അറിയുക, അപ്പോൾ നമ്മുടെ കുട്ടികൾക്ക് ഇങ്ങനെ അസ്വാഭാവികമായി പ്രണയത്തെ സമീപിക്കാൻ ആകില്ല. ഞാൻ എന്ന പോലീസുകാരൻ തറപ്പിച്ചു പറയുന്നു. പ്രണയത്തിന് പകയില്ല, പ്രതികാരമില്ല.

www.malankaralibrary.com





# "ഇടിക്കൂട്ടിലെ വിസ്മയം" ധ്യാൻചന്ദ് കെ.സി. ലേഖ



റവ. ഫാ. ഷീൻ പാലക്കുഴി

കണ്ണൂരുകാരിയായ ഒരു പെൺകുട്ടിയുടെ കഥയാണ്. അന്നവർ പെരുമ്പടവ് സ്കൂളിലെ ഹൈസ്കൂൾ വിദ്യാർത്ഥിനിയായിരുന്നു. തന്റെ തന്നെ സ്കൂളിൽ ചെറിയ ക്ലാസിൽ പഠിക്കുന്ന അയൽക്കാരിയായ കൂട്ടുകാരിക്ക് മൈതാനത്തെ കായികപരിശീലനത്തിന് കൂട്ടു പോയതായിരുന്നു അവർ. കൂട്ടുകാരി പരിശീലിക്കുമ്പോൾ അവർ മൈതാനത്തിന്റെ ഓരത്ത് കാത്തിരിക്കും. ദിവസങ്ങളങ്ങനെ കഴിഞ്ഞപ്പോൾ ഒരുദിവസം കായികാധ്യാപകനായ സെബാസ്റ്റ്യൻ ജോൺ അവളെ ശ്രദ്ധിച്ചു. 'കുട്ടിയെന്തിനാ വന്നത്?' അദ്ദേഹം ചോദിച്ചു. 'ഞാൻ കൂട്ടുകാരിക്കു കൂട്ടു വന്നതാണു സാർ!'
'സ്പോർട്സിൽ താൽപ്പര്യമുണ്ടോ?' ഒരുനിമിഷം പെട്ടന്നൊരുത്തരം പറയാൻ അവൾക്കു കഴിഞ്ഞില്ല. പക്ഷെ സെബാസ്റ്റ്യൻ ജോണെന്ന പരിചയ സമ്പന്നനായ കായികാധ്യാപകൻ ആ പെൺകുട്ടിയിലെ കായിക താരത്തെകണ്ടെത്തി ക്കഴിഞ്ഞിരുന്നു. അങ്ങനെ പെരുമ്പടവ് സ്കൂൾ മൈതാനത്ത് അവളാദ്യമായി പരിശീലനത്തിനിറങ്ങി. ഷോട്പുട്ട്, ഡിസ്കസ്, ജാവലിൻ ഈ മൂന്നിനങ്ങളിൽ ആ പെൺകുട്ടി സ്കൂളിന്റെ ജഴ്സിയണിഞ്ഞു. കഠിനമായ പരിശീലത്തിന്റെ നാളുകൾ അവളിലെ കായികതാരത്തെ ഊതിക്കാച്ചിയെടുത്തു. സ്കൂൾ, ജില്ല, സംസ്ഥാന, സർവകലാശാലതല കായികമേളകളിൽ നിന്ന് കൈനിറയെ മെഡലുകളും വ്യക്തിഗത ചാമ്പ്യൻഷിപ്പുകളുമായി ആ പെൺ കുട്ടി കായിക രംഗത്ത് ശ്രദ്ധിക്കപ്പെടാൻ തുടങ്ങി. മൈതാനത്തിന്റെ ഓരത്ത് അയൽക്കാരിക്കു കൂട്ടിരുന്നവൾ പങ്കെടുത്ത ഇനങ്ങളിലെല്ലാം മെഡലുകൾ വാരിക്കൂട്ടുന്ന സ്വർണ്ണ വേട്ടക്കാരിയായി.

www.malankaralibrary.com



ഇത് കെ.സി. ലേഖയെന്ന കായിക താരത്തിന്റെ കഥയാണ്; കഥയല്ല, വിസ്മയകരമായനേട്ടങ്ങളുടെ ജീവചരിത്രം. 2021 നവംബറിൽ കായിക രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ധ്യാൻചന്ദ് പുരസ്കാരം ലേഖയെ തേടിയെത്തുമ്പോൾ സ്വന്തം നാട്ടുകാർക്കുപോലുമറിയാത്ത ആ കായിക നേട്ടങ്ങളുടെ അത്ഭുത ചരിത്രം തീർച്ചയായും നാമറിയണം. വരും തലമുറയ്ക്കു വേണ്ടി ആ കായിക ജീവിത പാഠപുസ്തകം തുറക്കപ്പെടണം.

കണ്ണൂർ എസ്. എൻ. കോളേജിൽ പഠിക്കുമ്പോഴാണ് ലേഖയുടെ ജീവിതത്തിൽ പുതിയയൊരു വഴിത്തിരിവുണ്ടാകുന്നത്. ഒരു ദിവസം കായികാധ്യാപകനായ പി. കെ. ജഗന്നാഥൻ സർ ലേഖയെ തേടി വന്നു. 'വനിതകളുടെ ബോക്സിംഗ് ഒരു കായിക ഇനമായി ഈ വർഷം മുതൽ ആരംഭിക്കുകയാണ്. ലേഖയ്ക്ക് താൽപ്പര്യമുണ്ടോ?' അത് ജഗന്നാഥൻ സാറിന്റെ വെറുമൊരു ചോദ്യമായിരുന്നില്ല, മറിച്ച് ഒരു നിർദ്ദേശമായിരുന്നു. ടെലിവിഷനിൽ പോലും ഒരു ബോക്സിംഗ് മൽസരം കണ്ടിട്ടില്ലാത്ത ലേഖ അടുത്ത ദിവസം തന്നെ കോച്ചിംഗ് ക്യാമ്പിലേക്ക് യാത്രയായി. ദേശീയ കോച്ചായ ഡി. ചന്ദ്രലാൽ എന്ന കായികാധ്യാപകന്റെ കീഴിൽ വെറും എട്ടു ദിവസത്തെ പരിശീലനം. അത്യാവശ്യം മൂവ്മെന്റ്സൊക്കെ പഠിച്ച് കൈക്കരുത്തിന്റേയും മെയ് വഴക്കത്തിന്റേയും ബലത്തിൽ ചെന്നൈയിലെ ആദ്യത്തെ ദേശീയ വനിതാ ചാമ്പ്യൻഷിപ്പിലേക്ക് ലേഖ അയയ്ക്കപ്പെട്ടു. അതു വെറുതെയായില്ല. ഇടിക്കൂട്ടിൽ ലേഖയുടെ മാസ്മരികപ്രകടനത്തിനു മുന്നിൽ എതിരാളികൾക്ക് അടിപതറി. രാജ്യത്ത് ആദ്യമായി നടന്ന വനിതാ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണത്തിളക്കം ഇടിച്ചു വാങ്ങിയാണ് ലേഖ റിംഗിൽ നിന്നു താഴെയിറങ്ങിയത്. രാജ്യത്തെ ആദ്യത്തെ വനിതാ ബോക്സിംഗ്ചാമ്പ്യൻ! പിന്നെ ലേഖ തിരിഞ്ഞു നോക്കിയിട്ടില്ല.

പിന്നെ നിരവധി കായിക മേളകൾ. ഇന്ത്യയെ പ്രതിനിധീകരിച്ച് 20 വേദികളിൽ മാറ്റുരച്ചു. നിരവധി മെഡലുകൾ. മേരി കോം ഉൾപ്പടെയുള്ള ബോക്സിംഗ് താരങ്ങളെ പിൻതള്ളി ഒരു ടൂർണ്ണമെന്റിൽ മികച്ച താരമായി. 2004 ൽ തായ്‌വാനിൽ നടന്ന അന്താരാഷ്ട്ര ബോക്സിങ്ങിലും 2008 ൽ മോസ്കോവിൽ നടന്ന റഷ്യൻ ഇന്റർനാഷണൽ ബോക്സിങ്ങിലും 2008 ൽ തന്നെ കാനഡയിൽ നടന്ന മത്സരത്തിലും അവർ സ്വർണം നേടി. 2005 ൽ തന്നെ ലോകചാമ്പ്യൻഷിപ്പിൽ മൂന്നാംസ്ഥാനവും നേടി. 2006 ൽ ലോക വനിതാ ബോക്സിംഗ് ചാമ്പ്യനായി. ബോക്സിങ്ങിൽ ലോകചാമ്പ്യൻഷിപ്പ് നേടുന്ന ആദ്യത്തെ മലയാളി കൂടിയാണ് ലേഖ. മൂന്നുതവണ ലാകചാമ്പ്യൻഷിപ്പിലും മൂന്നുതവണ ഏഷ്യൻചാമ്പ്യൻഷിപ്പിലും പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. 2007 ൽ കേരളത്തിലെ ഏറ്റവും നല്ല കായിക താരത്തിനുള്ള ജി. വി. രാജ അവാർഡ് ലഭിച്ചു.

2012 ൽ കളിയിൽ നിന്ന് പിന്മാറിയ ലേഖയ്ക്ക് ഭാവിയെക്കുറിച്ച് വ്യക്തമായ ലക്ഷ്യങ്ങളുണ്ട്.



'പുതിയ ബോക്സിങ് തലമുറയെ വാർത്തെടുക്കണം. കണ്ണൂരിൽ തന്നെ മികച്ച ഒരു ബോക്സിങ് അക്കാദമി സ്ഥാപിക്കണമെന്നുണ്ട്' ലേഖ പറഞ്ഞു. അതിനായി പട്യാലയിൽ നിന്ന് കോച്ചിങ്ങിൽ ഡിഗ്രിയെടുത്തു.

ധ്യാൻചന്ദ് പുരസ്കാരം ഇടിക്കൂട്ടിന്റെ വിസ്മയമായിരുന്ന കെ. സി. ലേഖയെത്തേടിയെത്തുമ്പോൾ അത് കണ്ണൂരിലെ പെരുമ്പടവിനു കൂടി സുവർണശോഭ പരത്തുന്നു. 'പത്തു തവണ പരിഗണിക്കപ്പെട്ടെങ്കിലും അർജുന അവാർഡ് നിഷേധിക്കപ്പെട്ടതിൽ ചെറിയ വിഷമമുണ്ട്. എങ്കിലും ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ ധ്യാൻചന്ദ് പുരസ്കാരം ലഭിച്ചതിൽ വളരെയധികം സന്തോഷമുണ്ട്' കെ.സി.ലേഖ പറഞ്ഞു. പെരുമ്പടവ് കരിപ്പാലിന് സമീപം ചാത്തമംഗലം സ്വദേശിയാണ് കെ.സി.ലേഖ. പെരുമ്പടവ് കരിപ്പാലിൽ എം.വി.ഗോവിന്ദൻ നമ്പ്യാരുടെയും കെ.സി.രോഹിണിയുടെയും മകളാണ്. തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിലെ ഡിവൈ.എസ്.പി. കരുണാകരനാണ് ഭർത്താവ്. കരുൺജിത്ത് നമ്പ്യാർ, കീർത്തന നമ്പ്യാർ എന്നിവർ മക്കളാണ്.

സെക്രട്ടേറിയറ്റിൽ ധനകാര്യവകുപ്പിൽ അക്കൗണ്ട്സ് ഓഫീസറാണ് ഇപ്പോൾ ധ്യാൻചന്ദ് കെ.സി. ലേഖ.

അപാരമായ മനക്കരുത്തിന്റേയും കായിക ശേഷിയുടേയും സിദ്ധികളുള്ളയാളാണ് കെ. സി. ലേഖ.ഒടുവിൽ അർഹിച്ച അംഗീകാരം തേടിയെത്തുമ്പോൾ മലയാളികൾക്കു മുഴുവൻ അതുമധുരതരമാണ്. പിൻതലമുറയ്ക്കുള്ള പ്രേ ാത്സാഹനവും ആവേശ വുമാണ്. അതോടൊപ്പം ലേഖയിലെ കായിക താരത്തെ കണ്ടെത്തിയ സെബാസ്റ്റ്യൻ ജോൺ, പി. കെ. ജഗന്നാഥൻ എന്നീ കായികാധ്യാപകർ തീർച്ചയായും നമ്മുടെ ആദരവ് അർഹിക്കുന്നു. കല്ലിനുള്ളിൽ ഒരു ശിൽപ മുണ്ടെന്ന് കണ്ടെത്താൻ ഒരു ശിൽപ്പിക്കേ കഴിയൂ. അതുപേ ാലെ ലേഖയിൽ ഒരു ലോകോത്തര കായിക താരമുണ്ടെന്നു കണ്ടെത്തിയ പരിചയസമ്പന്നരായ, ദീർഘവീക്ഷണമുള്ള രണ്ട് കായികാധ്യാപരും അഭിനന്ദന മർഹിക്കുന്നു.

മലയാളത്തിന്റെ സുവർണ്ണ താരത്തിന് മലങ്കര നാദം കുടുംബത്തിന്റെ അഭിനന്ദനങ്ങൾ!

www.malankaralibrary.com



## ധ്യാൻചന്ദ് ആരാണ്?

ഓരോ ഭാരതീയനും അഭിമാനത്തോടെ ഓർമ്മിക്കേണ്ട ഒരു കായിക താരമാണ് ധ്യാൻചന്ദ്. ക്രിക്കറ്റിലെ ദൈവം എന്ന് സാക്ഷാൽ ബ്രാഡ്മാനേയും സച്ചിനെയുമൊക്കെ നമ്മൾവിളിക്കുന്നതു പോലെ ഹോക്കിയിൽ ഒരു ദൈവമുണ്ടെങ്കിൽ അത് ധ്യാൻചന്ദാണ്.

1905 ആഗസ്റ്റ് 29 ന് അഹമ്മദാബാദിലെ ഒരു രജപുത്ര കുടുംബത്തിലാണ് ധ്യാൻചന്ദ് ജനിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹം ബ്രിട്ടീഷ് ഇന്ത്യയുടെ ആർമി യിൽ ചേർന്നു. ആർമിയിൽ ചേർന്ന ശേഷം അദ്ദേഹം ആർമിയുടെ ഹോക്കിടീമിൽ അംഗമായി. അതിനു ശേഷമാണ് അദ്ദേഹം ഹോക്കി ഗൗരവമായെടുക്കുന്നത്.അദ്ദേഹത്തിന്റെ ശരിക്കുള്ള പേര് ധ്യാൻ സിംഗ് എന്നായിരുന്നു. രാത്രി നിലാവെളിച്ചത്തിലൊക്കെ പ്രാക്ടീസ് ചെയ്തിരുന്ന അദ്ദേഹത്തെ ചന്ദ്രനോടുപമിച്ച് കൂട്ടുകാരാണ് അദ്ദേഹത്തെ ധ്യാൻചന്ദ് എന്നു വിളിക്കാൻ തുടങ്ങിയത്.

1935 ൽ ഓസ്ട്രേലിയൻ പര്യടനത്തിനിടയിൽ ക്രിക്കറ്റ് ഇതിഹാസം ഡോൺ ബ്രാഡ്മാൻധ്യാൻചന്ദിനെ കണ്ടുമുട്ടിയതായി പറയപ്പെടുന്നു. ക്രിക്കറ്റിൽ റൺസ് നേടുന്നത ുപോലെയാണ് അദ്ദേഹം ഹോക്കിയിൽ ഗോളുകൾ നേടുന്നത് എന്ന് ബ്രാഡ്മാൻ അഭിപ്രായപ്പെട്ടത്രേ.

ധ്യാൻചന്ദിന്റെമാസ്മരിക പ്രകടനത്തിൽ ആകൃഷ്ടനായ ഹിറ്റ്ലർ അദ്ദേഹത്തെ ജർമനി യിലേക്കു ക്ഷണിച്ചതായും സൈന്യത്തിൽ ഉയർന്ന പദവി വാഗ്ദാനം ചെയ്തതായും പറയപ്പെടുന്നു. എന്നാൽ രാജ്യസ്നേഹിയായ ധ്യാൻചന്ദ് വളരെ സ്നേഹപൂർവ്വം ആ ക്ഷണം നിരസിക്കുകയാണുണ്ടായത്.

1956 ൽ മേജർ പദവിയിൽ അദ്ദേഹം വിരമിച്ചു. അതേ വർഷം ഭാരതം അദ്ദേഹത്തിന് ഉയർന്ന സിവിലിയൻ ബഹുമതിയായ പദ്മഭൂഷൺ നൽകി ആദരിച്ചു. 1979 ൽ അദ്ദേഹം അന്തരിച്ചു.

ധ്യാൻചന്ദിന്റ നേട്ടങ്ങൾ കണ്ട് ലോകം മുഴുവൻ അദ്ദേഹത്തെ വിളിച്ചത് ഹോക്കി മാന്ത്രികൻ എന്നാണ്. പക്ഷെ യാഥാർത്ഥത്തിൽ അദ്ദേഹം മാന്ത്രികനൊന്നുമല്ല; വെറുമൊരു മനുഷ്യനാണ്. എന്നെയും നിങ്ങളെയും പോലെ ഒരു മനുഷ്യൻ.

www.malankaralibrary.com



ബത്തേരി രൂപതയിലെ വൈദികർക്കായി
പുതുതായി  പണികഴിപ്പിച്ച വൈദിക വിശ്രമകേന്ദ്രം

www.malankaralibrary.com

RHYTHM OF FAITH
Registered
KERMAL 15375/11/1/2013-TC
Ministry of Information and Broadcasting

Published by The Chairman, Media Commission, Diocese of Bathery
Catholic Bishops House, Sulthan Bathery, Wayanad, Kerala,
Email: frphilipbty@gmail.com